34th Year of Service 2026

NOT OUR MERIT BUT HIS GRACE · KERALA EXPRESS

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

September 21, 2026 Vol. XXXIV No. 38

3 ലോക കേരളസഭ തുടരില്ലെന്ന് മുഖ്യമന്ത്രി

10 ടോമിൻ തച്ചങ്കരിക്ക് കഠിന തടവും പിഴയും

11 ബേബി ഊരാളിലിന് തിയോളജിയിൽ ഡിപ്ലോമ

15 ചിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ്

22 കാത്തലിക് കോൺഗ്രസ് ഗ്ലോബൽ മീറ്റ്




ഹൂസ്റ്റണിൽ സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ് നല്കിയ സ്വീകരണത്തിന് മറുപടി പറഞ്ഞുകൊണ്ട് ജോസ് കെ. മാണി എംപി പ്രസംഗിക്കുന്നു. സോണി ആലപ്പാട്ട്, നിഷാ ജോസ് കെ. മാണി, ബേബി മണക്കുന്നേൽ, ജോമോൻ ഇടയാടിയിൽ, പ്രസിഡണ്ട് ഡോ. ജോർജ് കാക്കനാട്ട്, ശശിധരൻ നായർ, തോമസ് ചെറുകര, മേയർ കെൻ മാത്യു എന്നിവരാണ് വേദിയിൽ. (വാർത്ത 13-ാം പേജിൽ)

## ഏഷ്യൻ ഗെയിംസ് ഷൂട്ടിംഗിൽ മെഡൽ നേടുന്ന ആദ്യ മലയാളിയായി വിദർശ കെ. വിനോദ്



വനിതകളുടെ 10 മീറ്റർ എയർ റൈഫിളിൽ വെള്ളി നേടിയ വിദർശ കെ. വിനോദ് മെഡലുമായി

ജപ്പാൻ: ഏഷ്യൻ ഗെയിംസിലെ ഇന്ത്യൻ കുതിപ്പിനു മലയാളിപ്പുഞ്ചിരിയോടെ തുടക്കം. കോഴിക്കോട്ടുകാരി വിദർശ കെ. വിനോദ് ഉൾപ്പെടുന്ന ഇന്ത്യൻ ടീം 10 മീറ്റർ എയർ റൈഫിൾ വിഭാഗത്തിൽ വെള്ളി നേടി. 10 മീറ്റർ എയർ റൈഫിൾ വ്യക്തിഗത ഇനത്തിൽ തമിഴ്നാട്ടുകാരി ഇളവേനിൽ വാളറിവനും വെള്ളി നേടി. ഇതോടെ, ഏഷ്യൻ ഗെയിംസിൽ സെപ്റ്റംബർ 20-ന് ഇന്ത്യയുടെ മെഡൽ നേട്ടം രണ്ടായി. വിദർശ, ഇളവേനിൽ എന്നിവർക്കൊപ്പം മഹാരാഷ്ട്രയിൽനിന്നുള്ള സോനം ഉത്തം മസ്കറാണ് ടീം വിഭാഗത്തിൽ വെള്ളി നേടിയ ഇന്ത്യൻ സംഘത്തിലുണ്ടായിരുന്നത്. ഈ വിഭാഗത്തിൽ ചൈനയ്ക്കാണു സ്വർണം.

കോഴിക്കോട് തിരുവമ്പാടി എലഞ്ഞിക്കൽ കൊച്ചാലുങ്കൽ കെ.ഡി. വിനോദിന്റെയും അനിതയുടെയും മകളാണു വിദർശ. ഷൂട്ടിങ് താരവും കോച്ചുമായ മനു എസ്. രവിയാണു ഭർത്താവ്. 26-ന് 50 മീറ്റർ എയർ റൈഫിൾ 3 പൊസിഷനിനും വിദർശ മത്സരിക്കുന്നുണ്ട്. ഏഷ്യൻ ഗെയിംസ് ഷൂട്ടിങ്ങിൽ മെഡൽ നേടുന്ന ആദ്യ മലയാളി വനിതയാണു വിദർശ. 2006 ദോഹ ഏഷ്യൻ ഗെയിംസിൽ മലയാളി പി.ടി. രഘുനാഥ് ഉൾപ്പെടുന്ന പുരുഷ ടീം 10 മീറ്റർ എയർ റൈഫിളിൽ വെങ്കലം നേടിയിരുന്നു.

വനിതാ ട്വന്റി20 ക്രിക്കറ്റിന്റെ സെമിഫൈനലിൽ, ബംഗ്ലദേശിനെതിരെ 114 റൺസ് ജയവുമായി ഫൈനലിൽ കടന്ന ടീം ഇന്ത്യ മെഡൽ ഉറപ്പിച്ചു. അപരാജിത സെഞ്ചുറിയുമായി റെക്കോർഡിട്ട ഷെഫാലി വർമയാണ് (49 പന്തിൽ 100 നോട്ടൗട്ട്) ഇന്ത്യൻ ജയം ഉറപ്പാക്കിയത്. ഫൈനലിൽ ശ്രീലങ്കയാണ് എതിരാളികൾ. വനിതകളുടെ മിക്സഡ് മാർഷ്യൽ ആർട്സിൽ (എംഎംഎ) സെമിഫൈനലിൽ കടന്ന ഇന്ത്യയുടെ സൂചിക തര്യാലും മെഡലുറപ്പാക്കിയിട്ടുണ്ട്. അതേസമയം, എംഎംഎയിൽ ഇന്ത്യയുടെ മെഡൽ പ്രതീക്ഷയായിരുന്ന വരുൺ സന്യാൽ ആരോഗ്യ പ്രശ്നങ്ങൾ കാരണം മത്സരത്തിൽനിന്നു പിന്മാറി.

## മഴക്കെടുതി; കേരളത്തിൽ ആറു മരണം

കോട്ടയം: കേരളത്തിൽ ഒരിടവേളയ്ക്കുശേഷം മഴയെത്തിയപ്പോൾ ഒഴുക്കിൽപ്പെട്ടും മണ്ണിടിഞ്ഞും ആറുപേർ മരിച്ചു. നാലുപേരെ കാണാതായി.



മലപ്പുറം പൂക്കോട്ടുംപാടം കോട്ടപ്പുഴയിൽ സെപ്റ്റംബർ 20-ന് ഞായറാഴ്ച വൈകിട്ട് അഞ്ചോടെ പെട്ടെന്നുണ്ടായ മലവെള്ളപ്പാച്ചിലിൽപ്പെട്ടാണ് രണ്ടുപേർ മരിച്ചത്. ഒരു സ്ത്രീയടക്കം നാലുപേരെ കാണാതായി. മരിച്ചവർ വിനോദസഞ്ചാരികളാണെന്ന് കരുതുന്നു. മങ്ങാടൻ ബസ് ഉടമ കോട്ടക്കൽ മങ്ങാടൻ ഹമീദിന്റെ മകൻ അനസ് (31) ആണ് മരിച്ച ഒരാൾ. രണ്ടാമത്തെയാളെ തിരിച്ചറിഞ്ഞിട്ടില്ല. കരുവാരക്കുണ്ട് സ്വദേശി റഹീം (35), വണ്ടൂർ സ്വദേശി റഹീം (35), വണ്ടൂർ സ്വദേശി സജാദ് (23), വണ്ടൂർ ചെട്ടിയാറമ്മൻ കുറുപ്പത്ത് റഫീഖ് (41), ടി.കെ. കോളനി വെളുത്തേടത്ത് (ശേഷം 34-ാം പേജിൽ)


SUNNY FINANCIAL STRATEGIES
Forbes 2026 BEST-IN-STATE FINANCIAL SECURITY PROFESSIONALS
MDRT
CFP
RETIRE WITH CONFIDENCE.
BUILD WEALTH WITH PURPOSE.
Integrated financial planning for retirees, pre-retirees, professionals, executives, and business owners.
ONE RELATIONSHIP • ONE PLAN • GREATER CLARITY
Tom Sunny, CFP®, CLU®, RICP®
Financial Planner & Wealth Advisor
COMPREHENSIVE FINANCIAL PLANNING
Six Key Planning Areas. One Coordinated Strategy.
Retirement & Financial Planning
Cash-flow planning • Social Security • Medicare • RMDs
Build a sustainable, tax-aware retirement income plan
Tax-Smart Planning Strategies
Roth conversions • tax diversification • capital-gain planning
Qualified plan deductions, withdrawal sequencing and CPAs
Wealth & Investment Management
Stocks • ETFs • mutual funds • bonds • advisory portfolios
Alternatives, hybrid annuities, retirement optimization
Business & Executive Planning
Solo 401(k) • SEP IRA • cash balance • defined benefit
Executive benefits, succession and continuity planning
401(k), IRA & Pension Rollovers
401(k) • 403(b) • 457(b) • TSP • pensions • IRAs
Consolidate and gain investment and distribution flexibility
Estate, Legacy & Protection Planning
Wills • trusts • life • disability • long-term care
Health & financial POAs, liquidity and wealth transfer
Plan Strategically. Invest Intentionally. Retire Confidently. Leave a Legacy.
COMPLIMENTARY FINANCIAL STRATEGY REVIEW
Identify gaps. Prioritize opportunities.
Gain access to your financial planning portal.
847-585-4931 | tom@sunnyfinancial.com
www.SunnyFinancial.com
SCAN TO CONNECT


Secure Tax Services
DBA SMALL BUSINESS ACCOUNTING LLC
Personal and Business Tax Services
Free Electronic Filling
TINO SIMON MUNDAPLACKIL
Phone: 630-635-3615
E-mail:tino@greatwaysinc.com
1001 E Chicago Ave, Suite 151
Naperville, IL 60540


MILLION DOLLAR ADVOCATES FORUM
LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# ലോക കേരളസഭ തുടരില്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ലോക കേരള സഭ തുടരില്ലെന്ന നിലപാടിൽ മാറ്റമില്ലെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ. ലോക കേരളസഭ തുടരില്ലെന്നത് യുഡിഎഫിന്റെ രാഷ്ട്രീയ തീരുമാനമാണ്. അതിലൊരു മാറ്റവുമില്ല. എൽഡിഎഫ് സർക്കാരിന്റെ കാലത്ത് നടത്തിയതുപോലെ ലോക കേരളസഭ സംഘടിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലില്ല. ലോക കേരളസഭയുടെ ആറാമത് എഡിഷന് സർക്കാർ ഒരു രൂപ പോലും വകയിരുത്തിയിട്ടില്ലെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ലോക കേരളസഭ സെക്രട്ടേറിയറ്റിനു നിലവിൽ ഓഫീസുണ്ട്. അവിടുത്തെ ഭരണച്ചെലവിനും നോർക്ക വഴി നടത്തുന്ന ബിസിനസ് ലീഡർഷിപ്പ് മീറ്റ് ഉൾപ്പെടെയുള്ള പരിപാടികൾക്കും മാത്രമാണ് തുക അനുവദിച്ചിരിക്കുന്നത്. പ്രവാസി ക്ഷേമ പദ്ധതികൾ സർക്കാരിന്റെ പ്രഥമ പരിഗണനയിലുള്ള വിഷയമാണ്. അത്തരം നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കും കൂടിയാണ് തുക അനുവദിച്ചിരിക്കുന്നതെന്നും മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ലോക കേരളസഭ പ്രവാസികളെ പല തട്ടിലാക്കുന്നതാണെന്നും ഇതിന്റെ പേരിൽ ധൂർത്താണ് നടക്കുന്നതെ



ന്നുമുള്ള വിമർശനമാണ് നേരത്തെ യുഡിഎഫിനുണ്ടായിരുന്നത്.

രണ്ടു വർഷത്തിലൊരിക്കലുള്ള സഭ അക്കാരണം ചൂണ്ടിക്കാട്ടി ബഹിഷ്കരിച്ചിരുന്നു. ഒരു സാമ്പത്തികവർഷം 2 കോടി രൂപയാണ് പ്രവർത്തന ച്ചെലവ്.

# യുപിഐ ഇടപാടുകൾക്ക് സൗജന്യം തുടരും

തിരുവനന്തപുരം: യുപിഐ ഇടപാടുകൾ ഉപഭോക്താക്കൾക്ക് തുടർന്നും സൗജന്യമായിരിക്കുമെന്ന് നാഷണൽ പേമെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ). കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കും പണം അയയ്ക്കുന്നതിനും കടകളിലും പ്രാദേശിക വിപണികളിലും തെരുവുകച്ചവടക്കാരുടെ ക്യൂആർ കോഡ് വഴിയുള്ള പേയ്മെന്റുകളിലും ഉപഭോക്താക്കളിൽ നിന്ന് ഫീസ് ഈടാക്കില്ല. വ്യാപാരികളും ഫീസ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാൻ പാടില്ലെന്നും എൻപിസിഐ അറിയിച്ചു.

രണ്ടായിരം രൂപ വരെയുള്ള എല്ലാ യുപിഐ വ്യാപാര ഇടപാടുകൾക്കും മർച്ചന്റ് ഡിസ്കൗണ്ട് റേറ്റ് (എംഡിആർ) ഈടാക്കില്ല. ഇതോടെ വ്യാപാരികളുടെ 96 ശതമാനം ഇടപാടുകളും സൗജന്യമായി തുടരും. തെരുവുകച്ചവടക്കാർ, ചെറുകിട കടകൾ തുടങ്ങിയവർക്ക് ക്യൂആർ കോഡ് വഴി ബാങ്ക് അക്കൗണ്ടിലേക്ക് പ്രതിമാസം ഒരു ലക്ഷം രൂപ വരെ ലഭിക്കുന്ന ഇടപാടുകൾക്കും എംഡിആർ ഉണ്ടാകില്ല. രണ്ടായിരം രൂപയ്ക്കു മുകളിലുള്ള യോഗ്യമായ വ്യാപാര ഇടപാടുകൾക്ക് 0.4 ശതമാനം എംഡിആർ ഈടാക്കും.

ഇന്ധനം, വിദ്യാഭ്യാസം, ഇൻഷ്വറൻസ്, റെയിൽവേ, ടെലികോം, വൈദ്യുതി, വെള്ളം, പൈപ്പ് വഴി ലഭിക്കുന്ന പ്രകൃതിവാതകം തുടങ്ങിയ ആവശ്യ സേവനങ്ങൾക്ക് 2000 രൂപയ്ക്കു മുകളിലുള്ള പേമെന്റുകളിൽ ഒരുഇടപാടിന് അഞ്ച് രൂപ എന്ന ഏകീകൃത എംഡിആർ ആയിരിക്കും. രണ്ടായിരം രൂപയിൽ താഴെയുള്ള പേമെന്റുകൾക്ക് ഇവിടെയും എംഡിആർ ഈടാക്കില്ലെന്നും എൻപിസിഐ അറിയിച്ചു.

# ഇന്ത്യയുടെ ഓസ്കർ എൻട്രിയായി മറാഠി ചിത്രം ഗോന്ധൽ

മുംബൈ: ഓസ്കർ പുരസ്കാരങ്ങളിൽ പരിഗണിക്കപ്പെടാനുള്ള ഇന്ത്യയുടെ ഔദ്യോഗിക എൻട്രിയായി മറാഠി ചിത്രം ഗോന്ധൽ. സന്തോഷ് ദവഖാർ രചനയും സംവിധാനവും നിർ



വഹിച്ച ചിത്രം ഗ്രാമീണ മഹാരാഷ്ട്ര പശ്ചാത്തലമാക്കുന്ന ഒന്നാണ്. 99-ാമത് അക്കാദമി അവാർഡ്സിൽ മികച്ച അന്തർദേശീയ ഫീച്ചർ ചിത്രത്തിനുള്ള വിഭാഗത്തിലേക്കാണ് ഗോന്ധൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്നത്. 33 ചിത്രങ്ങളിൽ നിന്നാണ് ഗോന്ധൽ അന്തിമമായി തെരഞ്ഞെടുക്കപ്പെട്ടതെന്ന് സെലക്ഷൻ കമ്മിറ്റി ചെയർപേഴ്സൺ പി. ശേഷാദ്രി അറിയിച്ചു.

മലയാളത്തിൽ നിന്ന് ബാലൻ ദ ബോയും പരിഗണനയ്ക്കെത്തിയിരുന്നു. 2025-ൽ ഗോവയിൽ നടന്ന ഇന്ത്യയുടെ 56-ാമത് അന്തർദ്ദേശീയ ചലച്ചിത്രമേളയിൽ ഇന്ത്യൻ പനോരമ വിഭാഗത്തിൽ വേൾഡ് പ്രീമിയർ നടത്തിയ ചിത്രമാണ് ഗോന്ധൽ.

മേളയിൽ മികച്ച സംവിധായകനുള്ള രജത മയൂരം സന്തോഷ് ദവഖാർ നേടിയിരുന്നു. ഗ്രാമീണ മഹാരാഷ്ട്രയിലെ ഒരു നൃത്തകലയാണ് ഗോന്ധൽ. വിവാഹജീവിതത്തിൽ അടിച്ചമർത്തൽ നേരിടുന്ന സുമൻ എന്ന യുവതിയാണ് ചിത്രത്തിലെ കേന്ദ്രകഥാപാത്രം.

# അഫ്ഗാനിസ്ഥാനിൽ പാക് വ്യോമാക്രമണം; മൂന്നു പേർ കൊല്ലപ്പെട്ടു

കാബൂൾ: പശ്ചിമേഷ്യൻ പ്രതിസന്ധികൾക്കിടയിൽ അയൽരാജ്യങ്ങളായ പാക്കിസ്ഥാനും അഫ്ഗാനിസ്ഥാനും തമ്മിലുള്ള സൈനികസംഘർഷം വീണ്ടും യുദ്ധഭീതിയിലേക്ക്. വടക്കു കിഴക്കൻ അഫ്ഗാനിസ്ഥാന്റെ അതിർത്തി പ്രവിശ്യയായ കുനാർ ലക്ഷ്യമാക്കി പാക്കിസ്ഥാൻ നടത്തിയ മാരകമായ വ്യോമാക്രമണത്തിൽ മൂന്നു പേർ കൊല്ലപ്പെടുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്തതായി ഔദ്യോഗിക കേന്ദ്രങ്ങളെ ഉദ്ധരിച്ച് അഫ്ഗാൻ മാധ്യമമായ ടൊളൊ ന്യൂസ് റിപ്പോർട്ട് ചെയ്തു.

വടക്കു പടിഞ്ഞാറൻ പാക്കിസ്ഥാനിലെ പോലീസ് സ്റ്റേഷനു നേരെ അടുത്തിടെയുണ്ടായ ബോംബാക്രമണത്തിനു പ്രതികാരമായാണ് പാക് സൈന്യത്തിന്റെ പുതിയ നീക്കമെന്നാണ് വിവരം. ഫെബ്രുവരിയിൽ ഇരുരാജ്യങ്ങളും തമ്മിൽ സമീപകാലത്തെ ഏറ്റവും വലിയ അതിർത്തിയുദ്ധം നടന്നിരുന്നു. ഇതിനുശേഷം സാഹചര്യം ശാന്തമായി വരികയായിരുന്നു. തങ്ങളുടെ പരമാധികാരത്തിന്മേൽ പാക്കിസ്ഥാൻ വീണ്ടും കടന്നുകയറിയാൽ കടുത്ത സൈനിക തിരിച്ചടി ഉണ്ടാകുമെന്ന് താലിബാൻ ഭരണകൂടം മുന്നറിയിപ്പ് നല്കിയതിനു തൊട്ടു പിന്നാലെയാണ് പുതിയ വ്യോമാക്രമണം.

ആക്രമണം നടക്കുന്നതിനു തൊട്ടു മുൻപ് താലിബാൻ ഔദ്യോഗിക വക്താവ് സബീഹുല്ല മുജാഹിദ് അഫ്ഗാൻ മണ്ണിൽ വ്യോമാക്രമണം നടത്തരുതെന്ന് പാക്കിസ്ഥാന് കർശന മുന്നറിയിപ്പ് നല്കിയിരുന്നു. അൽ അറേബ്യ ഇംഗ്ലീഷ് മാധ്യമത്തിനു നല്കിയ പ്രത്യേക അഭിമുഖത്തിൽ അഫ്ഗാനിസ്ഥാൻ കേന്ദ്രീകരിച്ച് ഭീകരർ പാക്കിസ്ഥാനെതിരെ പ്രവർത്തിക്കുന്നുണ്ടെന്ന പാക് സൈന്യത്തിന്റെ ആരോപണങ്ങൾ അദ്ദേഹം പൂർണ്ണമായി തള്ളിക്കളഞ്ഞു.

പാക്കിസ്ഥാനുമായി യുദ്ധത്തിനില്ലെന്നും ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കാൻ തയ്യാറാണെന്നും സബീഹുല്ല മുജാഹിദ് പറഞ്ഞു. അതിർത്തിയിലെ സുരക്ഷ ഉറപ്പാക്കാൻ ഇരുരാജ്യങ്ങളും തമ്മിൽ കൃത്യമായ രഹസ്യാന്വേഷണ വിവരങ്ങൾ പങ്കുവെക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇരുരാജ്യങ്ങളുമായും നല്ല രീതിയിൽ നയതന്ത്രബന്ധം പുലർത്തുന്ന സൗദി അറേബ്യ അതിൽ മദ്ധ്യസ്ഥത വഹിക്കണമെന്നും അദ്ദേഹം പറഞ്ഞു.

# പുതിയ വ്യവസ്ഥയിൽ ഹെലിക്കോപ്ടർ വാടക

തിരുവനന്തപുരം: പോലീസിനായി നിശ്ചിത മാസവാടക നിരക്കിൽ ഹെലികോപ്ടർ ഉപയോഗിക്കുന്ന രീതിയിൽ മാറ്റം വരുത്തുന്നത് സർക്കാരിന്റെ പരിഗണനയിൽ. ഹെലിക്കോപ്റ്ററിന്റെ നിലവിലെ മൂന്നു വർഷ കരാർ കാലാവധി അവസാനിച്ചിരുന്നു. ഉപയോഗിച്ചാലും ഇല്ലെങ്കിലും പ്രതിമാസം 80 ലക്ഷം രൂപ വാടക നല്കുന്നതിനു പകരം ഉപയോഗത്തിനനുസരിച്ചു മാത്രം പണം നല്കുന്ന വ്യവസ്ഥയാണ് ആലോചനയിലുള്ളത്. ഹെലിക്കോപ്റ്റർ കമ്പനിയും ഈ നിർദേശം മുന്നോട്ടു വെച്ചതായാണ് വിവരം. മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും വരും ദിവസങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്യും. നിലവിലെ വാടകനിരക്കിൽ കരാർ പുതുക്കേണ്ടതുണ്ടോ എന്ന കാര്യമാണ് പരിശോധിക്കുക.

സ്വകാര്യ കമ്പനിയായ ചിപ്സൺ ഏവിയേഷനാണ് കഴിഞ്ഞ മൂന്നു വർഷം ഹെലിക്കോപ്ടർ സേവനം ലഭ്യമാക്കിയത്. ഒരു മാസം 25 മണിക്കൂർ പറക്കുന്നതിനുള്ള നിരക്കാണ് 80 ലക്ഷം രൂപ. കൂടുതൽ പറന്നാൽ ഓരോ മണിക്കൂറിനും അധികതുക നല്കണം. പറന്നാലും ഇല്ലെങ്കിലും 80 ലക്ഷം രൂപ നല്കണമെന്നതായിരുന്നു വ്യവസ്ഥ. സാധാരണനിലയിൽ പ്രതിമാസം 25 മണിക്കൂർ ഹെലിക്കോപ്ടർ ഉപയോഗിക്കാറില്ല. ഈ സാഹചര്യത്തിൽ അത്രയും തുക നല്കേണ്ടതുണ്ടോ എന്നാണ് സർക്കാരിന്റെ ചിന്ത. ഹെലിക്കോപ്ടർ സേവനം നല്കുന്ന മറ്റു കമ്പനികളെയും സർക്കാർ പരിഗണിക്കും.

അടിയന്തര സാഹചര്യങ്ങളിൽ മുഖ്യമന്ത്രി, മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ യാത്ര, പ്രകൃതി ദുരന്തങ്ങളിലെ രക്ഷാപ്രവർത്തനം, മാവോയിസ്റ്റ് വേട്ട, ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ടുള്ള അടിയന്തര യാത്രകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി എൽഡിഎഫ് സർക്കാരിന്റെ കാലത്താണ് ഹെലിക്കോപ്ടർ വാടകയ്ക്കെടുത്തത്. സംസ്ഥാനത്തിന്റെ പക്കൽ സ്ഥിരം ഹെലിക്കോപ്ടർ വേണമെന്നാണ് സർക്കാരിന്റെ നിലപാട്. അല്ലാത്തപക്ഷം അത്യാവശ്യ ഘട്ടങ്ങളിൽ ലഭ്യമാകണമെന്നില്ല. ആവശ്യം വരുമ്പോൾ ലഭ്യമായ ഏതെങ്കിലും സർവീസ് ഉപയോഗിച്ചാൽ സുരക്ഷ ഉൾപ്പെടെയുള്ള പ്രശ്നങ്ങളും വരാം.

# മക്കയിലെ ഷെയ്ഖ് ഇബ്രാഹിം അന്തരിച്ചു

മക്ക: മക്കയിലെ മസ്ജിദുൽ ഹറമിലെ മുഅദ്ദീനായ ഷെയ്ഖ് ഇബ്രാഹിം അൽമദനി അന്തരിച്ചു. രോഗബാധയെ തുടർന്ന് ചികിത്സയിലായിരുന്ന അദ്ദേഹം 21-ന് പുലർച്ചെ ബാങ്കുവിളി പൂർത്തിയാക്കി ഏതാനും മണിക്കൂറുകൾക്കകം അന്ത്യം സംഭവിക്കുകയായിരുന്നു.

# മുൻ സർക്കാരിനെതിരെ ആന്റോയുടെ മൊഴി

തിരുവനന്തപുരം: മെസ്സിയടക്കം അർജന്റീന ഫുട്ബോൾ ടീമിനെ കേരളത്തിൽ എത്തിക്കാനെന്ന പേരിൽ തന്നെ കോടികളുടെ സാമ്പത്തിക തട്ടിപ്പിൽ മുൻ സർക്കാർ തന്നെ പ്രതിക്കൂട്ടിലാക്കിയതായി കേസിലെ ഒന്നാം പ്രതി ആന്റോ അഗസ്റ്റിന്റെന്റെമൊഴി. മുൻ സർക്കാരിൽ കായിക മന്ത്രിയായിരുന്ന വി. അബ്ദുറഹ്മാനെ ചോദ്യം ചെയ്യാൻ പ്രത്യേക അന്വേഷണസംഘം ഉടൻ നോട്ടീസ് നല്കുമെന്ന് അറിയുന്നു. മൊഴി തൃപ്തികരമല്ലെങ്കിൽ അറസ്റ്റുണ്ടായേക്കും.

മെസിയെ എത്തിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ കാര്യവും തീരുമാനിച്ചതും പദ്ധതി ആസൂത്രണം ചെയ്തതും സർക്കാർ ആയിരുന്നെന്നാണ് റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനി (ആർബിസി) മേധാവി ആന്റോ ആഗസ്റ്റിൻ ജിഎസ്ടി വകുപ്പിൽ നല്കിയിരിക്കുന്ന മൊഴി.

കേസിൽ ആർബിസി രണ്ടാം പ്രതിയാണ്. സ്പോൺസറാകാൻ സർക്കാർ പ്രതിനിധികൾ തന്നെ സമീപിക്കുകയായിരുന്നെന്നും കഴിഞ്ഞ ഓഗസ്റ്റ് മൂന്നിന് നല്കിയ മൊഴിയിൽ അഗസ്റ്റിൻ വ്യക്തമാക്കി.

അർജന്റീന ടീം കേരളത്തിൽ പ്രദർശനമത്സരം കളിക്കാൻ സമ്മതിച്ചെന്ന് ഔദ്യോഗികമായി അറിയിച്ചതും സർക്കാരാണ്. അന്നത്തെ കായികമന്ത്രി അബ്ദുറഹ്മാൻ സ്പെയിനിൽ പോയി അർജന്റീന ഫുട്ബോൾ അസോസിയേഷൻ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

ആ ചർച്ചയ്ക്കു ശേഷമാണ് അർജന്റീന ടീം കേരളത്തിലെത്താൻ തയ്യാറാണെന്നു സർക്കാർ അറിയിച്ചത്. ഇതേത്തുടർന്നാണ് സർക്കാർ പദ്ധതിയുടെ ഭാഗമായി താൻ സ്പോൺസർഷിപ്പ് ഏറ്റെടുത്തതെന്നും ആന്റോ മൊഴി നല്കി.

മെസിയുടെ പേരിൽ കോടികളുടെ നികുതിവെട്ടിപ്പും ഹവാല ഇടപാടും നടന്നെന്ന എസ്ഐടി കണ്ടെത്തലിന്റെ പശ്ചാത്തലത്തിലാണ് മുൻ സർക്കാരിനെ പ്രതിക്കൂട്ടിലാക്കുന്ന മൊഴി പുറത്തുവന്നത്.

# ചികിത്സാ വസ്തുക്കളിൽ കൊള്ളലാഭമെടുക്കുന്നതായി ആക്ഷേപം

കോട്ടയം: ചികിത്സയ്ക്കുപയോഗിക്കുന്ന വസ്തുക്കൾക്ക് ആശുപത്രികൾ കൊള്ളവില ഈടാക്കുന്നതിൽ ഇടപെടാനൊരുങ്ങി കേന്ദ്രം. പല വസ്തുക്കൾക്കും കൊള്ളലാഭമെടുക്കുന്നുവെന്നു തെളിഞ്ഞതിനെത്തുടർന്നാണ് ദേശീയ ഔഷധ വിലനിയന്ത്രണ സമിതി ഇടപെടുന്നത്. വിശദ റിപ്പോർട്ട് നൽകാൻ കേന്ദ്ര ആരോഗ്യ വകുപ്പ് സമിതിയോടു നിർദേശിച്ചു.

മഹാരാഷ്ട്ര ഫുഡ് ആൻഡ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ (എഫ്ഡിഎ) കമ്മീഷണർ തുക്കാറാം മുണ്ഡേയുടെ നേതൃത്വത്തിൽ നടത്തിയ സർവേയിലാണു കൊള്ളലാഭം തെളിഞ്ഞത്. സംഭരണ വിലയും രോഗികൾക്കു നൽകുന്ന വിലയും തമ്മിൽ ഞെട്ടിക്കുന്ന അന്തരം കണ്ടെത്തി. ചില ആശുപത്രികളിൽ അധികലാഭം ഈടാക്കിയെന്നാണു സർവേ റിപ്പോർട്ട്. 11.05 രൂപയ്ക്കു വാങ്ങിയ ഐ.വി.സെറ്റിന് രോഗി നൽകേണ്ടി വന്നത് 325 രൂപ. മഹാരാഷ്ട്രയ്ക്കു പുറമേ തമിഴ്നാട്, രാജസ്ഥാൻ, പഞ്ചാബ് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് വിഭാഗങ്ങളും ആശങ്കയുന്നയിച്ച് കേന്ദ്ര ഡ്രഗ്സ് വിഭാഗത്തിന് കത്തു നൽകി. ആശുപത്രി ബില്ലിലെ കൊള്ളലാഭ പ്രവണതയെക്കുറിച്ച് ഉപഭോക്തൃ സംഘടനകളും പൊതുജനാരോഗ്യ പ്രവർത്തകരും ഏറെക്കാലമായി ആക്ഷേപമുന്നയിക്കുന്നുണ്ട്. എന്നാൽ, ഒരു സർക്കാർ സംവിധാനം ഔദ്യോഗികമായി റിപ്പോർട്ട് കൊടുക്കുന്നത് അപൂർവമാണ്. ഹൃദ്രോഗ ചികിത്സയ്ക്കുപയോഗിക്കുന്ന സ്റ്റെന്റ്, കൃത്രിമ അസ്ഥിഘടകങ്ങൾ എന്നിവയെ വില നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. നിലവിലെ നിയമപ്രകാരം അവശ്യ മരുന്നു പട്ടികയിലുള്ളവയുടെ വില മാത്രമേ നിയന്ത്രിക്കാനാകൂ. വ്യാപകമായി ഉപയോഗിക്കുന്നവയെ ഈ പട്ടികയിൽ ഉൾപ്പെടുത്തുക നിയമപരമായി ബുദ്ധിമുട്ടാണ്.

വ്യാപാര കമ്മീഷൻ നിജപ്പെടുത്തുകയാണ് മറ്റൊരു പോംവഴി. ആശുപത്രികൾ സംഭരിക്കുന്ന വിലയും രോഗികൾക്കു നൽകുന്ന വിലയും തമ്മിലുള്ള അന്തരം നിയന്ത്രിക്കുകയാണു മാർഗം. ഔഷധ രംഗത്തുള്ളവരുമായി ചർച്ച ചെയ്ത് പാർലമെന്ററി സമിതി, വ്യാപാര കമ്മീഷൻ 20 ശതമാനമാക്കണമെന്നു ശുപാർശ ചെയ്തിട്ടുണ്ട്. നിയമത്തിലെ പഴുതു മുതലെടുത്തു വൻകിട ആശുപത്രി ശൃംഖലകൾ രോഗികളെ ചൂഷണം ചെയ്യുകയാണെന്ന് വർക്കിങ് ഗ്രൂപ്പ് ഓൺ ആക്സസ് റ്റു മെഡിസിൻ ആൻഡ് ട്രീറ്റ്മെന്റിലെ അഡ്വ. കെ.എം. ഗോപകുമാർ പറഞ്ഞു.

# കലാലയ രാഷ്ട്രീയത്തിന് വിലങ്ങിടാനുള്ള മാർഗരേഖയുമായി കേരള സർവകലാശാല

തിരുവനന്തപുരം: കോളജുകളിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിന് കൂച്ചുവിലങ്ങിടാനുള്ള നീക്കവുമായി കേരള സർവകലാശാല.

കോളജുകളിലോ സർവകലാശാലാ പഠനവിഭാഗങ്ങളിലോ വിദ്യാർത്ഥികൾ ഒരുതരത്തിലുമുള്ള രാഷ്ട്രീയപ്രവർത്തനത്തിലും ഏർപ്പെടരുതെന്നാണ് സിൻഡിക്കേറ്റ് തയ്യാറാക്കിയ കരടുമാർഗരേഖയിലെ നിർദേശം.

പെരുമാറ്റച്ചട്ടലംഘനത്തിന് വിദ്യാർത്ഥികൾക്കു പുറമെ, രാഷ്ട്രീയപ്പാർട്ടികളും പിഴ നൽകേണ്ടിവരും.

കോളജുകളിൽ പ്രിൻസിപ്പലിനും സർവകലാശാലാ കാമ്പസിൽ വി.സിക്കുമാണ് ശിക്ഷാനടപടിക്കുള്ള അധികാരം.

കലാലയങ്ങളിൽ സമാധാനാന്തരീക്ഷം ഉറപ്പാക്കാനുള്ള നടപടി അറിയിക്കാൻ നേരത്തേ ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. തുടർന്ന്, ചാൻസലറായ ഗവർണർ എല്ലാ വൈസ് ചാൻസലർമാർക്കും കത്തയച്ചിരുന്നു.

താക്കീത്, ടി.സി. നൽകി പറഞ്ഞുവിടൽ, സസ്പെൻഷൻ, പുറത്താക്കൽ എന്നിവയാണ് പിഴയില്ലാതെയുള്ള ശിക്ഷ. 5,000 രൂപയാണ് കുറഞ്ഞ പിഴ.

വിദ്യാർത്ഥികൾക്ക് ഏതു രാഷ്ട്രീയപ്പാർട്ടിയുമായാണോ ബന്ധം ആ പാർട്ടിക്ക് 10,000 രൂപയാണ് പിഴ. പിഴയടച്ചില്ലെങ്കിൽ റവന്യൂ റിക്കവറി.

കരടുപെരുമാറ്റച്ചട്ടം ഔദ്യോഗികരേഖയല്ല. എന്നാൽ, കോളജുകളിൽ അച്ചടക്കവും സമാധാനവും ഉറപ്പാക്കാൻ ഹൈക്കോടതിയും ചാൻസലറും നിർദേശിച്ചതനുസരിച്ചുള്ള നടപടിയെടുക്കും- ഡോ. മോഹനൻ കുന്നുമ്മൽ.

രാഷ്ട്രീയാടിസ്ഥാനത്തിലോ രാഷ്ട്രീയപ്പാർട്ടികളുടെ നിർദേശത്തിലോ സമരം പാടില്ല.

രാഷ്ട്രീയത്തിന്റെ ഭാഗമായുള്ള ധർണ, ഉപരോധം തുടങ്ങിയവ പാടില്ല, ക്ലാസ് മുറിയിലോ ഓഫീസിലോ കാമ്പസിനുള്ളിലോ രാഷ്ട്രീയ മുദ്രാവാക്യം പാടില്ല.

ഡിജിറ്റൽ പ്ലാറ്റ്ഫോം വഴിയുള്ള രാഷ്ട്രീയപ്രചാരണമോ സംഘാടനമോ പാടില്ല തുടങ്ങിയവയാണ് മറ്റു നിർദേശങ്ങൾ.


## ഭക്തിസാന്ദ്രമായ ഓർമ്മകളോടെ...



വന്ദ്യനായ ജോസഫ് മണപ്പുറത്തച്ചൻ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരുവർഷം പൂർത്തിയാകുന്ന ഈ വേളയിൽ അദ്ദേഹത്തിന്റെ ദീപ്തമായ സ്മരണകൾക്ക് മുന്നിൽ ഹൂസ്റ്റൺ കമ്മ്യൂണിറ്റിയുടെ ആദരാഞ്ജലികളും പ്രണാമവും അർപ്പിക്കുന്നു.

വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയിൽ അച്ചൻ നല്കിയ വിലമതിക്കാനാവാത്ത സംഭാവനകളും അനേകം ഹൃദയങ്ങളിൽ അദ്ദേഹം പകർന്ന സ്നേഹവും കരുതലും എന്നും ഓർമ്മിക്കപ്പെടും.

അച്ചന്റെ ആത്മാവിന് നിത്യശാന്തി ലഭിക്കട്ടെ. അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും ഞങ്ങൾക്ക് അനുഗ്രഹവും പ്രചോദനവുമായി നിലനിൽക്കട്ടെ.

ഹൂസ്റ്റൺ കമ്മ്യൂണിറ്റിയുടെ സ്നേഹപൂർവമായ പ്രണാമം.


# ഡോ. ഏബ്രഹാം മാർ യൂലിയോസ് കാലം ചെയ്തു

തിരുവല്ല: മലങ്കര കത്തോലിക്ക സഭ മൂവാറ്റുപുഴ രൂപത മുൻ അദ്ധ്യക്ഷൻ ഡോ. ഏബ്രഹാം മാർ യൂലിയോസ് (81) കാലം ചെയ്തു. പുഷ്പഗിരി മെഡിക്കൽ കോളജിലായിരുന്നു അന്ത്യം. കബറടക്ക ശുശ്രൂഷകൾ തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാ ബാവയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

മലങ്കര കത്തോലിക്കാ സഭയിലെ ബിഷപ്പുമാരായ ആർച്ച്ബിഷപ് ഡോ. തോമസ് മാർ കൂറിലോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റം, ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജോസഫ് മാർ തോമസ്, ഡോ. സാമുവൽ മാർ ഐറേനിയസ്, ഡോ. യൂഹാനോൻ മാർ തിയഡോഷ്യസ്, ഡോ. ആന്റണി മാർ സിൽവാനോസ്, തോമസ് മാർ അന്തോണിയോസ്, വിൻസന്റ് മാർ പൗലോസ്, ഗീവർഗീസ് മാർ മക്കാറിയോസ്, മാത്യൂസ് മാർ പക്കോമിയോസ്, തോമസ് മാർ യൗസേബിയോസ്, യൂഹാനോൻ മാർ അലക്സിയോസ് എന്നിവർ സഹകാർമ്മികരായിരുന്നു.



സീറോ മലബാർ സഭയിലെ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, മാർ തോമസ് തറയിൽ, മാർ ബോസ്കോ പുത്തൂർ, ഓർത്തഡോക്സ് സഭയിലെ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, യാക്കോബായ സഭയിലെ മാത്യൂസ് മാർ അന്തിമോസ്, ആലപ്പുഴ രൂപത മെത്രാൻ ബിഷപ് ജെയിംസ് ആനാപറമ്പിൽ, മാർത്തോമ്മാ സഭയിലെ ഡോ. ജോസഫ് മാർ ഇവാനിയോസ്, മാത്യൂസ് മാർ സെറാഫിം, കോട്ടയം രൂപത സഹായമെത്രാൻ ഗീവർഗീസ് മാർ അപ്രേം, ബിലിവേഴ്സ് ഈസ്റ്റേൺ സഭയിലെ മാത്യൂസ് മാർ സിൽവാനിയോസ് തുടങ്ങിയവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി.

കല്ലൂപ്പാറ കടമാൻകുളം കാക്കനാട്ടിൽ ഇ.ടി. വർഗീസിന്റെയും അന്നമ്മ വർഗീസിന്റെയും മകനായി 1945 മെയ് 25-ന് ജനിച്ചു. കോട്ടയം വടവാതൂർ സെമിനാരി, റോമിലെ ഉർബനിയാന സർവകലാശാല എന്നിവിടങ്ങളിൽ പിഎച്ച്.ഡി വരെ പഠനം 1970 ഒക്ടോബർ 10-ന് വൈദികനായി. തിരുവനന്തപുരം സെന്റ് മേരീസ് സെമിനാരി റെക്ടറായും തിരുവല്ല ഭദ്രാസന സ്കൂൾ കോർപ്പറേറ്റ് മാനേജരായും ബോധന ഡയറക്ടറായും പ്രവർത്തിച്ചു.

2001 മുതൽ 2008 വരെ ആശുപത്രി എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കെ പുഷ്പഗിരി മെഡിക്കൽ കോളജായി ഉയർത്തുന്നതിനു നേതൃത്വം നല്കി. 2008 ഫെബ്രുവരി 9-ന് മൂവാറ്റുപുഴ സെന്റ് ജോസഫ് കത്തീഡ്രലിൽ ഡോ. ഏബ്രഹാം മാർ യൂലിയോസ് എന്ന പേരിൽ ബിഷപ്പായി.

കോയമ്പത്തൂർ മിഷൻ, കത്തീഡ്രൽ പള്ളി, ഭദ്രാസന കാര്യാലയം, വാഴക്കുളം, വടകോട് ചിൽഡ്രൻസ് ഹോം നിർമാണത്തിനും നേതൃത്വം നല്കി. 2019 ജൂൺ 11 മുതൽ വിശ്രമജീവിതം. സഹോദരങ്ങൾ: ത്രേസ്യാമ്മ പോൾ (മൂവാറ്റുപുഴ), രാജൻ കാക്കനാട്ട് (ആലപ്പുഴ), വത്സമ്മ ജേക്കബ് (ജർമ്മനി), പരേതരായ സിസ്റ്റർ ജൂലിത്തി, ഫാ.സ്റ്റാനിസ്ലാവോസ് കാക്കനാട്ട്, സിസ്റ്റർ ക്രിസ്റ്റീന.


കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIV
Number 38
September 21, 2026

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Special Correspondent*
Anil Pennukkara



DISCLAIMER

The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.


**മഹദ്വചനം**

ഉന്നതലക്ഷ്യങ്ങളാണ് എല്ലാറ്റിനും നിദാനം.

**സാം മിൽട്ടൺ**

ആത്മാവിന്റെ മഞ്ഞപ്പിത്തമാണ് അസൂയ.

**ജോൺ ഡ്രൈഡൺ**


TRUE LIGHT
CHRISTIAN ASSEMBLY
YOUTH PASTOR
NEEDED!
HOUSTON, TX
True Light Christian Assembly (TLCA) is seeking a dynamic and committed Youth Pastor with a genuine passion for mentoring and discipling the next generation.
QUALIFICATIONS
• A bachelor's or higher degree in Theology.
• Current residence in the USA.
• Married and Spouse should be supportive and willing to participate in youth ministry.
• A strong biblical foundation and spiritual maturity.
• The ability to connect, mentor, and disciple youth.
• A willingness to actively engage with youth beyond Sunday services.
We are looking for a pastor with a genuine heart to serve, build meaningful relationships, and invest in the spiritual growth of our young people.
If you believe you are the right candidate and feel called to this ministry, please submit your resume and references to:
pastorsearch@tlcachurch.org
DEADLINE TO SUBMIT:
SEPTEMBER 30, 2026
ANTICIPATED START DATE:
LATE SUMMER 2027
For more information, visit our website:
tlcachurch.org
TRUE LIGHT CHRISTIAN ASSEMBLY (TLCA)
5115 FM 521, Rosharon, Texas 77583


LUXURY HOME STAY IN
PULLAD/KUMBANAD/KOZHENCHERRY/THIRUVALLA
■ Quiet and Safe Area
■ Near Shopping Centers and Major Towns/Attractions
■ 3 hr to Kochin and Thiruvananthapuram Airport
■ 3 AC Bedrooms (one of them is a loft bedroom)
■ Separate Studio for drivers
■ 4 American-style Bathrooms
■ Surveillance camera
■ Car service/Chef/Security Personnel can be arranged
■ Weekly and Monthly stays can be arranged
■ If stay for large parties is needed, I can arrange other home stays also
Contact details:
Email: drmg456@gmail.com
Phone: +1 (917)-921-5765, 974-590-5222
Website: www.mundayilhomestay.in
Address: Mundayil Homestay, Kumbanad P.O. Pathanamthitta District, Kerala, India 689547


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# കേരളത്തിന്റെ വൈദ്യുതി സുരക്ഷ: അടിയന്തര പരിഷ്കാരം അനിവാര്യം

കേരളം വീണ്ടും വൈദ്യുതി പ്രതിസന്ധിയുടെ ഇരുട്ടിലേക്ക് നീങ്ങുകയാണ്. സെപ്റ്റംബർ മാസത്തിൽ വൈദ്യുതി ആവശ്യകത അസാധാരണമായി ഉയർന്നതോടെ കേരളത്തിൽ രാത്രികാല നിയന്ത്രണങ്ങളും വൈദ്യുതി മുടക്കവും ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായി. ചില ദിവസങ്ങളിൽ കേരളത്തിന്റെ ആവശ്യകതയും ലഭ്യമായ വൈദ്യുതിയും തമ്മിലുള്ള കുറവ് 700 മുതൽ 900 മെഗാവാട്ട് വരെ എത്തിയിരുന്നു. ദേശീയ ഗ്രിഡിലെ ലഭ്യതക്കുറവും കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി കുറഞ്ഞതും പ്രതിസന്ധി രൂക്ഷമാക്കി. ഗ്രിഡ് ആവൃത്തി അനുവദനീയമായ പരിധിക്ക് പുറത്തായതിനെ തുടർന്ന് കേരളത്തിന് വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടിയും വന്നു. സെപ്റ്റംബർ 16-ന് കേരളത്തിന്റെ പ്രതിദിന വൈദ്യുതി ആവശ്യം 95.82 ദശലക്ഷം യൂണിറ്റിലെത്തി. ഒരു ഘട്ടത്തിൽ കുറവ് 900 മെഗാവാട്ടിലേറെയായിരുന്നു. ഇത് ഒരു താൽക്കാലിക വൈദ്യുതി ക്ഷാമം മാത്രമല്ല; കേരളത്തിന്റെ വൈദ്യുതി നയത്തിലെ ദീർഘകാല ദൗർബല്യങ്ങളിലേക്കുള്ള മുന്നറിയിപ്പു കൂടിയാണ്.

സൗരോർജവും കേരളത്തിന്റെ വൈദ്യുതി ഭാവിയിൽ വലിയ പങ്ക് വഹിക്കണം. വീടുകളുടെ മേൽക്കൂരകൾ, സർക്കാർ കെട്ടിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, പാർക്കിങ് സ്ഥലങ്ങൾ തുടങ്ങിയവയിൽ സൗരോർജ ഉൽപാദനം വർധിപ്പിക്കാൻ കഴിയണം. എന്നാൽ പകൽ ഉൽപാദിപ്പിക്കുന്ന സൗരവൈദ്യുതി മാത്രം മതിയാകില്ല. വൈകുന്നേരങ്ങളിലും രാത്രിയിലും ആവശ്യകത ഉയരുമ്പോൾ ഉപയോഗിക്കാൻ ബാറ്ററി സംഭരണ സംവിധാനങ്ങളും പമ്പ്ഡ് സ്റ്റോറേജും ആവശ്യമാണ്. ജലവൈദ്യുതി, സൗരോർജം, സംഭരണ സാങ്കേതികവിദ്യ, കാര്യക്ഷമമായ വൈദ്യുതി ശൃംഖല എന്നിവ പരസ്പരം ബന്ധിപ്പിച്ചുള്ള സമഗ്ര നയമാണ് കേരളത്തിന് ആവശ്യം. അതോടൊപ്പം വൈദ്യുതി ഉപഭോഗത്തിന്റെ കാര്യത്തിലും പുതിയ സമീപനം വേണം. ആവശ്യകത കൂടുമ്പോൾ മാത്രം കൂടുതൽ വൈദ്യുതി വാങ്ങുക എന്ന രീതി ദീർഘകാലം തുടരാനാവില്ല. പീക്ക് സമയത്തെ അമിത ഉപഭോഗം കുറയ്ക്കാൻ പ്രോത്സാഹനങ്ങളും നിരക്ക് പരിഷ്കാരങ്ങളും കൊണ്ടുവരാം. വൈദ്യുതി വാഹനങ്ങളുടെ ചാർജിങ് സമയക്രമം ശാസ്ത്രീയമായി നിയന്ത്രിക്കാം. സർക്കാർ ഓഫീസുകളിലും വാണിജ്യ സ്ഥാപനങ്ങളിലും ഊർജക്ഷമ ഉപകരണങ്ങളുടെ ഉപയോഗം നിർബന്ധമാക്കാം. പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാനും സ്മാർട്ട് ഗ്രിഡ് സംവിധാനങ്ങൾ വ്യാപിപ്പിക്കാനും കഴിയണം. ഓരോ യൂണിറ്റ് വൈദ്യുതിയും ഉൽപാദിപ്പിക്കുന്നതിനേക്കാൾ കുറഞ്ഞ ചെലവിൽ ലാഭിക്കാൻ കഴിയുന്ന വൈദ്യുതി ആദ്യം സംരക്ഷിക്കുകയാണ് ഏറ്റവും വിലകുറഞ്ഞ ഊർജസ്രോതസ്സ് എന്ന സമീപനം സ്വീകരിക്കേണ്ട സമയം കൂടിയാണിത്. ഇവിടെ മറ്റൊരു പ്രധാന വിഷയം കെഎസ്ഇബിയുടെ സാമ്പത്തിക സ്ഥിതിയും വൈദ്യുതി നിരക്കുമാണ്. പുറത്തുനിന്ന് വൈദ്യുതി വിലകൂടി വാങ്ങി ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ നൽകുന്ന മാതൃക ദീർഘകാലം നിലനിൽക്കില്ല. അതേസമയം എല്ലാ അധിക ചെലവും ഉപഭോക്താവിന്റെ മേൽ ചുമത്തുന്നതും ശരിയായ പരിഹാരമല്ല. കുറഞ്ഞ നിരക്കിലുള്ള ദീർഘകാല കരാറുകൾ, സ്വന്തം ഉൽപാദനം, സംഭരണശേഷി, ഊർജക്ഷമത, നഷ്ടം കുറയ്ക്കൽ എന്നിവയിലൂടെ വൈദ്യുതിയുടെ ശരാശരി ചെലവ് നിയന്ത്രിക്കുകയാണ് വേണ്ടത്. വൈദ്യുതി നിരക്ക് മാത്രം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നത് പരിഹാരമല്ല; വൈദ്യുതി മേഖലയെ സാമ്പത്തികമായി സുസ്ഥിരമാക്കുകയാണ് ലക്ഷ്യം.

കേരളത്തിന്റെ വൈദ്യുതി നയത്തിൽ കേന്ദ്ര-സംസ്ഥാന സഹകരണത്തിനും വലിയ പ്രാധാന്യമുണ്ട്. ദേശീയ ഗ്രിഡിൽനിന്ന് ലഭിക്കുന്ന വൈദ്യുതി കേരളത്തിന്റെ അവകാശമാണ്. കേരളത്തിന്റെ ആഭ്യന്തര ഉൽപാദനപരിമിതിയെ ചൂണ്ടിക്കാട്ടി എല്ലാ പ്രശ്നങ്ങൾക്കും കേന്ദ്രത്തെ കുറ്റപ്പെടുത്തുന്നതും പരിഹാരമല്ല. കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള സഹകരണത്തിലൂടെ ദീർഘകാല വൈദ്യുതി കരാറുകളും ഗ്രിഡ് വികസനവും സംഭരണ പദ്ധതികളും വേഗത്തിലാക്കുകയാണ് വേണ്ടത്. വൈദ്യുതി എന്നത് ഇന്ന് ഒരു സാധാരണ ഉപഭോക്തൃ സേവനം മാത്രമല്ല. വ്യവസായ നിക്ഷേപം, തൊഴിൽ, ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ, ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗതാഗതം, വീടുകളുടെ ജീവിതനിലവാരം - എല്ലാം വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. സ്ഥിരമായി വൈദ്യുതി ലഭ്യതയില്ലാത്ത സംസ്ഥാനം പുതിയ വ്യവസായങ്ങളെയും നിക്ഷേപങ്ങളെയും ആകർഷിക്കുന്നതിൽ പിന്നിലാകും. ഇലക്ട്രിക് വാഹനങ്ങളെയും ഹരിത വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കുമ്പോൾ അവയ്ക്കാവശ്യമായ വൈദ്യുതി എവിടെ നിന്നാണ് വരുന്നതെന്ന്കൂടി ആസൂത്രണം ചെയ്യണം. കേരളത്തിന് ഇനി ആവശ്യമായത് ഒരു ദീർഘകാല വൈദ്യുതി സുരക്ഷാ പദ്ധതി തന്നെയാണ്. അടുത്ത പത്ത് വർഷത്തെ വൈദ്യുതി ആവശ്യകത എത്രയായിരിക്കും, അതിൽ എത്ര സ്വന്തം നിലയങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കണം, എത്ര ദീർഘകാല കരാറുകളിലൂടെ ഉറപ്പാക്കണം, എത്ര സൗരോർജത്തിൽനിന്ന് നേടണം, എത്ര സംഭരണശേഷി വേണം. പ്രസരണശൃംഖല എങ്ങനെ ശക്തിപ്പെടുത്തണം-ഇവയ്ക്കെല്ലാം വ്യക്തമായ സമയക്രമവും ഉത്തരവാദിത്തവും വേണം. പദ്ധതികൾ പ്രഖ്യാപിച്ച് വർഷങ്ങളോളം കാത്തിരിക്കാതെ പൂർത്തിയാക്കാനുള്ള ഭരണപരമായ സംവിധാനവും ആവശ്യമാണ്.

കേരളം ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് മുന്നേറിയത് വൈദ്യുതി ലൈനുകൾ സ്ഥാപിച്ചതുകൊണ്ടു മാത്രമല്ല; ജനങ്ങളുടെ ആവശ്യങ്ങൾ മുൻകൂട്ടി തിരിച്ചറിഞ്ഞ് അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപിച്ചതുകൊണ്ടാണ്. അതേ ദൂരദർശനം വൈദ്യുതി മേഖലയിലും വേണം. ഇന്നത്തെ പ്രതിസന്ധി മറികടക്കാൻ അടിയന്തരമായി വൈദ്യുതി വാങ്ങാം. എന്നാൽ നാളത്തെ പ്രതിസന്ധി ഒഴിവാക്കാൻ വൈദ്യുതി ഉൽപാദിപ്പിക്കുകയും സംഭരിക്കുകയും സംരക്ഷിക്കുകയും വേണം.

# ഡൽഹിയിൽ വോട്ടർപട്ടിക തീവ്രപരിഷ്കരണം; 33 ലക്ഷം പേർക്ക് നോട്ടീസ്

ന്യൂഡൽഹി: വോട്ടർപട്ടികയിലെ പ്രത്യേക തീവ്രപരിഷ്കരണത്തിന്റെ (എസ്ഐആർ) ഭാഗമായി ഡൽഹിയിലെ നടപടിക്രമങ്ങളിൽ ഒട്ടേറെ പ്രമുഖരുൾപ്പെടെ 33 ലക്ഷം പേർക്ക് നോട്ടീസ് നൽകി. എസ്ഐആറിന്റെ ഭാഗമായി നോട്ടീസ് നൽകിയത് ആർക്കൊക്കെ എന്നത് തെരഞ്ഞെടുപ്പ് കമ്മീഷൻ ആദ്യം പുറത്തുവിട്ടിരുന്നില്ല. വോട്ടർ അധികാർ മഞ്ച് ഉൾപ്പെടെയുള്ള സംഘടനകളുടെ വ്യാപകമായ പ്രതിഷേധത്തെ തുടർന്നാണ് ഇപ്പോൾ വിവരങ്ങൾ പുറത്തുവിട്ടിരിക്കുന്നത്.

ബിജെപി നേതാവും മുൻ ഉപപ്രധാനമന്ത്രിയുമായ എൽ.കെ. അഡ്വാനി, മുൻ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, വിദേശകാര്യമന്ത്രി എസ്. ജയശങ്കർ, ഡൽഹി മുഖ്യമന്ത്രി രേഖ ഗുപ്ത, മുൻ മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാൾ, പ്രമുഖ അഭിഭാഷകനും രാജ്യസഭാംഗവുമായ കപിൽ സിബൽ, സിബിസിഐ സെക്രട്ടറി ജനറലും ഡൽഹി ആർച്ച്ബിഷപ്പുമായ ഡോ. അനിൽ കുട്ടോ, കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണർ ഡോ. എസ്.എസ്. സന്ധു എന്നിവരുൾപ്പെടെ പല പ്രമുഖർക്കും നോട്ടീസയച്ചിട്ടുണ്ട്.

വിദേശകാര്യ മന്ത്രി എസ്. ജയശങ്കറിനെയും ഭാര്യ ക്യോകോ ജയശങ്കറിനെയും 2002-ലെ മുൻ വോട്ടർപട്ടികയിലെ രേഖകളുമായി നിലവിലെ വോട്ടർ വിവരങ്ങൾ ബന്ധിപ്പിക്കാൻ കഴിയാത്തതിനെ തുടർന്നാണ് 'അൺമാപ്പ്ഡ് വിത്ത് ലാസ്റ്റ് എസ്ഐആർ' വിഭാഗത്തിൽ ഉൾപ്പെടുത്തി നോട്ടീസ് നൽകിയത്.

ഇവർക്ക് പുറമെ മുൻ കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിക്കും ഭാര്യ സുനിത ദ്വിവേദിക്കും സിബിഐ ഡയറക്ടർ പ്രവീൺ സൂദിനും കുടുംബാംഗങ്ങൾക്കും സമാനമായി നോട്ടീസ് ലഭിച്ചിട്ടുണ്ട്. മുൻ ഡൽഹി ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയുടെയും കുടുംബാംഗങ്ങളുടെയും പേരുകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. മുൻ സുപ്രീംകോടതി ജഡ്ജി രഞ്ജന ദേശായിയുടെ കുടുംബത്തിനും മുൻ ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനിയുടെ മകളും മരുമകളും ഉൾപ്പെടെയുള്ള കുടുംബാംഗങ്ങൾക്കും നോട്ടീസ് ലഭിച്ചിട്ടുണ്ട്. അതേസമയം, 2024 നവംബർ ഒന്നിന് അന്തരിച്ച സാമ്പത്തിക വിദഗ്ധനും പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശകസമിതി ചെയർമാനുമായിരുന്ന ബിബേക് ദേബ്രോയിക്കും നോട്ടീസ് അയച്ചിട്ടുണ്ട്.

മുൻ രാഷ്ട്രപതി റാം നാഥ് കോവിന്ദിന്റെ മകൾ സ്വാതി കോവിന്ദ്, മുൻ വ്യോമസേനാ മേധാവി എൻ.എ.കെ. ബ്രൗൺ, ആം ആദ്മി മുൻമന്ത്രി മനീഷ് സിസോദയ, ബിജെപി എംപി ബാസുരി സ്വരാജ്, സിപിഐ നേതാവ് ആനി രാജ എന്നിവരും നോട്ടീസ് ലഭിച്ചവരിലുൾപ്പെടുന്നു.

അരവിന്ദ് കെജ്‌രിവാളിന്റെ പിതാവ്, മാതാവ്, ഭാര്യ, മകൻ എന്നിവർക്കും നോട്ടീസ് അയച്ചിട്ടുണ്ട്. കപിൽ സിബലിന്റെ ഭാര്യയ്ക്കും നോട്ടീസ് ലഭിച്ചു. ജോൺ ബ്രിട്ടാസ് എംപിയുടെ ഭാര്യ ഷീബ ബ്രിട്ടാസ്, മകൻ ആനന്ദ് ബ്രിട്ടാസ് എന്നിവരുടെ രേഖകളിലും തെരഞ്ഞെടുപ്പു കമ്മീഷൻ സംശയം പ്രകടിപ്പിച്ചിട്ടുണ്ട്.

എന്നാൽ നോട്ടീസ് ലഭിച്ചതുകൊണ്ട് മാത്രം വോട്ടർപട്ടികയിൽ നിന്ന് പേര് നീക്കം ചെയ്യില്ലെന്ന് ഡൽഹി ചീഫ് ഇലക്ടറൽ ഓഫീസർ വ്യക്തമാക്കി. അടുത്ത ഹിയറിംഗിൽ ബന്ധപ്പെട്ട രേഖകൾ നൽകിയാലേ ഇവർക്ക് അന്തിമ വോട്ടർപട്ടികയിൽ ഇടം നേടാൻ സാധിക്കൂ. എസ്ഐആർ കരടു വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത് 97.5 ലക്ഷം വോട്ടർമാരാണ്. അതിൽ 33.12 ലക്ഷം പേർക്കാണ് നോട്ടീസ് അയച്ചിരിക്കുന്നത്.

നോട്ടീസുകളിൽ ഒക്ടോബർ 29-നകം തീർപ്പുണ്ടാക്കാനാണ് ലക്ഷ്യമിടുന്നത്. അന്തിമ വോട്ടർപട്ടിക നവംബർ നാലിന് പ്രസിദ്ധീകരിക്കാനാണ് തെരഞ്ഞെടുപ്പ് മ്മീഷന്റെ തീരുമാനം.

# വിദേശ സംഭാവന: ആദ്യ പത്ത് സംസ്ഥാനങ്ങളിൽ കേരളവും

ന്യൂഡൽഹി: ഇന്ത്യയിൽ വിദേശ സംഭാവനകൾ ഏറ്റവുമധികം എത്തുന്ന ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഏഴാം സ്ഥാനത്ത് കേരളവും. വിദേശ സംഭാവനാ നിയന്ത്രണ ഭേദഗതി ബിൽ പരിശോധിക്കാനുള്ള സംയുക്ത പാർലമെന്ററി സമിതിയുടെ (ജെപിസി) ആദ്യയോഗത്തിലാണ് ആഭ്യന്തരമന്ത്രാലയം ഇതുസംബന്ധിച്ച കണക്കുകൾ നിരത്തിയത്.

ബിൽ രാജ്യസുരക്ഷ മുൻനിർത്തിയാണെന്ന് ഭരണകക്ഷിയംഗങ്ങൾ യോഗത്തിൽ വാദിച്ചപ്പോൾ ഭരണഘടനാവിരുദ്ധമായ ബിൽ നിലനിൽക്കില്ലെന്ന് പ്രതിപക്ഷം ചൂണ്ടിക്കാട്ടി. മൂന്ന് മണിക്കൂർ നീണ്ട യോഗത്തിൽ പ്രതിപക്ഷം ശക്തമായ എതിർപ്പാണുയർത്തിയത്.

2024-25 സാമ്പത്തികവർഷത്തിൽ കേരളത്തിലേക്കെത്തിയ വിദേശസംഭാവന 1015 കോടി രൂപയാണെന്ന് ആഭ്യന്തരമന്ത്രാലയത്തിന്റെ കണക്കിൽ പറയുന്നു. ഒന്നാം സ്ഥാനത്ത് ഡൽഹിയാണ്. 5834 കോടി രൂപ. കർണാടക - 3164 കോടി, മഹാരാഷ്ട്ര - 2385 കോടി, തമിഴ്നാട് - 2313 കോടി, ഗുജറാത്ത് - 1403 കോടി, പശ്ചിമബംഗാൾ - 1062 കോടി, കേരളം - 1015 കോടി, ആന്ധ്രപ്രദേശ് - 1012 കോടി, തെലങ്കാന - 997 കോടി, ഉത്തർപ്രദേശ് - 666 കോടി എന്നിങ്ങനെയാണ് ആദ്യ പത്തിൽപ്പെട്ട സംസ്ഥാനങ്ങളിലേക്കെത്തിയ വിദേശ സംഭാവനകളുടെ തോത്.

കേരളത്തിലേക്കെത്തിയ സംഭാവനത്തോത് ഏറെയും ക്രിസ്ത്യൻ, മുസ്‌ലിം മതസംഘടനകൾക്കാണെന്ന് റിപ്പോർട്ടിലുണ്ട്. കേരളത്തിന് പുറമേ, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലും ക്രിസ്ത്യൻ സംഘടനകളിലേക്ക് സംഭാവനകളെത്തി. ഗുജറാത്തിലേക്കും പഞ്ചാബിലേക്കുമാണ് കേരളത്തിന് പുറമേ മുസ്‌ലിം സംഘടനകൾക്കുള്ള സംഭാവനകളുള്ളത്. കേരളം, തമിഴ്നാട്, ഗുജറാത്ത് സംസ്ഥാനങ്ങളിലേക്കെത്തിയ സംഭാവനകളിലേറെയും മതപരമായ കാര്യങ്ങൾക്കാണെന്നും റിപ്പോർട്ടിലുണ്ട്.

വിദേശസംഭാവന ഇന്ത്യയിലേക്ക് ഏറ്റവും കൂടുതലെത്തുന്നത് അമേരിക്കയിൽ നിന്നാണ്. 2024-25-ൽ മാത്രം 12,113 കോടി രൂപ അമേരിക്കയിൽ നിന്നെത്തി. യു.കെയിൽനിന്ന് 2414 കോടിയും ജർമനിയിൽനിന്ന് 1782 കോടിയുമെത്തി. ക്രിസ്ത്യൻ വിഭാഗങ്ങൾക്കെത്തുന്ന സംഭാവനയിലേറെയും യുഎസ്എ, ജർമനി, ഇറ്റലി എന്നിവിടങ്ങളിൽ നിന്നാണ്.

യുകെ, കുവൈത്ത്, യുഎഇ രാജ്യങ്ങളിൽനിന്നുള്ള സംഭാവനകളാണ് മുസ്‌ലിം സംഘടനകൾക്കെത്തുന്നത്. സാമൂഹികം, വിദ്യാഭ്യാസം, മതപരം, സാമ്പത്തികം, സാംസ്കാരികം മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് സംഭാവനകളെത്തുന്നത്. 2024-25-ൽ വിദേശസംഭാവനയായി ലഭിച്ച 35,968 കോടി രൂപ ഇന്ത്യയിൽ ചെലവഴിച്ചിട്ടില്ല. രജിസ്ട്രേഷൻ റദ്ദാക്കുകയോ മരവിപ്പിക്കുകയോ ചെയ്ത 36,488 കേസുകളുണ്ട്. ബില്ലിലെ വ്യവസ്ഥകളും യോഗത്തിൽ മന്ത്രാലയം വിശദീകരിച്ചു.

എഫ്.സി.ആർ.എ പ്രകാരം സജീവ രജിസ്ട്രേഷനുള്ള സംഘടനകൾ 14,450 ആണ് ഇന്ത്യയിൽ. ക്രിസ്ത്യൻ സംഘടനകൾക്ക് ലഭിച്ചത് 1345 കോടി രൂപയാണ്. ഹിന്ദുസംഘടനകൾക്ക് 328 കോടി ലഭിച്ചു. മുസ്‌ലിം സംഘടനകൾക്ക് 19 കോടി രൂപയും സംഭാവനയായി ലഭിച്ചിട്ടുണ്ട്.

# റഷ്യൻ എണ്ണ ഉപരോധബില്ലിൽ ട്രംപ് ഒപ്പിട്ടു

വാഷിങ്ടൺ: റഷ്യയിൽനിന്ന് ഇന്ധനം വാങ്ങുന്ന ഇന്ത്യ, ചൈന ഉൾപ്പെടെയുള്ള രാജ്യങ്ങൾക്കു 100 ശതമാനം വരെ തീരുവ ചുമത്താൻ വ്യവസ്ഥ ചെയ്യുന്ന യുഎസിന്റെ 'ലിൻഡ്സെ ഒ. ഗ്രഹാം സാങ്ഷനിങ് റഷ്യ ആൻഡ് ഇറാൻ ആക്ട്' നിയമമായി. പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒപ്പിട്ടതോടെ നിയമമായെന്നും 30 ദിവസത്തിനകം നടപടി ആരംഭിക്കുമെന്നും വൈറ്റ് ഹൗസ് അറിയിച്ചു. ഇറാനെതിരായ ഉപരോധം നീട്ടുന്നതും നിയമത്തിലുണ്ട്.

റഷ്യൻ ക്രൂഡോ പ്രകൃതിവാതകമോ ഏറ്റവും കൂടുതൽ വാങ്ങുന്ന രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിക്ക് അധികത്തീരുവ ഏർപ്പെടുത്താനുള്ള അധികാരം യുഎസ് പ്രസിഡന്റിനു നൽകുന്ന നിയമമാണിത്. തീരുവ സ്വമേധയാ പ്രാബല്യത്തിലാകില്ല.

ഏതു രാജ്യത്തിനെതിരെ, എത്ര ശതമാനം തീരുവ വേണം എന്നത് പ്രസിഡന്റിന് തീരുമാനിക്കാം. റഷ്യൻ ക്രൂഡ് ഇറക്കുമതി കണക്കനുസരിച്ച് ചൈന, ഇന്ത്യ, സ്ലോവാക്യ, ഹംഗറി, തുർക്കി എന്നിവയാണ് ആദ്യസ്ഥാനങ്ങളിൽ. പട്ടികയിൽ പിന്നീടു വരുന്ന യുഎഇ, അസർബൈജാൻ, കസഖ്സ്ഥാൻ, സിംഗപ്പൂർ, കിർഗിസ്ഥാൻ എന്നിവയ്ക്കുമാണ് അധികത്തീരുവ ബാധകം.


JV BUILT
GENERAL CONTRACTOR
BUILT ON TRUST.
FOCUSED ON QUALITY.
From big upgrades to everyday improvements, we bring skill, integrity, and attention to detail to every project.
RESIDENTIAL | COMMERCIAL | FULLY INSURED | FREE ESTIMATES
OUR EXPERTISE
WINDOW REPLACEMENT
Improve comfort, efficiency & boost curb appeal.
FLOORING
Durable. Stylish. Built to last. Installed right.
ROOFING
Quality roofing that protects what matters most.
PAINT & GENERAL CONTRACTING
Interior & exterior painting and complete home improvements.
630-544-7951
jvbuilt1@gmail.com
Proudly Serving the Chicago Land Area
BUILDING TRUST. DELIVERING EXCELLENCE.
ONE CONTRACTOR. COMPLETE SOLUTIONS.
Remodeling • Additions • Repairs • Maintenance • And More


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
Free Electronic Filing

## കൊച്ചിയിൽ എൻസിബിയുടെ വൻ ലഹരിവേട്ട:

# മലയാളി ഡിജെയും വിദേശികളും ഉൾപ്പെട്ട സംഘം പിടിയിൽ

കൊച്ചി: അന്തഃസംസ്ഥാന കൊക്കെയ്ൻ വിൽപ്പന ശൃംഖല തകർത്ത് നർക്കോട്ടിക് കൺട്രോൾ ബ്യൂറോ (എൻ.സി.ബി). കേരളത്തിലേക്ക് കൊക്കെയ്ൻ കടത്തിയതിന് യുഎഇയിൽ നിന്ന് നാടുകടത്തപ്പെട്ട മലയാളി ഡി.ജെയും തമിഴ്നാട് സ്വദേശിയും രണ്ട് വിദേശികളും ഉൾപ്പെടെ ഏഴുപേർ പിടിയിലായി.

16.55 ലക്ഷം രൂപ വിലമതിക്കുന്ന 33.1 ഗ്രാം കൊക്കെയ്നും പിടിച്ചെടുത്തു. എൻ.സി.ബി. കൊച്ചി മേഖലാ ഡയറക്ടർ എൻ.എസ്. നിഷയുടെ നേതൃത്വത്തിലുള്ള സംഘം നടത്തിയ നീക്കത്തിലാണ് പ്രതികൾ കുടുങ്ങിയത്.

ഇക്കഴിഞ്ഞ 10-ന് ഫറോക്ക് റെയിൽവേ സ്റ്റേഷൻ പരിസരത്തുവെച്ച് പഞ്ചാബിലെ കപൂർത്തല സ്വദേശി ഗുർപ്രീത് സിങ്, കോഴിക്കോട് ബേപ്പൂർ സ്വദേശി ഹംദാൻ അഹമ്മദ്, കോഴിക്കോട് അരക്കിണർ സ്വദേശി പി. അഫ്ളഹ് എന്നിവരെ 8.12 ഗ്രാം കൊക്കെയ്നുമായി പിടികൂടിയതോടെയാണ് മറ്റ് സംഘാംഗങ്ങളും കുടുങ്ങിയത്.

ഇവരിൽനിന്ന് തിരുവനന്തപുരം സ്വദേശിയും ഡി.ജെ. താരവുമായ സിദ്ധാർഥ് ദാമോറിനെക്കുറിച്ച് വിവരം ലഭിച്ചു. തുടർന്ന് സിദ്ധാർഥിനെ അറസ്റ്റ് ചെയ്തു.

ഇയാളെ പിടികൂടി ചോദ്യം ചെയ്തപ്പോൾ ബെംഗളൂരു ഐ.ടി. മേഖലയിൽ ജോലിചെയ്യുന്ന ലഹരി ശൃംഖലയിലെ പ്രധാനിയായ തമിഴ്നാട് സ്വദേശിയായ അരുൺ രാജ്കുമാറിനെക്കുറിച്ചുള്ള വിവരം കിട്ടി. ഇയാളെയും അറസ്റ്റ് ചെയ്തതോടെയാണ് വിദേശികളെക്കുറിച്ചുള്ള സൂചന കിട്ടിയത്.

തുടർന്ന് നടത്തിയ തിരച്ചിലിൽ മെഡിക്കൽ അറ്റൻഡന്റ് വിസയിൽ ഇന്ത്യയിലെത്തി 10 വർഷമായി കാലാവധി കഴിഞ്ഞിട്ടും ഇവിടെ തുടരുകയായിരുന്ന നൈജീരിയൻ സ്വദേശിനി ചിസോബ ഹെലൻ ആന്റണി (സോണിയ), സ്റ്റുഡന്റ് വിസയിൽ ഇന്ത്യയിലെത്തി കാലാവധി കഴിഞ്ഞിട്ടും കഴിഞ്ഞ രണ്ട് വർഷമായി ഇവിടെ തുടരുകയായിരുന്ന സിംബാബ്‌വേ സ്വദേശി മുഫുകാരെ വിറ്റാലിസ് ടാഡിസ്വനാഷെ എന്നിവരെ 12-നും 13-നും ബെംഗളൂരുവിൽ നിന്നും പിടികൂടി. ഇരുവരിൽ നിന്ന് 24.98 ഗ്രാം കൊക്കെയ്ൻ പിടിച്ചെടുത്തു.

മലയാളികളായ സിദ്ധാർഥ് ദാമോർ, ഹംദാൻ അഹമ്മദ്, പി. അഫ്ളഹ് എന്നിവർ നേരത്തെ യുഎഇയിൽ ലഹരിമരുന്ന് കേസുകളിൽ ശിക്ഷിക്കപ്പെടുകയും ജയിൽവാസം അനുഭവിച്ച ശേഷം ഇന്ത്യയിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തവരാണെന്ന് ചോദ്യം ചെയ്യലിൽ വ്യക്തമായി.

# വന്യജീവി ആക്രമണത്തിന് പരിഹാരം കാണാൻ വിദഗ്ധസമിതി

തിരുവനന്തപുരം: വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും പരുക്കേൽക്കുന്നവർക്കും അർഹമായ നഷ്ടപരിഹാരം ലഭിക്കാൻ ഇനി മന്ത്രിസഭാ തീരുമാനം വരെ കാത്തിരിക്കേണ്ട. നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും മാർഗരേഖ തയാറാക്കുന്നതിനുമായി കേരള സർക്കാർ ചീഫ് വൈൽഡ്‌ലൈഫ് വാർഡൻ അധ്യക്ഷനായി വിദഗ്ധ സമിതിയെ നിയോഗിച്ചു. സംസ്ഥാന ദുരന്തനിവാരണ അഥോറിറ്റി മെംബർ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, കൃഷിവകുപ്പ് ഡയറക്ടർ എന്നിവർ സമിതി അംഗങ്ങളായിരിക്കും. വന്യജീവി ആക്രമണങ്ങളിൽ മരണം സംഭവിക്കുമ്പോൾ നഷ്ടപരിഹാരത്തെച്ചൊല്ലി പ്രദേശങ്ങളിൽ വലിയ പ്രതിഷേധങ്ങളും തർക്കങ്ങളും ഉണ്ടാകുന്നതും സംസ്കാര ചടങ്ങുകൾ വൈകുന്നതും ഒഴിവാക്കാൻ കൃത്യമായ മാർഗരേഖ രൂപീകരിക്കുന്നതു സഹായിക്കും. നേരത്തേ ഓരോ സംഭവത്തിലും നഷ്ടപരിഹാരം നൽകാൻ പ്രത്യേക മന്ത്രിസഭാ തീരുമാനങ്ങൾക്കായി കാത്തിരിക്കേണ്ടി വരുന്ന സാഹചര്യമുണ്ടായിരുന്നു. മാധ്യമശ്രദ്ധ ലഭിക്കാത്ത കേസുകളിൽ വർഷങ്ങളോളം നഷ്ടപരിഹാരം വൈകുന്നതും പതിവായിരുന്നു. സംഭവം നടന്നതു റവന്യൂ ഭൂമിയിലാണോ വനഭൂമിയിലാണോ എന്നതിനെച്ചൊല്ലി വനം-റവന്യൂ വകുപ്പുകൾ തമ്മിലുണ്ടാകുന്ന സാങ്കേതിക, നിയമ തർക്കങ്ങൾ, നഷ്ടപരിഹാരം കണക്കാക്കുന്നതിൽ വലിയ കാലതാമസത്തിനും കാരണമാകാറുണ്ട്.

# പിഎഫ് ശമ്പള പരിധി 25000 രൂപയാക്കി ഉയർത്തി കേന്ദ്രം

ന്യൂഡൽഹി: ജീവനക്കാർക്ക് നിർബന്ധിത എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (ഇപിഎഫ്ഒ) ആനുകൂല്യത്തിനുള്ള ശമ്പള പരിധി പ്രതിമാസം 15,000 രൂപയിൽ നിന്ന് 25,000 രൂപയാക്കി കേന്ദ്രസർക്കാർ ഉയർത്തി. ഇതിലൂടെ 51 ലക്ഷത്തിലധികം ജീവനക്കാർക്കുകൂടി നിർബന്ധിത പിഎഫ് പരിരക്ഷ ഉറപ്പാകുമെന്നാണ് ഏകദേശ കണക്ക്. 12 വർഷത്തിനുശേഷമാണ് പിഎഫ് വേതനപരിധി വർധിപ്പിക്കുന്നത്. 2014 സെപ്റ്റംബറിലായിരുന്നു പിഎഫ് ശമ്പള പരിധി അവസാനമായി ഉയർത്തിയത്.

പുതിയ തീരുമാനം സെപ്റ്റംബർ 18-ന് പ്രാബല്യത്തിൽ വന്നു. വേതനപരിധി ഉയരുന്നതോടെ കൂടുതൽ തുക പിഎഫ് ഫണ്ടിലേക്ക് എത്തുകയും തൊഴിലാളികൾക്ക് മെച്ചപ്പെട്ട സാമൂഹിക സുരക്ഷ ഉറപ്പാകുകയും ചെയ്യുമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

പുതിയ പരിഷ്കാരത്തിനായി അഞ്ചു വർഷത്തേക്ക് 56,696 കോടി രൂപ കേന്ദ്ര സർക്കാർ ചെലവഴിക്കുമെന്നും മന്ത്രി വ്യക്തമാക്കി. പ്രതിമാസ ശമ്പള പരിധി 15,000 രൂപയിൽനിന്ന് 25,000 രൂപയായി ഉയർത്തുന്നതോടെ ജീവനക്കാർക്ക് പെൻഷനിലും വർധനയുണ്ടാകും. പുതിയ ശമ്പള പരിധിയിൽ പൂർണമായി അഞ്ചു വർഷത്തെ സേവനം പൂർത്തിയാക്കുന്ന ജീവനക്കാർക്ക് പ്രതിമാസ പെൻഷൻ തുകയിൽ 67 ശതമാനം വരെ വർധന ലഭിക്കും. എന്നാൽ, പെൻഷൻ ആനുകൂല്യം ലഭിക്കുന്നതിന് കുറഞ്ഞത് 10 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം. ഇപ്പോൾ 7.98 കോടി അംഗങ്ങളും 82 ലക്ഷം പെൻഷൻകാരുമാണ് ഇപിഎഫ്ഒയിൽ ഉള്ളത്.

# കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ സാന്നിധ്യമായി സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ

കോട്ടയം: കേരള നിയമസഭ ലോകമെങ്ങുമുള്ള നിയമനിർമാണ സഭകൾക്കു മാതൃകയാണെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ. ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ നടക്കുന്ന 69-ാമതു കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

നിയമനിർമാണത്തിലും നടപടിക്രമങ്ങളിലും ജനാധിപത്യക്രമങ്ങളിലും നവീനമായ ഒട്ടേറെ സംവിധാനങ്ങൾ ആദ്യമായി നടപ്പിലാക്കിയത് കേരള നിയമസഭയിലാണ്. ഭരണപരവും നിയമപരവുമായ വിശദമായ പരിശോധന ഉറപ്പുവരുത്തുന്ന സബ്ജക്റ്റ് കമ്മിറ്റി സംവിധാനം ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയത് കേരള നിയമസഭയിലാണ്. ഇന്ത്യയിൽ ആദ്യത്തെ സമ്പൂർണമായും ഡിജിറ്റൈസ് ചെയ്യപ്പെട്ട സഭയായി കേരളനിയമസഭ മാറുകയാണ്. ജനങ്ങളും നിയമനിർമാണ സഭകളും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുന്നതിനുവേണ്ടിയുള്ള നടപടികളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു വരികയാണെന്നും സ്പീക്കർ പറഞ്ഞു.

പൊതുജനങ്ങൾക്ക് നിയമസഭയിൽ നേരിട്ട് ചോദ്യം ഉന്നയിക്കാൻ കഴിയുന്ന സംവിധാനം നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

2026-ലെ ഭിന്നശേഷിക്കാരുടെ അവകാശനിയമത്തിന്റെ ചട്ടക്കൂടിൽ ഉൾപ്പെടുത്തി സമഗ്രമായ നിയമസംവിധാനങ്ങൾ കേരളം ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ നിയമത്തെ അടിസ്ഥാനപ്പെടുത്തി ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസവും ആരോഗ്യസുരക്ഷയും തൊഴിലും സാമൂഹ്യ സുരക്ഷയും ഉറപ്പു വരുത്തുന്ന നയം കേരളം ഔദ്യോഗികമായി അംഗീകരിച്ചിട്ടുണ്ട്.

ജനാധിപത്യ സ്ഥാപനങ്ങളെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളാൻ കഴിയുന്ന, പ്രാതിനിധ്യ സ്വഭാവമുള്ള, സംവേദനക്ഷമതയുള്ള സംവിധാനങ്ങളാക്കി മാറ്റുന്നതിനുള്ള ശ്രമങ്ങളാണ് കേരളത്തിൽ നടക്കുന്നതെന്നും തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു.



ദക്ഷിണാഫ്രിക്കയിലെ കേപ്ടൗണിൽ നടക്കുന്ന കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിനിടെ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ.







FAITH
CHRISTIAN CHURCH
600 Secor Rd, Hartsdale NY 10530
PRAYERFULLYSEARCHING FOR A
SENIOR PASTOR
A CALL TO LEAD. A CHURCH TO IMPACT. A LEGACY TO BUILD.
Faith Christian Church is urgently & prayerfully seekinga Spirit-filled Senior Pastor to lead our growing, multigenerational, multilingual Malayalee Pentecostal congregation.
KEY QUALIFICATIONS
Fluent in Malayalam & English
Bachelor's degree in Theology or Divinity earned through in-person attendance at an accredited college.
Ordained Pentecostal minister
Minimum age of 45; married; 10+ years of pastoral experience with atleast 5 years served as a Senior Pastor.
U.S. citizen or permanent resident
Demonstrates biblical leadership (1 Tim 3:2-7; Titus 1:6-9; 1 Pet 5:2-3)
ROLE OVERVIEW
Preach and teach the word of God
Provide pastoral care and spiritual guidance
Lead with vision, integrity and unity
Strengthen discipleship and missions
Foster connection across cultures and generations
HOW TO APPLY
Email Resume to: faithch.nyc@gmail.com
scan here to apply


B&M
AUTO COLLISION CTR
Fast & Efficient
Quality Repair
We work with all Insurance Companies
Call Anish Eapen
773-263-9863
4440 West Addison, Chicago, IL 60641
773.685.3200
773.685.7388
www.bmautocollision.com

# അനധികൃത സ്വത്തുകേസ്: മുൻ ഡിജിപി ടോമിൻ തച്ചങ്കരിക്ക് കഠിന തടവും പിഴയും

കോട്ടയം: അനധികൃത സ്വത്തുസമ്പാദനക്കേസിൽ മുൻ ഡിജിപി ടോമിൻ ജെ. തച്ചങ്കരിക്ക് നാലുവർഷം കഠിനതടവും 30,84,892 രൂപ പിഴയും വിധിച്ച് കോട്ടയം വിജിലൻസ് കോടതി.

പിഴയടച്ചില്ലെങ്കിൽ രണ്ടുമാസം അധികതടവുകൂടി അനുഭവിക്കണമെന്ന് കോട്ടയം എൻക്വയറി കമ്മീഷൻ ആൻഡ് സ്പെഷ്യൽ ജഡ്ജ് (വിജിലൻസ്) കെ.വി. രജനീഷ് വിധിച്ചു. തച്ചങ്കരിയെ പൂജപ്പുര സെൻട്രൽ ജയിലിലേക്കു മാറ്റി. കേരളത്തിൽ ആദ്യമായാണ് ഒരു മുൻ ഡിജിപി അഴിമതിക്കേസിൽ ജയിലിലാകുന്നത്.

ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കേണ്ട ഉദ്യോഗസ്ഥൻ അഴിമതി നടത്തിയത് കരുണയർഹിക്കാത്ത കുറ്റമാണെന്ന് കോടതി നിരീക്ഷിച്ചു. ആരോഗ്യപ്രശ്നം മുൻനിർത്തി തച്ചങ്കരി ഇളവ് ആവശ്യപ്പെട്ടെങ്കിലും അർഹിക്കുന്നില്ലെന്ന് കോടതി വിധിച്ചു.

ആലപ്പുഴ എ.എസ്.പി. ആയിരിക്കേ തച്ചങ്കരി, മിത്രക്കരി കരുവേലിത്തറയിൽ ബോബി കുരുവിള ഉൾപ്പെട്ട കേസിൽ അദ്ദേഹത്തെ വേട്ടയാടിയതാണ് കേസിന്റെ തുടക്കം.

തന്റെ ബന്ധുവും ബോബിയുടെ



കുടുംബവുമായുള്ള തർക്കത്തിൽ തച്ചങ്കരി ഇടപെട്ട് ഗുരുതരവകുപ്പുകൾ ചേർത്ത് ഉപദ്രവിച്ചുവെന്നായിരുന്നു ആരോപണം. ബോബിയുടെ പിതാവ് കെ.സി. കുരുവിള തുടങ്ങിവെച്ച നിയമപോരാട്ടം പിന്നീട് ബോബി നടത്തുകയായിരുന്നു.

2003 ജനുവരി ഒന്നുമുതൽ 2007 ജൂലായ് നാലുവരെയുള്ള കാലയളവിൽ ഐ.ജിയായിരിക്കേ തച്ചങ്കരി 64,70,891 രൂപ അനധികൃതമായി സമ്പാദിച്ചെന്നായിരുന്നു വിജിലൻസ് കേസ്. ഇക്കാലയളവിൽ അദ്ദേഹത്തിന്റെ ആകെ വരുമാനം 47,64,913 രൂപയായിരുന്നു.

എന്നാൽ, 1.02 കോടി രൂപ ചെലവാക്കിയെന്ന് പ്രോസിക്യൂഷൻ കോടതിയിൽ വാദിച്ചു. 135 ശതമാനം അധികസ്വത്ത് സമ്പാദിച്ചെന്നായിരുന്നു പ്രോസിക്യൂഷൻ വാദം. പക്ഷേ, 30,84,892 രൂപ അനധികൃതമായി സമ്പാദിച്ചെന്നാണ് കോടതി കണ്ടെത്തിയത്.

ഈ സമ്പാദ്യത്തിന്റെ വരവ് ബോധ്യപ്പെടുത്താൻ തച്ചങ്കരിക്ക് കഴിഞ്ഞില്ല. ഈ തുകയാണ് പിഴയായി വിധിച്ചത്. കേസിൽ 96 സാക്ഷികളെ പ്രോസിക്യൂഷൻ വിസ്തരിച്ചു. 271 പ്രമാണങ്ങളും ഹാജരാക്കി. 2025 നവംബർ ഒന്നിനാണ് കോട്ടയം വിജിലൻസ് കോടതിയിൽ വിചാരണ തുടങ്ങിയത്.

ഒൻപതു മാസംകൊണ്ട് വിചാരണ പൂർത്തിയാക്കി ശിക്ഷവിധിച്ചു. 2007-ലാണ് വിജിലൻസ് എഫ്.ഐ.ആർ ഇട്ടത്. 2013-ൽ അന്നത്തെ വിജിലൻസ് എസ്.പി. പി. രാധാകൃഷ്ണൻ തൃശ്ശൂർ വിജിലൻസ് കോടതിയിൽ കുറ്റപത്രം നൽകി.

പിന്നീട് കേസ് കോട്ടയം, മൂവാറ്റുപുഴ വിജിലൻസ് കോടതികളിലേക്ക് മാറ്റി. പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. കെ.കെ. ശ്രീകാന്ത് ഹാജരായി.

# ആമസോണിന് 13,000 രൂപ പിഴയിട്ട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

കോട്ടയം: ഓൺലൈനായി വാങ്ങിയ യന്ത്രവാൾ കേടുവന്നതായതിനാൽ തിരികെ നൽകിയെങ്കിലും ഓഫർ ഫീ എന്ന പേരിൽ ഈടാക്കിയ തുക തിരിച്ചു നൽകാതിരുന്ന ഓൺലൈൻ വ്യാപാര പ്ലാറ്റ്ഫോം ആമസോണിന് പിഴയിട്ട് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ.

മാഞ്ഞൂർ തെങ്ങുംപള്ളി സ്വദേശി ഡോൺ പോൾ ആണ് പരാതിക്കാരൻ. കഴിഞ്ഞ വർഷം സെപ്റ്റംബറിലാണ് പരാതിക്കാരൻ ഓഫർ വിലയായ 9088.74 രൂപ വിസ ഡെബിറ്റ് കാർഡ് വഴി നൽകി യന്ത്രവാൾ വാങ്ങിയത്. പാക്കറ്റ് പൊട്ടിയ നിലയിലും നേരത്തെ ഉപയോഗിച്ച ലക്ഷണത്തോടെയും ലഭിച്ച വാൾ ഉപയോഗശൂന്യവുമായിരുന്നു. ഇതു തിരികെ നൽകിയപ്പോൾ 9044.15 റീഫണ്ട് ലഭിച്ചു.

എന്നാൽ ഓഫർ പ്രോസസിങ് ഫീ ആയി ഈടാക്കിയ 44.59 രൂപ കിട്ടിയില്ല. ഈ തുക ആവശ്യപ്പെട്ടു പല തവണ കമ്പനിയെ സമീപിച്ചെങ്കിലും നടപടിയുണ്ടാകാതെ വന്നതോടെയാണ് കമമീഷനിൽ പരാതി നലകിയത്. ആമസോണിനെ ഒന്നും ഉൽപ്പന്ന നിർമാതാക്കളായ ഷാർപെക്സ് എൻജിനിയറിംഗ് വർക്സിനെ രണ്ടും എതിർകക്ഷിയാക്കിയായിരുന്നു പരാതി.

ഉൽപന്നത്തിന്റെ പണം തിരിച്ചു നൽകിയെന്നും വിസ ഡെബിറ്റ് കാർഡ് ഓഫർ നൽകിയത് ആമസോൺ ആണെന്നും ഇതിന്റെ സർവീസ് ചാർജ് ഈടാക്കിയതിന്റെ ഉത്തരവാദിത്തം അവർക്കാണെന്നും രണ്ടാംകക്ഷിയായ നിർമാതാക്കൾ കമ്മീഷനെ ബോധിപ്പിച്ചിരുന്നു.

ഇടപാട് തന്നെ റദ്ദാക്കിയിട്ടും വാങ്ങിയ തുകയിലൊരു ഭാഗം തടഞ്ഞുവെച്ചത് ന്യായമല്ലാത്ത വ്യാപാരരീതിയും സേവനന്യൂനതയുമാണെന്ന് കമ്മീഷൻ കണ്ടെത്തി.

44.59 രൂപ തിരിച്ചു നൽകുന്നതിനു പുറമേ പരാതിക്കാരന്റെ മാനസിക ബുദ്ധിമുട്ടുകൾക്ക് 10,000 രൂപനഷ്ടപരിഹാരവും കോടതി ചെലവിനത്തിൽ 3,000 രൂപയും നൽകാൻ കമ്മീഷൻ പ്രസിഡണ്ട് വി.എസ്. മനുലാൽ, മെമ്പർ ബിന്ദു ആർ. എന്നിവരുൾപ്പെട്ട ബെഞ്ച് ഉത്തരവിട്ടു.

# അനന്ത് നാഗിന് ഫാൽക്കെ പുരസ്കാരം

ന്യൂഡൽഹി: മുതിർന്ന കന്നഡ നടൻ അനന്ത് നാഗിന് 2024-ലെ ദാദാ സാഹേബ് ഫാൽക്കേ പുരസ്കാരം. ഇന്ത്യൻ സിനിമയ്ക്കു നൽകിയ അതുല്യ സംഭാവനകൾ പരിഗണിച്ചാണിത്.

വരുന്ന 22-ന് ഗുജറാത്തിലെ കെവാഡിയയിൽ നടക്കുന്ന 72-ാമത് ദേശീയ ചലച്ചിത്ര പുരസ്കാരദാനച്ചടങ്ങിൽ അവാർഡ് സമ്മാനിക്കും.



1948 സെപ്റ്റംബർ നാലിന് ജനിച്ച അനന്ത് നാഗർകട്ടെ (അനന്ത് നാഗ്) കന്നഡ സിനിമയിലെ ഏറ്റവും ആദരണീയനായ വ്യക്തിത്വങ്ങളിൽ ഒന്നാണ്. 250-ൽ അധികം കന്നഡ ചിത്രങ്ങളുൾപ്പെടെ മുന്നൂറോളം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്. ഹിന്ദി, തെലുങ്ക്, തമിഴ്, മറാത്തി, മലയാളം, ഇംഗ്ലീഷ് ചിത്രങ്ങളും അനന്ത് നാഗറിന്റെ സിനിമാ ജീവിതത്തിന്റെ ഭാഗമാണ്. സിനിമകൾക്കു പുറമേ, ടെലിവിഷൻ പരിപാടികളിലൂടെയും നാടകങ്ങളിലൂടെയും അനന്ത് നാഗ് ശ്രദ്ധേയനായി.

അഞ്ച് തവണ കർണാടക സംസ്ഥാന ചലച്ചിത്ര പുരസ്കാരം അദ്ദേഹത്തെ തേടിയെത്തി. കഴിഞ്ഞവർഷം രാജ്യം പത്മഭൂഷൺ നൽകി ആദരിച്ചു.

സങ്കൽപ്പ് (1973) എന്ന ചിത്രത്തിലൂടെ കന്നഡ സിനിമയിൽ അരങ്ങേറ്റം കുറിച്ച അനന്ത് നാഗ്, ശ്യം ബെനഗലിന്റെ അങ്കുർ (1974) എന്ന ചിത്രത്തിലൂടെ ബോളിവുഡിലുമെത്തി. ഇന്ത്യൻ സിനിമയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ച് 2025-ൽ അദ്ദേഹത്തിന് പത്മഭൂഷൺ പുരസ്കാരം നൽകി ആദരിച്ചു. 2023-ൽ അനന്ത് നാഗ് ചലച്ചിത്ര രംഗത്ത് 50 വർഷം പൂർത്തിയാക്കി. ബയലു ദാരി (1976), ബെങ്കിയ ബാലെ (1983), മുങ്കാരു മലേ (2006), ഗോധി ബണ്ണ സാധരണ മൈക്കട്ടു (2016), കെജിഎഫ്: ചാപ്റ്റർ 1 (2018), കെജിഎഫ്: ചാപ്റ്റർ 2 (2022), ഗാലിപട 2 (2022) എന്നിവ വാണിജ്യപരമായി വിജയിച്ച അദ്ദേഹത്തിന്റെ സിനിമകളാണ്.

വെള്ളത്തിരയ്ക്കു പുറമേ രാഷ്ട്രീയ പ്രവർത്തകനെന്ന നിലയിലും അനന്ത് നാഗ് ശ്രദ്ധേയനാണ്. ഭാര്യ: ഗായത്രി. മകൾ: അദിതി.






# കെസിസിഎൻഎ മുൻ പ്രസിഡന്റ് ബേബി ഊരാളിലിന് തിയോളജിയിൽ ഡിപ്ലോമ

**ജോസ് കണിയാലി**

ഹൂസ്റ്റൺ: വടവാതൂർ സെമിനാരിയിലെ പൗരസ്ത്യ വിദ്യാപീഠം നടത്തുന്ന ഓൺലൈൻ കോഴ്സ് വഴി തിയോളജിയിൽ കെസിസിഎൻഎ മുൻ പ്രസിഡന്റ് ബേബി ഊരാളിൽ ഡിപ്ലോമ കരസ്ഥമാക്കി. 33 പേരാണ് കോഴ്സിൽ പങ്കെടുത്തത്. ഹൂസ്റ്റൺ സെന്റ് ജോസഫ്സ് സീറോ മലബാർ പള്ളി ആണ് ഇതിന് മുൻകൈയെടുത്തത്. മൂന്നു വർഷം കൊണ്ട് 24 വിഷയങ്ങളാണ് ഇവർ പഠിച്ചത്. വടവാതൂർ സെമിനാരിയിലെ പ്രൊഫസർമാരായ വൈദികർ ആണ് ക്ലാസുകൾ എടുത്തത്. പ്രസിഡന്റ് റവ. ഡോ. പോളി മണിയാട്ടിന്റെ നേതൃത്വത്തിൽ 22-ഓളം പ്രൊഫസർമാരാണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. ചിക്കാഗോ സീറോ മലബാർ രൂപതയുടെ മതബോധന ഡയറക്ടർ റവ. ഡോ. ജോർജ് ദാനവേലിൽ ആണ് തിയോളജി പഠനത്തിന് അമേരിക്കയിൽ നേതൃത്വം നൽകുന്നത്. ഹൂസ്റ്റണിലെ ജോൺ പാലക്കമറ്റം ആയിരുന്നു കോ-ഓർഡിനേറ്റർ.

രാവിലെ 11-ന് ദിവ്യബലിയോടുകൂടിയാണ് ഗ്രാജുവേഷൻ സെറിമണി ആരംഭിച്ചത്. തുടർന്ന് സെന്റ് ജോസഫ്സ് ഹാളിൽ ചേർന്ന കമൻസ്മെന്റ് സെറിമണിയിലേക്ക് ഗ്രാജുവേറ്റ്ചെയ്ത എല്ലാവരും റവ. ഡോ. ജോർജ് ദാനവേലിൽ, വികാരി റവ. ഡോ. സെബാസ്റ്റ്യൻ വലിയപറമ്പിൽ, ജോൺ പാലക്കാമറ്റം എന്നിവരുടെ നേതൃത്വത്തിൽ ഹാളിലേക്ക് പ്രവേശിച്ചു.

സിസ്റ്റർ സെവീന, രാജു കാക്കശ്ശേരി, സോഫി ജോബ് എന്നിവർ ചേർന്നാണ് പ്രാർത്ഥനാഗാനം ആലപിച്ചത്. തുടർന്ന് വികാരി റവ. ഡോ. സെബാസ്റ്റ്യൻ വലിയപറമ്പിൽ സ്വാഗതം പറഞ്ഞു. ബിഷപ് മാർ ജോയി ആലപ്പാട്ട്, മുൻവികാരി ഫാ. ജോണിക്കുട്ടി പുലിശ്ശേരി എന്നിവരുടെ ആശംസാ സന്ദേശങ്ങൾ ഓൺലൈൻ ആയി കാണിച്ചു. റവ. ഡോ. പോളി മണിയാട്ട് ഓൺലൈൻ വീഡിയോയിലൂടെ എല്ലാവരെയും അഭിസംബോധന ചെയ്തു. ജോൺ പാലക്കാമറ്റം പ്രോഗ്രാമിനെ പ്പറ്റിയും അഗസ്റ്റിൻ മൈക്കിൾ വിദ്യാർത്ഥികൾക്ക് വേണ്ടിയും സംസാരിച്ചു. റവ. ഡോ. ജോർജ് ദാനവേലിൽ ഡിപ്ലോമ സർട്ടിഫിക്കറ്റുകൾ എല്ലാവർക്കും സമ്മാനിച്ചു. ബേബി ഊരാളിൽ കൃതജ്ഞത പറഞ്ഞു. ഫാൻസിമോൾ പല്ലാത്തുമഠം ആയിരുന്നു മാസ്റ്റർ ഓഫ് സെറിമണി.










# കേരളത്തിൽ പേവിഷ ഭീതി: ഏഴു മാസത്തിനിടെ കടിയേറ്റവർ 1.94 ലക്ഷം

പത്തനംതിട്ട: അപകടകാരികളായ തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ സുപ്രീംകോടതി നിർദേശം നൽകിയതിനു പിന്നാലെ താഴെത്തട്ടിലേക്ക് ഉത്തരവുകളയച്ച് ആരോഗ്യം, തദ്ദേശ വകുപ്പുകൾ. നായ്ക്കളെ പിടികൂടാനോ വന്ധ്യംകരിക്കാനോ നടപടികളായിട്ടില്ല. ആരോഗ്യവകുപ്പിന്റെതന്നെ കണക്കുകളിൽ കഴിഞ്ഞ ജൂലൈ 31 വരെയുള്ള ഏഴുമാസത്തിനിടെ 1,94,312 ആളുകൾക്ക് കേരളത്തിൽ നായയുടെ കടിയേറ്റതായി പറയുന്നു. ഇവയിലേറെയും തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പരുക്കേറ്റവരാണ്. 13 പേരാണ് ഇക്കാലയളവിൽ കേരളത്തിൽ പേവിഷബാധയേറ്റു മരിച്ചത്. തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ മൂന്നുപേർ വീതം മരിച്ചു. 2025–ൽ ആകെ 33 പേരാണ് കേരളത്തിൽ പേവിഷബാധയേറ്റു മരിച്ചത്. 2024–ൽ ഇത് 24 പേരായിരുന്നു. 2025–ൽ 3,69,272 പേർക്കും 2024–ൽ 2,64,863 പേർക്കും നായയുടെ കടിയേറ്റു. നായ ആക്രമണം ഏറ്റവും കൂടുതൽ ഉണ്ടാകുന്നത് തലസ്ഥാന ജില്ലയിലാണ്. തിരുവനന്തപുരത്ത് ഇക്കൊല്ലം ജൂലൈ 31 വരെ 30,801 പേർക്ക് നായയുടെ കടിയേറ്റു. 2025–ൽ 58,016 പേർക്കും 2024–ൽ 41,329 പേർക്കും നായയുടെ ആക്രമണത്തിൽ പരുക്കേറ്റു.2025–ൽ പേവിഷബാധ മൂലം ഏറ്റവും കൂടുതൽ മരണം റിപ്പോർട്ട് ചെയ്തത് ആലപ്പുഴ, കൊല്ലം ജില്ലകളിലാണ്. അഞ്ചുപേർ വീതം രണ്ട് ജില്ലകളിലും മരിച്ചു. പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ നാലുപേർ വീതമാണ് മരിച്ചത്. 2024–ൽ കൊല്ലത്ത് ആറുപേർ മരിച്ചിരുന്നു. തെരുവുനായ്ക്കളുടെ നിയന്ത്രണത്തിനായി കൊണ്ടുവന്ന എബിസി പദ്ധതിയടക്കം ഫണ്ടിന്റെ അപര്യാപ്തത കാരണം പാളിയിരിക്കുകയാണ്. നായ്ക്കൾക്കായി പ്രതിരോധകുത്തിവയ്പ് നൽകുന്ന പദ്ധതിയും തടസപ്പെട്ടിരിക്കുന്നു. കഴിഞ്ഞയിടെ പദ്ധതി പുനരാരംഭിക്കാൻ തദ്ദേശസ്ഥാപനങ്ങളിൽ ശ്രമമുണ്ടായിരുന്നു. സുപ്രീംകോടതി ഉത്തരവിനെത്തുടർന്നു നടത്തിയ കണക്കെടുപ്പിൽ കേരളത്തിൽ 605 ആരോഗ്യസ്ഥാപനങ്ങളുടെ പരിസരത്ത് തെരുവുനായ്ക്കളുടെ ശല്യമുള്ളതായാണ് റിപ്പോർട്ട് ചെയ്തത്.

# സരസ് എംകെ2 വിമാനത്തിന് പ്രൈമറി പവർ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൈമാറി

കൊച്ചി: ഇന്ത്യയിലെ ആദ്യത്തെ തദ്ദേശീയ യാത്രാവിമാനമായ സരസ് എംകെ2–ലെ പ്രൈമറി പവർ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (പിപിഡിഎസ്) കളമശേരി ആസ്ഥാനമായി പ്രവർത്തിക്കുന്ന നെസ്റ്റ് ഗ്രൂപ്പിന്റെ പ്രതിരോധ–വ്യോമയാന വിഭാഗമായ എസ്എഫ്ഒ ടെക്നോളജീസ് വികസിപ്പിച്ചു. ബംഗളൂരു സിഎസ്ഐആർ–നാഷണൽ എയ്റോസ്പേസ് ലബോറട്ടറിയുമായി (എൻഎഎൽ) ചേർന്നു വികസിപ്പിച്ച സംവിധാനത്തിന്റെ ആദ്യ എയർവർത്തി യൂണിറ്റ് എസ്എഫ്ഒ അധികൃതർ എൻഎഎലിനു കൈമാറി.




സരസ് എംകെ 2–ലെ പ്രൈമറി പവർ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൈമാറുന്നു.

കളമശേരി ഹൈടെക് പാർക്കിൽ നടന്ന ചടങ്ങിൽ നെസ്റ്റ് ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ഡോ. എൻ. ജഹാംഗീർ, എൻഎഎൽ ഡയറക്ടർ ഡോ. അഭയ് അനന്ത് പാഷിൽക്കർ, മുതിർന്ന ശാസ്ത്രജ്ഞർ എന്നിവർ പങ്കെടുത്തു.

വ്യോമയാന മേഖലയിലെ ഏറ്റവും ഉയർന്ന ഡിസൈൻ സെക്യൂരിറ്റി മാനദണ്ഡമായ ഡിസൈൻ അഷ്വറൻസ് ലെവൽ–എ ഉറപ്പുനൽകുന്നതാണ് ഈ പവർ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം.

പിപിഡിഎസിന് ആവശ്യമായ സോഫ്റ്റ്‌വേർ വികസിപ്പിച്ചെടുത്തത് നെസ്റ്റ് ഡിജിറ്റലാണ്. ഡിആർഡിഒ വികസിപ്പിക്കുന്ന ഇന്ത്യയുടെ അഞ്ചാം തലമുറ യുദ്ധവിമാനമായ അഡ്വാൻസ്ഡ് മീഡിയം കോംബാറ്റ് എയർക്രാഫ്റ്റിനായി എസ്എഫ്ഒ ടെക്നോളജീസ് പവർ മാനേജ്മെന്റ് സിസ്റ്റങ്ങൾ വികസിപ്പിക്കുന്നുണ്ട്.

റീജണൽ കണക്റ്റിവിറ്റി പദ്ധതിയായ ഉഡാൻ വഴി ചെറുനഗരങ്ങളെ ബന്ധിപ്പിക്കുന്നതിനാണ് സാരസ് എംകെ 2 തദ്ദേശീയ യാത്രാവിമാനം നിർമിക്കുന്നത്. 19 സീറ്റുകളുള്ള വിമാനം ഇന്ത്യൻ വ്യോമസേനയുടെ ആവശ്യങ്ങൾക്കും ഉപയോഗിക്കും.

# ഇന്ത്യക്ക് ആഗോള ലിംഗവിവേചന സൂചികയിൽ 131–ാം സ്ഥാനം

ന്യൂഡൽഹി: ആഗോള ലിംഗവിവേചന സൂചികയിൽ ഇന്ത്യ ഏറെ പിറകിൽ. 145 രാജ്യങ്ങളുടെ പട്ടികയിൽ ഈ വർഷവും ഇന്ത്യ 131–ാം സ്ഥാനം നിലനിർത്തി. ലോക സാമ്പത്തിക ഫോറം (ഡബ്ല്യുഇഎഫ്) പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം 14 രാജ്യങ്ങൾ മാത്രമാണ് ലിംഗവിവേചന സൂചികയിൽ ഇന്ത്യയുടെ പിന്നിൽ. പട്ടികയിൽ ഐസ്‌ലൻഡ്, ഫിൻലൻഡ്, നോർവേ എന്നീ രാജ്യങ്ങൾ ഒന്നാമതെത്തിയപ്പോൾ പാകിസ്ഥാൻ (143), ഇറാൻ (144), ഛാഡ് (145) എന്നീ രാജ്യങ്ങളാണ് ഏറ്റവും താഴെ.

2006–ൽ ആദ്യമായി പുറത്തുവിട്ട ആഗോള ലിംഗവിവേചന സൂചിക റിപ്പോർട്ട് ഇരുപതാം വർഷത്തിലെത്തി നിൽക്കുമ്പോൾ ആഗോള ലിംഗസമത്വം 69.2 ശതമാനം മാത്രമാണെന്നു ഡബ്ല്യുഇഎഫ് റിപ്പോർട്ടിൽ പറയുന്നു. ആഗോളതലത്തിൽ 30.8 ശതമാനം ലിംഗവിവേചനം ഇപ്പോഴും നിലനിൽക്കുന്നുണ്ടെന്നാണ് ഈ വർഷത്തെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. സാമ്പത്തിക പങ്കാളിത്തവും അവസരവും, വിദ്യാഭ്യാസ നേട്ടം, ആരോഗ്യവും അതിജീവനവും, രാഷ്ട്രീയ ശക്തീകരണം എന്നീ നാല് പ്രധാന ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഡബ്ല്യുഇഎഫ് റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്. ഇതിൽ ആരോഗ്യവും അതിജീവനവും (96.2 ശതമാനം), വിദ്യാഭ്യാസ നേട്ടം (96.9 ശതമാനം) എന്നിവ ആഗോളതലത്തിൽ തുല്യതയോട് അടുത്തുനിൽക്കുന്നുണ്ടെങ്കിലും സാമ്പത്തിക പങ്കാളിത്തവും അവസരവും (61.7 ശതമാനം), രാഷ്ട്രീയ ശക്തീകരണം (22.1 ശതമാനം) എന്നിവയിലെ അസമത്വമാണ് ഇത്രയും വലിയ അന്തരത്തിനുള്ള പ്രധാന കാരണങ്ങൾ.

ഇന്ത്യയിൽ ലിംഗസമത്വത്തിലേക്കുള്ള പുരോഗതി നിലവിൽ 64.5 ശതമാനമാണെന്നാണ് റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നത്. വിദ്യാഭ്യാസ നേട്ടം (96.6 ശതമാനം), ആരോഗ്യവും അതിജീവനവും (95.6 ശതമാനം) എന്നീ ഘടകങ്ങളിൽ ഇന്ത്യ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക പങ്കാളിത്തത്തിലും അവസരത്തിലും 41.2 ശതമാനം മാത്രമാണ് ഇന്ത്യയുടെ തുല്യതാ സ്കോർ. രാഷ്ട്രീയ ശക്തീകരണത്തിലാകട്ടെ 24.5 ശതമാനം മാത്രവും. ഭരണനേതൃത്വത്തിന്റെ സൂചികയിൽ 40.7 ശതമാനം മാത്രം തുല്യതാ സ്കോറുള്ള ഇന്ത്യക്കു മറ്റ് ഉപസൂചികകളിലും താരതമ്യേന കുറഞ്ഞ സ്കോറാണുള്ളത്. പാർലമെന്റിൽ 16.1 മാത്രം തുല്യതാ സ്കോറുള്ള രാജ്യത്ത് മന്ത്രിതലത്തിൽ ഈ വർഷം 5.9 ശതമാനം മാത്രമാണ് തുല്യതാ സ്കോർ. 2006 മുതൽ ഇന്ത്യയുടെ ലിംഗസമത്വം 4.3 ശതമാനം വർധിച്ചിട്ടുണ്ടെന്നു റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# മുൻ കേന്ദ്രമന്ത്രി സുദർശന നാച്ചിയപ്പൻ അന്തരിച്ചു



ചെന്നൈ: മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ ഇ.എം. സുദർശന നാച്ചിയപ്പൻ (78) അന്തരിച്ചു. മൻമോഹൻസിംഗ് മന്ത്രിസഭയിൽ കേന്ദ്ര വാണിജ്യ–വ്യവസായ സഹമന്ത്രിയായിരുന്നു. പാർലമെന്റിൽ പാർട്ടി വിപ്പായും പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസിനോടു കലഹിച്ചു ജി.കെ. മൂപ്പനാർ രൂപീകരിച്ച തമിഴ് മാനില കോൺഗ്രസ് (ടിഎംസി) നേതാവായിരുന്ന പി. ചിദംബരത്തെ 1999–ൽ ശിവഗംഗയിൽ പരാജയപ്പെടുത്തിയാണ് എംപിയായത്. രണ്ടു തവണ രാജ്യസഭാംഗമായിരുന്നു. ശ്രീലങ്കൻ തമിഴർക്കുവേണ്ടി ശബ്ദമുയർത്തി അദ്ദേഹം മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങളിൽ സജീവമായി ഇടപെട്ടിരുന്നു.






# ജോസ് കെ. മാണിക്കും നിഷാ ജോസിനും സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെ ഗംഭീര സ്വീകരണം










**ഡോ. ജോർജ് എം. കാക്കനാട്ട്**

ഹൂസ്റ്റൺ: രാജ്യസഭാംഗവും കേരള കോൺഗ്രസ് (എം) ചെയർമാനുമായ ജോസ് കെ. മാണിക്കും നിഷാ ജോസിനും സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിന്റെ കോർപ്പറേറ്റ് ഓഫീസിൽ ഹൃദ്യമായ സ്വീകരണം നല്കി. ചേംബർ കുടുംബവുമായി ഏറെ അടുത്ത ബന്ധമുള്ള ജോസ് കെ. മാണിക്ക് ഇതിനു മുൻപും ചേംബർ സ്വീകരണം നല്കിയിട്ടുണ്ട്. ഇത്തവണയും വൻ ജനപങ്കാളിത്തത്തോടെ നടന്ന ചടങ്ങ് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും മനോഹര കൂട്ടായ്മയായി മാറി.

സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സ്, ഫോമാ, പ്രവാസി കേരള കോൺഗ്രസ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിലാണ് ഈ സ്വീകരണം സംഘടിപ്പിച്ചത്. വിവിധ സാമൂഹിക, സാംസ്കാരിക, ബിസിനസ് സംഘടനകളുടെ പ്രതിനിധികളും ചേംബർ അംഗങ്ങളും കമ്യൂണിറ്റി നേതാക്കളും ചടങ്ങിൽ സന്നിഹിതരായിരുന്നു. ചേംബർ ഫിനാൻസ് ഡയറക്ടർ സണ്ണി കാരിക്കൽ എംസിയായി പരിപാടികൾ നിയന്ത്രിച്ചു. നിശബ്ദ പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങിൽ ചേംബർ സെക്രട്ടറി ബ്രൂസ് കൊളമ്പേൽ സ്വാഗതം ആശംസിച്ചു.

ചേംബർ പ്രസിഡണ്ട് ഡോ. ജോർജ് കാക്കനാട്ട് അദ്ധ്യക്ഷപ്രസംഗം നിർവഹിച്ചു. ജോസ് കെ. മാണിയുടെ രാഷ്ട്രീയ പൊതുപ്രവർത്തനത്തെയും കേരളത്തിന്റെ പ്രമുഖ രാഷ്ട്രീയ നേതാവായിരുന്ന പിതാവ് കെ.എം. മാണിയുടെ പാരമ്പര്യം അദ്ദേഹം മുന്നോട്ടു കൊണ്ടുപോകുന്നതിലെ പ്രയാണത്തെയും ഡോ. ജോർജ് കാക്കനാട്ട് അനുസ്മരിച്ചു. കർഷകരുടെയും കാർഷിക മേഖലയുടെയും ഉന്നമനത്തിനായി ജോസ് കെ. മാണി നടത്തുന്ന ഇടപെടലുകളും കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്കായി അദ്ദേഹം മുന്നോട്ടു വെക്കുന്ന ആശയങ്ങളും അദ്ധ്യക്ഷൻ എടുത്തുപറഞ്ഞു. വിദ്യാഭ്യാസം, കൃഷി, സാമ്പത്തിക വികസനം എന്നീ മേഖലകളിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം ഊന്നിപ്പറഞ്ഞു.

തുടർന്ന് ഫോമാ പ്രസിഡണ്ട് ബേബി മണക്കുന്നേൽ, പ്രവാസി കേരള കോൺഗ്രസ് പ്രതിനിധി തോമസ് ചെറുകര, സ്റ്റാഫോർഡ് മേയർ കെൻ മാത്യു, ചേംബർ വൈസ് പ്രസിഡണ്ട് ജോമോൻ ഇടയാടിയിൽ, ഷാജി എഡ്വേർഡ്, ഫോമാ സ്ഥാപക പ്രസിഡണ്ട് ശശിധരൻ നായർ, ഫോമാ മുൻ പ്രസിഡണ്ട് ബേബി ഊരാളിൽ, ജെയിംസ് വെട്ടിക്കനാൽ, നേർക്കാഴ്ച ചീഫ് എഡിറ്റർ സൈമൺ വാലച്ചേരി എന്നിവർ ജോസ് കെ. മാണിക്കും നിഷ ജോസിനും ആശംസകളും അനുമോദനങ്ങളും നേർന്നു.

ചടങ്ങിന്റെ ഭാഗമായി ഡോ. ജോർജ് കാക്കനാട്ടിന്റെ 'വിശ്വാസത്തിന്റെ ഏഴ് വാതിലുകൾ' എന്ന പുതിയ പുസ്തകം ചടങ്ങിൽ പരിചയപ്പെടുത്തി. ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ നാഷണൽ സെക്രട്ടറി അനിൽ ആറന്മുളയാണ് പുസ്തകപരിചയം നിർവഹിച്ചത്. വിശ്വാസം, തീർത്ഥാടനം, ആത്മീയാനുഭവം, ചരിത്രം എന്നിവ ഇഴചേർന്നുള്ള വ്യക്തിപരമായ യാത്രാവിവരണമാണ് ഈ കൃതി. വിവിധ രാജ്യങ്ങളിലെ ക്രൈസ്തവ പുണ്യസ്ഥലങ്ങളിലൂടെയുള്ള യാത്രകളെ അഗാധമായ ആത്മീയ ചിന്തകളുമായി ബന്ധിപ്പിക്കുന്നതാണ് ഈ പുസ്തകം.



തന്റെ പ്രസംഗത്തിൽ നിഷാ ജോസ് സാമൂഹിക സേവന രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു. വിശേഷിച്ചും സ്തനാർബുദ ബോധവത്കരണ പ്രവർത്തനങ്ങളും ജീവകാരുണ്യ സംരംഭങ്ങളും നിർദ്ധനരും പിന്നാക്കം നിൽക്കുന്നവരുമായ മനുഷ്യർക്ക് ആശ്വാസമേകുന്ന വിവിധ പദ്ധതികളും അവർ വിവരിച്ചു.

തങ്ങളെ ഹൃദയപൂർവം സ്വീകരിച്ച സൗത്ത് ഇന്ത്യൻ യുഎസ് ചേംബർ ഓഫ് കൊമേഴ്സിനും ഭാരവാഹികൾക്കും അംഗങ്ങൾക്കും ഹൂസ്റ്റണിലെ പ്രവാസി സമൂഹത്തിനും ജോസ് കെ. മാണി നന്ദി രേഖപ്പെടുത്തി. ചേംബർ കുടുംബവുമായി തനിക്കുള്ള ദീർഘകാല ബന്ധം അദ്ദേഹം ഓർത്തെടുത്തു. കേരളത്തിലെ വിവിധ വികസന - വിദ്യാഭ്യാസ പദ്ധതികളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. കോഴയിലെ സയൻസ് സിറ്റി പദ്ധതി, കോട്ടയത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്യൂണിക്കേഷൻ (ഐഐഎംസി) ശാഖ തുടങ്ങിയ സുപ്രധാന പദ്ധതികളും കൃഷി, വിദ്യാഭ്യാസം, സാമ്പത്തിക വികസനം എന്നീ ശാഖകളിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ താൻ നടത്തുന്ന ശ്രമങ്ങളും അദ്ദേഹം വിശദീകരിച്ചു.

ചേംബർ ജോയിന്റ് സെക്രട്ടറി സോണി ജോസഫ് ചടങ്ങിന് നന്ദി രേഖപ്പെടുത്തി. ചടങ്ങിൽ സംബന്ധിച്ച വിശിഷ്ടാതിഥികൾക്കും ജോസ് കെ. മാണിക്കും നിഷാ ജോസിനും സഹസംഘടനകളുടെ ഭാരവാഹികൾക്കും ചേംബർ അംഗങ്ങൾക്കും സദസ്സിലുണ്ടായിരുന്ന എല്ലാവർക്കും അദ്ദേഹം കൃതജ്ഞത അറിയിച്ചു. വിവിധ സംഘടനകളുടെ പ്രതിനിധികളും ബിസിനസ് - സാമൂഹിക രംഗത്തെ പ്രമുഖരും ചേംബർ അംഗങ്ങളും അണിനിരന്ന ചടങ്ങ് സൗഹൃദത്തിന്റെയും ഊഷ്മള കൂട്ടായ്മയുടെയും വേദിയായി മാറി. സമൃദ്ധമായ അത്താഴ വിരുന്നോടെ പരിപാടികൾ സമാപിച്ചു.














# എസ്.എം.സി.സി. ദേശീയതലത്തിൽ സ്പോർട്സ് ടൂർണമെന്റ് സംഘടിപ്പിക്കുന്നു

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്എം.സി.സി) നാഷണൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ദേശീയതലത്തിൽ സ്പോർട്സ് ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നു. ആദ്യഘട്ടത്തിൽ ബാസ്കറ്റ്ബോൾ, വോളിബോൾ മത്സരങ്ങൾ നവംബർ 28-ന് ശനിയാഴ്ച ന്യൂജേഴ്സിയിലെ ഹിൽസ്ബോറോയിലുള്ള അയൺ പീക് സ്പോർട്സ് കോംപ്ലക്സിൽവെച്ച് നടക്കും. ഒന്നാം സമ്മാനം 2001 ഡോളർ ക്യാഷ് അവാർഡും ട്രോഫിയുമാണ്. രണ്ടും മൂന്നും സ്ഥാനത്ത് വരുന്നവർക്ക് യഥാക്രമം 1001 ഡോളറും 501 ഡോളറും ട്രോഫികളും നല്കും. കൂടാതെ വിജയികൾക്ക് വ്യക്തിഗത ട്രോഫികളും സമ്മാനിക്കുന്നതാണ്.

ചിക്കാഗോ രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമുള്ള ടീമുകൾക്കാണ് ഈ മത്സരങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കുക. സ്പോർട്സ് ടൂർണമെന്റുകൾ സംഘടിപ്പിക്കുവാൻ മുൻകൈയെടുത്ത എസ്.എം.സി.സി നാഷണൽ കമ്മിറ്റിയെ ചിക്കാഗോ രൂപതാ ബിഷപ് മാർ ജോയി ആലപ്പാട്ട് അനുമോദിച്ചു.

പുതിയ കാലഘട്ടത്തിൽ യുവജനങ്ങളെ സഭയുടെ മുഖ്യധാരയിലേക്ക് ചേർത്തു നിർത്തുന്നതിനും അതോടൊപ്പം യുവജനങ്ങളുമായി ക്രിസ്തീയ മൂല്യങ്ങളും സ്നേഹത്തിന്റെയും സേവനത്തിന്റെയും സന്ദേശം പങ്കുവെക്കാനുമുള്ള മികച്ച വേദി കൂടിയാണ് കായികരംഗം. ഇപ്പോൾത്തന്നെ ചിക്കാഗോ രൂപതയിലെ വിവിധ ഇടവകകളിൽ സ്പോർട്സ് ടീമുകൾ സജീവമാണ്. എല്ലാ ഇടവകകളിൽ നിന്നുമുള്ള ടീമുകൾ ഈ ടൂർണമെന്റിൽ പങ്കെടുക്കണമെന്ന് മാർ ജോയി ആലപ്പാട്ട് ഉദ്ബോധിപ്പിച്ചു.

നവംബർ 28-ന് ശനിയാഴ്ച ന്യൂജേഴ്സിയിൽ നടക്കുന്ന സ്പോർട്സ് ടൂർണമെന്റിലേക്ക് എല്ലാ ഇടവകകളിൽ നിന്നുമുള്ള ടീമുകളേയും പ്രതീക്ഷിക്കുന്നതായി നാഷണൽ ഡയറക്ടർ ഫാ. ജോർജ് എളമ്പാശേരിൽ പറഞ്ഞു.

എസ്എംസിസി നാഷണൽ കമ്മിറ്റി സംഘടിപ്പിക്കുന്ന ബാസ്കറ്റ്ബോൾ, വോളിബോൾ ടൂർണമെന്റിൽ എല്ലാ ഇടവകകളുടെയും സഹകരണം ഉണ്ടാകണമെന്ന് എസ്എംസിസി പ്രസിഡണ്ട് ജോർജ് വി. ജോർജ്, ജനറൽ സെക്രട്ടറി ഷോളി കുമ്പിളുവേലി, ട്രഷറർ ടോമി തോമസ്, ബോർഡ് ചെയർമാൻ സിജിൽ പാലക്കലോടി എന്നിവർ അഭ്യർത്ഥിച്ചു.

ടൂർണമെന്റിന്റെ വിജയത്തിനായി വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നതായി പ്രസിഡണ്ട് ജോർജ് വി. ജോർജ് അറിയിച്ചു. രജിസ്ട്രേഷനുള്ള അവസാന തീയതി ഒക്ടോബർ 10 ആണ്. അതിനു മുമ്പായി താല്പര്യമുള്ള ടീമുകൾ രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിച്ചു. ടൂർണമെന്റിനെ സംബന്ധിച്ച് കൂടുതൽ അറിയുവാൻ കോ-ഓർഡിനേറ്റർമാരായ റ്റീനോ തോമസ് 845 538 3203, റോഷൻ പ്ലാമൂട്ടിൽ 484 470 5229 എന്നിവരെ ബന്ധപ്പെടുക.




## സാജൻ മൂഴിക്കാട്ട് അന്തരിച്ചു



ഫിലാഡൽഫിയ: ഫിലാഡൽഫിയയിലെ ആദ്യകാല മലയാളിയും കായിക രംഗത്തെ സജീവ സാന്നിധ്യവുമായ കോട്ടയം മുട്ടുചിറ സ്വദേശി സേവ്യർ മൂഴിക്കാട്ടിന്റെയും മേഴ്സിയുടെയും ഏക മകൻ സാജൻ മൂഴിക്കാട്ട് (47) അന്തരിച്ചു. മെരിലാന്റിലെ മൺറോവിയയിൽ ജിമ്മിൽ എക്സർസൈസിനിടെ പെട്ടെന്ന് കുഴഞ്ഞു വീഴുകയായിരുന്നു. പരേതൻ ഡ്രെക്സൽ യൂണിവേഴ്സിറ്റിയിൽനിന്ന്, എഞ്ചിനീയറിംഗ് പാസായശേഷം ലോക്ക് ഹീഡ് മാർട്ടിനിൽ ഉദ്യോഗസ്ഥനായി ജോലി ചെയ്യുകയായിരുന്നു. അറ്റേണിയായ ഭാര്യ പൂജയും ലോക്ക്ഹീഡ് മാർട്ടിനിൽ ഉദ്യോഗസ്ഥയാണ്. മക്കൾ: മില്ലി, ലൈല, സെറിൻ. അമേരിക്കൻ മലയാളികളിൽ സ്പോർട്സ് ആൻഡ് ഗെയിംസ് രംഗത്ത് ദ്രോണാചാര്യസ്ഥാനീയനും അനവധി മലയാളികൾക്ക് സിറ്റി ഉദ്യോഗം ലഭ്യമാക്കുന്നതിൽ സമാനതകളില്ലാത്ത സേവനംകൊണ്ട് പുകളറിഞ്ഞ വ്യക്തിയുമായ, സേവ്യർ മൂഴിക്കാട്ടിന്റെ മകനും വൻ സുഹൃദ് സമ്പത്തിനുടമയും കായിക പ്രേമിയുമായിരുന്ന സാജൻ മൂഴിക്കാട്ടിന്റെ അകാല നിര്യാണത്തിൽ അമേരിക്കൻ മലയാള യുവസമൂഹവും ഇന്ത്യൻ അമേരിക്കൻ സംഘടനകളും അനുശോചിച്ചു.

Viewing : Monday, September 21, 2026; 5.00-8.00 PM; Stauffer Funeral Home; 1621, Opossumtown Pike, Frederik, MD

Funeral Mass: Tuesday, September 22, 2026, 11.00 AM, St. Ignatius of Loyola Catholic Church

4103 Prices Distillery Road, Jamsville MD

**വാർത്ത:ജോർജ് നടവയൽ**

## ഒരേ ജോലി ചെയ്യുന്നു എന്നതിനാൽ തുല്യവേതനം നൽകാനാകില്ലെന്നു സുപ്രീംകോടതി

ന്യൂഡൽഹി: ഒരേ സ്ഥാപനത്തിൽ സമാനമായ ജോലി ചെയ്യുന്ന ഒറ്റക്കാരണംകൊണ്ടു മാത്രം എല്ലാവർക്കും തുല്യ ശമ്പളം നൽകാനാകില്ലെന്നു സുപ്രീംകോടതി.

ജീവനക്കാരുടെ യോഗ്യത, മുൻപരിചയം, ജോലിയിൽ പ്രവേശിച്ച രീതി തുടങ്ങിയ കാര്യങ്ങൾ കൂടി പരിഗണിച്ചേ ശമ്പളക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂവെന്നും ജസ്റ്റീസുമാരായ ദീപാങ്കർ ദത്ത, ഷീൽ നാഗു എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നേരിട്ടു നിയമനം ലഭിച്ച ജൂനിയർ വിഭാഗം ഹയർ സെക്കൻഡറി അധ്യാപകർ സമർപ്പിച്ച അപ്പീൽ തള്ളിക്കൊണ്ടാണ് സുപ്രീംകോടതി ഇക്കാര്യം വ്യക്തമാക്കിയത്.

സ്ഥലംമാറ്റം വഴിയോ സ്ഥാനക്കയറ്റം വഴിയോ നിയമിക്കപ്പെട്ട ഹയർ സെക്കൻഡറി അധ്യാപകർക്കു ലഭിക്കുന്ന അതേ ശമ്പള സ്കെയിൽ നേരിട്ടു നിയമിക്കപ്പെട്ടവർക്കും നൽകണമെന്നായിരുന്നു ഹർജിക്കാരുടെ ആവശ്യം.

വിദ്യാഭ്യാസ യോഗ്യത, സേവന പരിചയം തുടങ്ങി നിരവധി കാര്യങ്ങൾ ശമ്പള സ്കെയിൽ തീരുമാനിക്കുന്നതിന് ഘടകങ്ങളാണെന്നു നിരീക്ഷിച്ച കോടതി വിഷത്തിൽ കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധി ശരിവച്ചു.








# ചിക്കാഗോയിലെ സാമൂഹിക പ്രവർത്തകർക്ക് ചിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ്

ജോസ് കണിയാലി

ചിക്കാഗോ: ചിക്കാഗോ മലയാളി സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ സേവനം ചെയ്യുന്ന വ്യക്തിത്വങ്ങളെ ചിക്കാഗോ പൗരാവലിയുടെ നേതൃത്വത്തിൽ ആദരിച്ചു. സെപ്റ്റംബർ 14- ന് തിങ്കളാഴ്ച വൈകുന്നേരം മോർട്ടൻഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്ക പള്ളിവക ഓഡിറ്റോറിയത്തിൽ വെച്ചായിരുന്നു സമ്മേളനം. അവാർഡുദാന ചടങ്ങുകളിൽ നിന്നും വ്യത്യസ്തമായ രീതിയിലായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്.

ശാന്തി ജെയ്സന്റെ പ്രാർത്ഥനാ ഗാനത്തോടെ സമ്മേളനം ആരംഭിച്ചു. ജോസ് കണിയാലി (കേരളാ എക്സ്പ്രസ്) ആയിരുന്നു എം.സി. പ്രോഗ്രാമിന്റെ മുഖ്യ സംഘാടകൻ സണ്ണി വള്ളിക്കളം സ്വാഗതം ആശംസിച്ചു. ബിഷപ് മാർ ജോയി ആലപ്പാട്ട്, ജലസേചന മന്ത്രി മോൻസ് ജോസഫ്, ജോസ് കെ. മാണി എംപി, സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളി വികാരി ഫാ. സിജു മുടക്കോടിൽ എന്നിവർ മുഖ്യാതിഥികളായിരുന്നു.

കേരളാ എക്സ്പ്രസ് ചീഫ് എഡിറ്റർ കെ.എം. ഈപ്പൻ, വാചകം ചീഫ് എഡിറ്റർ ജോസ് ചെന്നിക്കര, സിറിയക് കൂവക്കാട്ടിൽ, പീറ്റർ കുളങ്ങര, സതീശൻ നായർ, അനിൽകുമാർ പിള്ള, ജോസ് ചാമക്കാല സി.പി.എ, മോനു വർഗീസ്, പ്രിൻസ് തോമസ്, ചിനു തോട്ടം, തോമസ് ഒറ്റക്കുന്നേൽ, വക്കച്ചൻ പുതുക്കുളം, ജോൺസൺ കണ്ണൂക്കാടൻ, അനിൽ മറ്റത്തിക്കുന്നേൽ എന്നിവരെ വിശിഷ്ടാതിഥികളായ മാർ ജോയി ആലപ്പാട്ട്, മന്ത്രി മോൻസ് ജോസഫ്, ജോസ് കെ. മാണി എംപി എന്നിവർ പൊന്നാടയണിയിച്ച് ആദരിച്ചു.

ഹാൻഡികാപ്പ് എഡ്യൂക്കേഷണൽ അസിസ്റ്റൻസ് പ്രോഗ്രാമിന്റെ ബ്രാൻഡ് അംബാസിഡറായ നിഷ ജോസ് കെ. മാണി, സോണിയ മോൻസ് എന്നിവരെ ചിക്കാഗോ പൗരാവലിയുടെ പേരിൽ ബിഷപ് മാർ ജോയി ആലപ്പാട്ട് ആദരിച്ചു. പീറ്റർ കുളങ്ങര പ്രോഗ്രാമിനെക്കുറിച്ച് വിശദീകരിച്ചു.

കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി, പ്രോഗ്രാമിന്റെ മുഖ്യ സംഘാടകരായ സണ്ണി വള്ളിക്കളം, ജോൺ പാട്ടപ്പതി, പീറ്റർ കുളങ്ങര, അഗസ്റ്റിൻ ആലപ്പാട്ട് എന്നിവരെയും വിശിഷ്ടാതിഥികൾ ആദരിക്കുകയും വ്യത്യസ്തമായ രീതിയിൽ ഈ സമ്മേളനം സംഘടിപ്പിച്ചതിൽ അഭിനന്ദിക്കുകയും ചെയ്തു. സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു.

സണ്ണി വള്ളിക്കളത്തിന്റെ ആശയത്തിൽ നിന്നാണ് ഈ പ്രോഗ്രാം സംഘടിപ്പിക്കപ്പെട്ടത്.



മാർ ജോയി ആലപ്പാട്ട്



മന്ത്രി മോൻസ് ജോസഫ്



ജോസ് കെ. മാണി എംപി



ഫാ. സിജു മുടക്കോടിൽ



ജോസ് കണിയാലി



സണ്ണി വള്ളിക്കളം



ജോൺ പാട്ടപ്പതി



പീറ്റർ കുളങ്ങര



ശാന്തി ജെയ്സൺ

ഫോട്ടോ: മോനു വർഗീസ്



# ചിക്കാഗോയിലെ സാമൂഹിക പ്രവർത്തകർക്ക് ചിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ് ചിത്രങ്ങളിലൂടെ...



കെ.എം. ഈപ്പൻ



നിഷ ജോസ് കെ. മാണി



സോണിയ മോൻസ്



സിറിയക് കൂവക്കാട്ടിൽ



ജോസ് ചെന്നിക്കര



സണ്ണി വള്ളിക്കളം



ജോസ് കണിയാലി



പീറ്റർ കുളങ്ങര



ജോൺ പാട്ടപ്പതി



അഗസ്റ്റിൻ ആലപ്പാട്ട്



ജോസ് ചാമക്കാല സിപിഎ



വക്കച്ചൻ പുതുക്കുളം



മോനു വർഗീസ്



അനിൽകുമാർ പിള്ള



സതീശൻ നായർ



അനിൽ മറ്റത്തിക്കുന്നേൽ



ജോൺസൺ കണ്ണൂക്കാടൻ



പ്രിൻസ് തോമസ്



തോമസ് ഒറ്റക്കുന്നേൽ



ചിന്നു തോട്ടം

# ചിക്കാഗോയിലെ സാമൂഹിക പ്രവർത്തകർക്ക് ചിക്കാഗോ പൗരാവലിയുടെ സ്നേഹാദരവ് ചിത്രങ്ങളിലൂടെ...



# ഓപ്പറേഷൻ തൂഫാൻ എന്നും ജനങ്ങൾക്കൊപ്പം: ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല

**അഭിമുഖം: ജോസ് കണിയാലി**

'ഓപ്പറേഷൻ തൂഫാൻ' എന്ന് കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് ആദ്യമോടിയെത്തുന്ന മുഖമാണ് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയുടേത്. കേരളത്തിന്റെ ആഭ്യന്തരവകുപ്പിന്റെ ചുമതല ഏറ്റെടുത്ത് പ്രവർത്തനരംഗത്ത് സജീവമായി ഇടപെടുന്ന അദ്ദേഹം, പതിറ്റാണ്ടുകളായുള്ള രാഷ്ട്രീയ അനുഭവസമ്പത്തുമായാണ് പുതിയ ഉത്തരവാദിത്വത്തെ സമീപിക്കുന്നത്. വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്ന അദ്ദേഹം, എം.പി., കെ.പി.സി.സി. പ്രസിഡന്റ്, പ്രതിപക്ഷ നേതാവ്, മന്ത്രി തുടങ്ങി വിവിധ നിലകളിൽ പ്രവർത്തിച്ച് കേരള രാഷ്ട്രീയത്തിലെ നിർണായക ഘട്ടങ്ങളുടെ ഭാഗമായിട്ടുണ്ട്.

നീണ്ട രാഷ്ട്രീയ ജീവിതത്തിൽ നേടിയ അനുഭവങ്ങളും ഭരണരംഗത്തെ പരിചയവും പുതിയ ഉത്തരവാദിത്വത്തോടൊപ്പം ചേർത്തുകൊണ്ട് മുന്നോട്ടുപോകുന്ന ഈ ഘട്ടത്തിൽ, സമകാലിക രാഷ്ട്രീയവും ആഭ്യന്തരവകുപ്പുമായി ബന്ധപ്പെട്ടവിഷയങ്ങളും ഉൾപ്പെടെ നിരവധി കാര്യങ്ങളെക്കുറിച്ച് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയോട് കേരളാ എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലി സംസാരിക്കുന്നു. കേരളാ എക്സ്പ്രസ്സ് ചീഫ് എഡിറ്റർ കെ.എം. ഈപ്പനും സന്നിഹിതനായിരുന്നു.

**രണ്ടാം തവണയാണ് കേരളത്തിന്റെ ആഭ്യന്തരമന്ത്രിയായി താങ്കൾ ചുമതലയേൽക്കുന്നത്. മുമ്പത്തെ അനുഭവങ്ങളിൽനിന്ന് വ്യത്യസ്തമായ എന്തെങ്കിലും ഇപ്പോൾ അനുഭവപ്പെടുന്നുണ്ടോ?**

വ്യത്യാസം ധാരാളം അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനിടെ കേരള പോലീസിന്റെ പ്രവർത്തനശേഷി നിർജീവമാക്കുകയും ഭരണസംവിധാനത്തിന്റെ നിയന്ത്രണം ഏതാനും താൽപര്യങ്ങളിലേക്ക് ചുരുക്കുകയും ചെയ്തതിന്റെ പ്രത്യാഘാതങ്ങളാണ് ഇന്ന് കൂടുതൽ രൂക്ഷമായി അനുഭവപ്പെടുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

കേരള പോലീസ് രാജ്യത്തെ തന്നെ മാതൃകാപരമായ പോലീസ് സേനകളിലൊന്നാണ്. മികച്ച ഉദ്യോഗസ്ഥരും സമർത്ഥരായ കുറ്റാന്വേഷകരുമാണ് കേരള പോലീസിന്റെ പ്രത്യേകത. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ അവരുടെ കഴിവിനും ആത്മാർഥതയ്ക്കും സത്യസന്ധമായ പ്രവർത്തനത്തിനും അർഹമായ പരിഗണന നൽകാതെ, അധികാര കേന്ദ്രങ്ങൾക്ക് താൽപര്യമുള്ള കാര്യങ്ങൾ മാത്രം നടപ്പാക്കുന്നവർക്ക് പ്രാധാന്യം നൽകുന്ന ഒരു പോലീസ് സംവിധാനമാണ് ഇവിടെ രൂപപ്പെട്ടത്. അതിനെ പൊളിച്ചെഴുതി പുനഃസംഘടിപ്പിക്കുക എന്ന വളരെ ശ്രമകരമായ ദൗത്യമാണ് ഇപ്പോൾ ഞാൻ ഏറ്റെടുത്ത് നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

പോലീസ് സേനയ്ക്ക് രാഷ്ട്രീയമുണ്ടാകാൻ പാടില്ല. സേന, സേനയായി തന്നെ പ്രവർത്തിക്കണം. ഇത് ലേബർ ഡിപ്പാർട്ട്മെന്റല്ല; പോലീസ് ഡിപ്പാർട്ട്മെന്റാണ്. പോലീസിൽനിന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നത് നീതിയാണ്. അത് ഏത് രാഷ്ട്രീയപാർട്ടിയിൽപ്പെട്ടവരായാലും ഒരുപോലെ ലഭിക്കണം. നിയമവാഴ്ച നിഷ്പക്ഷമായി നിലനിർത്താനുള്ള ഉത്തരവാദിത്വം കേരള പോലീസിനുണ്ട്.

ആ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ വീഴ്ചയുണ്ടായാൽ പോലീസിലുള്ള ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടും. പോലീസിലുള്ള വിശ്വാസം നഷ്ടപ്പെടുന്നത് അരാജകത്വത്തിലേക്കുള്ള വഴിയാണ്. ഭരണഘടനയെയും നമ്മുടെ നിയമ സംവിധാനങ്ങളെയും ഫലപ്രദമായി സംരക്ഷിക്കേണ്ട ഉത്തരവാദിത്വവും പോലീസിനുണ്ട്. പോലീസ് എന്നത് അടിസ്ഥാനപരമായി ഒരു നിയമനിർവഹണ ഏജൻസിയാണ്. അതിൽ പൗരന് വിശ്വാസമുണ്ടാകണം; നീതി ലഭിക്കുമെന്ന ഉറപ്പുണ്ടാകണം. നിയമപരിപാലനം കാര്യക്ഷമമായി നടത്താൻ പോലീസിന് കഴിയുമ്പോഴാണ് ആ വിശ്വാസം നിലനിൽക്കുന്നത്. ആ നിലയിൽ കേരള പോലീസിനെ കൂടുതൽ കാര്യക്ഷമവും ജനവിശ്വാസമുള്ളതുമായ സേനയായി സജ്ജമാക്കുക എന്ന ഉത്തരവാദിത്വമാണ് ഇന്ന് ഞാൻ ഏറ്റെടുത്തിരിക്കുന്നത്.



**ഇന്ന് കേരളത്തിൽ പോലീസ് സ്റ്റേഷൻ എന്ന വാക്ക് കേൾക്കുമ്പോൾ തന്നെ പലരുടെയും മനസ്സിൽ ഒരു ഭയമാണ് ഉണ്ടാകുന്നത്. പോലീസുകാരോട് സംസാരിക്കാൻ പോലും മടിക്കുന്ന സാഹചര്യമുണ്ട്. എന്നാൽ അമേരിക്ക പോലുള്ള രാജ്യങ്ങളിൽ പോലീസ് സ്റ്റേഷൻ ജനങ്ങൾക്ക് ഭയമില്ലാതെ കയറിച്ചെല്ലാവുന്ന ഇടമാണ്. അപകടമുണ്ടായാൽ പോലും പോലീസ് വാഹനം നിർത്തി സഹായിക്കുന്ന സമീപനമാണ് അവിടെ കാണുന്നത്. കേരളത്തിലെ പോലീസ് സ്റ്റേഷനുകളെയും ജനങ്ങൾക്ക് ഭയമില്ലാതെ കടന്നുചെല്ലാനും സഹായം തേടാനും കഴിയുന്ന ഇടങ്ങളാക്കി മാറ്റാൻ കഴിയുമോ?**

കേരളത്തിലെ പോലീസ് സ്റ്റേഷനുകളുടെ സമഗ്രമായ നവീകരണത്തിന് ആഭ്യന്തരമന്ത്രി എന്ന നിലയിൽ ഞാൻ ഇതിനകം തന്നെ മുൻകൈ എടുത്തുകഴിഞ്ഞു. ഇതിന്റെ ഭാഗമായി 'മൈ പോലീസ് സ്റ്റേഷൻ' എന്ന പദ്ധതി കേരളത്തിൽ നടപ്പാക്കുകയാണ്. 'മൈ പോലീസ് സ്റ്റേഷൻ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഓരോ പൗരനും, ഇത് എന്റെ പോലീസ് സ്റ്റേഷനാണ് എന്ന് തോന്നുന്ന തരത്തിലുള്ള ഒരു സംവിധാനമാണ്.

നിർഭയമായി പോലീസ് സ്റ്റേഷനിലേക്ക് കടന്നുചെല്ലാനും സ്വന്തം പരാതികളും ആവശ്യങ്ങളും തുറന്നുപറയാനും ഓരോ പൗരനും കഴിയണം. കേരള പോലീസിനെയും അതിന്റെ പ്രവർത്തനകേന്ദ്രമായ പോലീസ് സ്റ്റേഷനുകളെയും അത്തരമൊരു ജനസൗഹൃദ സംവിധാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ പുതിയ പദ്ധതി ആരംഭിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം മുഖ്യമന്ത്രി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു.

നമ്മുടെ ലക്ഷ്യം വളരെ വ്യക്തമാണ്. അമേരിക്ക ഉൾപ്പെടെയുള്ള വികസിത രാജ്യങ്ങളിൽ സാധാരണക്കാരന് പോലീസിനെ സമീപിക്കുമ്പോൾ ഭയപ്പെടേണ്ട സാഹചര്യമില്ല. നമ്മുടെ പോലീസ് സേനയുടെയും പോലീസ് സ്റ്റേഷനുകളുടെയും രൂപവും പ്രവർത്തനരീതിയും അതിനനുസരിച്ച് മാറ്റിയെടുക്കണം. കുറ്റം ചെയ്യുന്നവരാണ് പോലീസിനെ ഭയക്കേണ്ടത്; സാധാരണ പൗരനല്ല.

ഈ സാഹചര്യത്തിൽ ആഭ്യന്തരമന്ത്രിയായി ചുമതലയേറ്റ ശേഷം ഞാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ഡി.ജി.പി. ആയിരുന്നു കമ്മിറ്റിയുടെ ചെയർമാൻ. കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിക്കുകയും വിവിധ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങൾ തേടുകയും ചെയ്തു. മുൻ ഡി.ജി.പി.മാരുടെ യോഗവും വിളിച്ചു. എല്ലാവരുടെയും അഭിപ്രായം പഴയ സംവിധാനമാണ് കൂടുതൽ ഫലപ്രദമെന്നായിരുന്നു.

അതിന്റെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് 9 മുതൽ എസ്.ഐമാർക്ക് സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പോലീസ് സ്റ്റേഷനുകളുടെ ചുമതല നൽകി. സി.ഐമാർക്ക് മൂന്നോ നാലോ പ്രധാനപ്പെട്ട പോലീസ് സ്റ്റേഷനുകളുടെ മേൽനോട്ട ചുമതലയും നൽകി. അങ്ങനെ പഴയ സംവിധാനത്തിലേക്ക് തിരിച്ചുകൊണ്ടുവരികയാണ് ചെയ്തത്. ഇതിലൂടെ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ വലിയ മാറ്റമാണ് ഉണ്ടാകുന്നത്.

ഇതോടൊപ്പം സ്ത്രീകൾക്ക് കൂടുതൽ ഉത്തരവാദിത്വം നൽകുന്നതിനും തീരുമാനമെടുത്തു. കേരളത്തിലെ 63 പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുദ്യോഗസ്ഥരെ എസ്.എച്ച്.ഒമാരായി നിയമിച്ചു. തമിഴ്നാട് മുഖ്യമന്ത്രിയുമായി സംസാരിക്കുന്നതിനിടെ അദ്ദേഹം കേരളത്തിൽ എത്ര വനിതാ എസ്.എച്ച്.ഒമാരുണ്ടെന്ന് ചോദിച്ചിരുന്നു. അപ്പോഴാണ് ഈ രംഗത്ത് നമുക്ക് കൂടുതൽ ചെയ്യാനുണ്ടെന്ന് ബോധ്യമായത്. അതിന്റെ തുടർച്ചയായാണ് 63 സ്റ്റേഷനുകളിൽ വനിതാ ഉദ്യോഗസ്ഥർക്ക് എസ്.എച്ച്.ഒയുടെ ചുമതല നൽകിയത്.





**കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ വളപ്പിൽ മാസങ്ങളോളം കിടക്കുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?**

തീർച്ചയായും. നിസ്സാര കേസുകളിൽ പ്പോലും വാഹനങ്ങൾ പോലീസ് സ്റ്റേഷൻ വളപ്പിൽ കൊണ്ടുവന്ന് മാസങ്ങളോളം സൂക്ഷിക്കുന്ന രീതി മാറ്റാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇനി പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ വളപ്പിൽ സൂക്ഷിക്കേണ്ടതില്ല. കേസുമായി ബന്ധപ്പെട്ട് വാഹനങ്ങൾ കസ്റ്റഡിയിൽ എടുക്കേണ്ട സാഹചര്യമുണ്ടെങ്കിൽ, അവ റവന്യൂ പുറമ്പോക്ക് പോലുള്ള അനുയോജ്യമായ സ്ഥലങ്ങളിലേക്ക് മാറ്റി സൂക്ഷിക്കാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്.

ഇതിനുപുറമെ, കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളും ശുചീകരിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ന് ആർക്കും ഭയമില്ലാതെ പോലീസ് സ്റ്റേഷനിലേക്ക് കടന്നുചെല്ലാൻ കഴിയുന്ന അന്തരീക്ഷമാണ് ലക്ഷ്യമിടുന്നത്. പ്രവർത്തനരഹിതമായ പഴയ ക്യാമറകൾ മാറ്റി പുതിയ ക്യാമറകൾ സ്ഥാപിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ പോലീസ് സ്റ്റേഷന്റെയും നവീകരണത്തിനായി ഒരു ലക്ഷം രൂപ വീതം അനുവദിക്കുകയും സ്റ്റേഷനുകൾ പെയിന്റ് ചെയ്ത് വൃത്തിയായി പുതുമയോടെ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ആഭ്യന്തരമന്ത്രിയായി ചുമതലയേറ്റതിന് പിന്നാലെ വലിയ ജനശ്രദ്ധ നേടിയ പദ്ധതിയാണല്ലോ 'തൂഫാൻ'. ഈ ആശയം പെട്ടെന്ന് രൂപപ്പെട്ടതാണോ, അതോ നേരത്തെ തന്നെ മനസ്സിൽ ആസൂത്രണം ചെയ്തിരുന്നതാണോ?**

ഈ ആശയം പെട്ടെന്ന് ഉണ്ടായതല്ല. ഞാൻ എം.എൽ.എയായിരുന്ന കാലത്ത്, പ്രതിപക്ഷത്തിരിക്കുമ്പോൾ തന്നെ കേരളത്തിലെ എല്ലാ ജില്ലകളിലും ഡ്രഗ്സിനെതിരായി വാക്കത്തോൺ സംഘടിപ്പിച്ചിരുന്നു. കേരളസമൂഹത്തെയും പ്രത്യേകിച്ച് യുവാക്കളെയും ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന അപകടകരമായ വിഷയങ്ങളിലൊന്നാണ് ലഹരി ഉപയോഗം എന്ന തിരിച്ചറിവിലാണ് അന്ന് അതിന് തുടക്കമിട്ടത്.

ആ പരിപാടി ആരംഭിക്കുമ്പോൾ വിഷയം ഇത്രത്തോളം വ്യാപകമായിരിക്കുമെന്ന് ഞങ്ങൾ പോലും കരുതിയിരുന്നില്ല. എന്നാൽ കേരളത്തിലെ 14 ജില്ലകളിലും ആയിരക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ച് നടത്തിയ വാക്കത്തോണുകളിൽ രാഷ്ട്രീയഭേദമന്യേ വലിയ ജനപങ്കാളിത്തമാണ് ഉണ്ടായത്. സാധാരണക്കാരാണ് അതിൽ കൂടുതലായി പങ്കെടുത്തത്. പ്രതിപക്ഷമെന്നോ ഭരണപക്ഷമെന്നോ വ്യത്യാസമില്ലാതെ എല്ലാവരും അതിന്റെ ഭാഗമായി.

അന്ന് തന്നെ ഞാൻ പറഞ്ഞിരുന്നു എനിക്ക് ഒരു അവസരം ലഭിച്ചാൽ, ലഹരി ഉയർത്തുന്ന ഈ അപകടകരമായ സാഹചര്യം മാറ്റാൻ തീർച്ചയായും പ്രവർത്തിക്കുമെന്ന്. ആ ആശയത്തിന്റെ തുടർച്ചയായാണ് 'തൂഫാൻ' എന്ന പരിപാടിയും രൂപപ്പെടുന്നത്.

ഞാൻ ആഭ്യന്തരമന്ത്രിയായി ചുമതലയേറ്റത് 18-ാം തീയതിയാണ്. അതിന് പിന്നാലെ ജൂൺ 2-ന് തന്നെ 'തൂഫാൻ' പരിപാടിക്ക് തുടക്കം കുറിച്ചു. അതുകൊണ്ടു തന്നെ ഇത് പെട്ടെന്ന് ഉണ്ടായ ഒരു ആശയമല്ല; നേരത്തെ മനസ്സിൽ രൂപപ്പെട്ടിരുന്ന ഒരു ലക്ഷ്യത്തിന്റെ തുടർച്ചയാണ്.



ജോസ് കണിയാലി, ഫെലിക്സ് മുണ്ടപ്ലാക്കിൽ എന്നിവർ ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തലയ്ക്കൊപ്പം

**'ഓപ്പറേഷൻ തൂഫാൻ' കൂടുതൽ വിപുലീകരിച്ച് മുന്നോട്ടുകൊണ്ടുപോകാൻ പദ്ധതിയുണ്ടോ?**

ഉണ്ട്. 'നാർക്കോട്ടിക്' സംവിധാനം കേരള പോലീസിന്റെ സ്ഥിരം സംവിധാനമായി മാറ്റുകയാണ് ലക്ഷ്യം. പോലീസ് സ്റ്റേഷൻ തലത്തിൽ തുടങ്ങി സംസ്ഥാന പോലീസ് മേധാവി (ഡി.ജി.പി.) വരെയുള്ള തലങ്ങളിൽ ഈ സംവിധാനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ ഫണ്ട്, വാഹനങ്ങൾ, ജീവനക്കാരുടെ സേവനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കാനും തീരുമാനിച്ചിട്ടുണ്ട്.

'ഓപ്പറേഷൻ തൂഫാൻ' ഒരു ചരിത്രസംഭവമാണ്. അടുത്തകാലത്ത് ഇന്ത്യയിൽ ഇത്രയധികം ജനശ്രദ്ധ നേടിയ മറ്റൊരു പോലീസ് ഓപ്പറേഷൻ ഉണ്ടായിട്ടില്ലെന്നാണ് എന്റെ വിലയിരുത്തൽ. 'ഓപ്പറേഷൻ തൂഫാൻ: ദി നാർകോ ഹണ്ട്' എന്നാണ് പദ്ധതിയുടെ പേര്.

**സാധാരണ ഇത്തരം ലഹരിവേട്ടകളിൽ വലിയ തോതിൽ പിടികൂടലുകൾ നടക്കും. എന്നാൽ കുറച്ചുനാൾ കഴിയുമ്പോൾ തുടർനടപടികളെക്കുറിച്ച് കാര്യമായ വിവരങ്ങളൊന്നും പുറത്തുവരാറില്ല. പിടിയിലാകുന്ന പ്രതികൾക്ക് വേഗത്തിൽ ശിക്ഷ ഉറപ്പാക്കുന്നതിനും കേസുകൾ സമയബന്ധിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും പ്രത്യേക സംവിധാനം ഒരുക്കുന്നുണ്ടോ?**

കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ മൂന്ന് പുതിയ കോടതികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്-തൃശ്ശൂർ, പാലക്കാട്, എറണാകുളം ജില്ലകളിൽ. ഇതിനു പുറമെ, ലഹരിയുമായി ബന്ധപ്പെട്ട കേസുകൾ വേഗത്തിൽ പരിഗണിച്ച് തീർപ്പാക്കുന്നതിനായി കൂടുതൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്നതിനെക്കുറിച്ചും ചർച്ചകൾ നടക്കുന്നുണ്ട്.

'ഓപ്പറേഷൻ തൂഫാൻ' ഒരു ദിവസം കൊണ്ട് അവസാനിക്കുന്ന നടപടിയല്ല. അത് തുടർച്ചയായി മുന്നോട്ടുപോകുന്ന ഒരു ദൗത്യമാണ്. ഈ പദ്ധതിക്ക് ഏറ്റവും കൂടുതൽ പിന്തുണ ലഭിച്ചിരിക്കുന്നത് സ്ത്രീ സമൂഹത്തിൽ നിന്നാണ്. അമ്മമാരും സഹോദരിമാരും ആഭ്യന്തരമന്ത്രിയെന്ന നിലയിൽ എനിക്ക് അയയ്ക്കുന്ന കത്തുകൾ, ഫോൺ കോളുകൾ, ഇ-മെയിലുകൾ, വാട്സ്ആപ്പ് സന്ദേശങ്ങൾ എന്നിവയിൽ ഏകദേശം 70 ശതമാനവും സ്ത്രീകളിൽ നിന്നുള്ളതാണ്.

അവർ അനുഭവിക്കുന്ന വേദനയും കഷ്ടപ്പാടുകളും വളരെ വലുതാണ്. സ്വന്തം മകൻ ലഹരിക്ക് അടിമയായെന്ന് മറ്റൊരാളോട് തുറന്നുപറയാൻ പോലും പല അമ്മമാർക്കും കഴിയുന്നില്ല. എന്നാൽ അവരുടെ സന്ദേശങ്ങളിലും പ്രതികരണങ്ങളിലും പ്രകടമാകുന്ന വേദനയും പ്രതീക്ഷയുമാണ് ഈ പ്രവർത്തനം കൂടുതൽ ശക്തമായി മുന്നോട്ടുകൊണ്ടുപോകാൻ ഞങ്ങൾക്ക് പ്രചോദനമാകുന്നത്.

**നിലവിലെ സർക്കാരിന്റെ ഏറ്റവും വലിയ നേട്ടമായി താങ്കൾ കാണുന്നത് എന്താണ്?**

'ഓപ്പറേഷൻ തൂഫാൻ' ഒരു വലിയ നേട്ടമാണ്. അതിൽ യാതൊരു സംശയവുമില്ല. ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ കേരളത്തിലെ മനുഷ്യജീവിതത്തെയും പ്രത്യേകിച്ച് യുവതലമുറയെയും നശിപ്പിക്കുന്ന ലഹരിക്കെതിരെ വലിയൊരു അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ലഹരിക്കെതിരായ പോരാട്ടത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സ്കൂളുകളിലും കോളേജുകളിലും പ്രതിജ്ഞയെടുപ്പിക്കുകയും വിദ്യാർഥികളെ ലഹരിയിൽ നിന്ന് അകറ്റി നിർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. കുട്ടികളെയും യുവാക്കളെയും ലഹരിയിൽ നിന്ന് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ വലിയൊരു സാമൂഹിക പോരാട്ടമാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്.

**ഇപ്പോൾ നാട്ടിൽ പവർകട്ടും വൈദ്യുതി പ്രതിസന്ധിയും വലിയ പ്രശ്നമായി മാറുന്നുണ്ട്. വെള്ളപ്പൊക്കവും പതിവാകുന്നു. അണക്കെട്ടുകളും മറ്റ് സംവിധാനങ്ങളും ഉണ്ടായിട്ടും ഈ പ്രശ്നങ്ങൾക്ക് സ്ഥിരമായൊരു പരിഹാരം കണ്ടെത്താൻ കഴിയില്ലേ? വിദേശരാജ്യങ്ങളിൽ, പ്രത്യേകിച്ച് അമേരിക്കയിൽ, വൈദ്യുതി മുടക്കം പോലും അപൂർവമാണല്ലോ?**

അമേരിക്ക പോലെയുള്ള രാജ്യങ്ങളിൽ പ്രധാനമായും ആറ്റമിക് എനർജിയെയാണ് വൈദ്യുതി ഉൽപാദനത്തിനായി ആശ്രയിക്കുന്നത്. അവിടെയുള്ള ചില അണക്കെട്ടുകൾ പോലും ഇപ്പോൾ ഡീകമ്മിഷൻ ചെയ്യുന്നുണ്ട്. അണക്കെട്ടുകൾക്ക് അപകടസാധ്യതയുണ്ടെന്നും, ഏതുസമയത്തും തകരുകയാണെങ്കിൽ വലിയ ദുരന്തത്തിന് കാരണമാകുമെന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് ഇത്തരം നടപടികൾ സ്വീകരിക്കുന്നത്. അമേരിക്കയിൽ തന്നെ നാലോ അഞ്ചോ വലിയ അണക്കെട്ടുകൾ ഇതിനകം ഡീകമ്മിഷൻ ചെയ്തിട്ടുണ്ട്. അത്തരമൊരു സാഹചര്യം വലിയ ദുരന്തത്തിന് വഴിവെക്കാനുള്ള സാധ്യതയുണ്ട്.

ഇതിന് ഒരു പരിഹാരമെന്ന നിലയിൽ ആണവോർജത്തിന്റെ സാധ്യത പരിഗണിക്കേണ്ടിവരും. എന്നാൽ നമ്മുടെ നാട്ടിൽ അതിന് പലവിധ എതിർപ്പുകളുണ്ട്. അതോടൊപ്പം, ജലലഭ്യത കുറയുമ്പോൾ ജലവൈദ്യുതി ഉൽപാദനത്തെയും അത് നേരിട്ട് ബാധിക്കും. ആരാണ് ഭരിക്കുന്നത് എന്നതിനെ ആശ്രയിക്കാത്ത ഒരു യാഥാർഥ്യമാണിത്.

**വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സാധാരണക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി കൂടുതൽ എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ?**

ഇത്തവണത്തെ ഓണം തന്നെ ജനങ്ങൾക്ക് സുഭിക്ഷമായിരുന്നു. സിവിൽ സപ്ലൈസ് വകുപ്പ് ഇത്രയും കാര്യക്ഷമമായി പ്രവർത്തിച്ച മറ്റൊരു കാലഘട്ടമുണ്ടായിട്ടില്ലെന്നാണ് എന്റെ വിലയിരുത്തൽ. സാധാരണക്കാർക്ക് മിതമായ നിരക്കിൽ ആവശ്യമായ ഭക്ഷ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതുവഴി വിലക്കയറ്റത്തിന്റെ ബുദ്ധിമുട്ടിൽ നിന്ന് ജനങ്ങൾക്ക് വലിയൊരു പരിധിവരെ ആശ്വാസം നൽകാൻ കഴിഞ്ഞു. അത് സർക്കാരിന്റെ ശ്രദ്ധേയമായ നേട്ടമാണ്.

**അമേരിക്കൻ മലയാളികൾക്ക് നൽകാനുള്ള സന്ദേശം എന്താണ്?**

അമേരിക്കൻ മലയാളികളോട് എനിക്ക് പറയാനുള്ളത്, നാട്ടിലെ കാര്യങ്ങളിലും നിങ്ങൾ കുറച്ചുകൂടി ശ്രദ്ധ ചെലുത്തണമെന്നാണ്. ഇവിടെ എത്തി സ്വന്തം ജീവിതം കെട്ടിപ്പടുത്ത നിങ്ങളെക്കുറിച്ച് എനിക്ക് അഭിമാനമുണ്ട്. എന്നാൽ പലപ്പോഴും നാട്ടിൽ നിക്ഷേപം നടത്തുന്നതിൽ നിങ്ങൾ പിന്നോട്ടു നിൽക്കുന്നതായി കാണാം.

പഴയകാലത്തെ സാഹചര്യങ്ങൾ മാറിയിട്ടുണ്ട്. നാട്ടിൽ നിക്ഷേപിച്ചാൽ അക്രമമോ മറ്റ് പ്രശ്നങ്ങളോ ഉണ്ടാകുമെന്നുള്ള ധാരണകൾക്ക് ഇപ്പോൾ പ്രസക്തിയില്ല. നിങ്ങളുടെ നിക്ഷേപം സുരക്ഷിതമായിരിക്കാനുള്ള സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. അതുകൊണ്ട് നാട്ടിലും നിക്ഷേപം നടത്താനും കേരളത്തിന്റെ വികസനത്തിൽ പങ്കാളികളാകാനും അമേരിക്കൻ മലയാളികൾ മുന്നോട്ടുവരണം.

മറ്റൊരു പ്രധാന കാര്യം, ഇപ്പോൾ അമേരിക്കയിലെത്തുന്നവർ ഇവിടെത്തന്നെയാണ് ജീവിതം കെട്ടിപ്പടുക്കുന്നത്. കുട്ടികൾ ഇവിടെ പഠിക്കുകയും വളരുകയും ചെയ്യുന്നു. പല കുട്ടികൾക്കും മലയാളം പോലും ശരിയായി അറിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് കുട്ടികളെ മലയാളം പഠിപ്പിക്കുന്നതിനും നമ്മുടെ ഭാഷയും സംസ്കാരവും മറക്കാതിരിക്കുന്നതിനും മാതാപിതാക്കൾ ശ്രദ്ധിക്കണം. ഇടയ്ക്കിടയ്ക്ക് കുട്ടികളെ നാട്ടിലേക്ക് കൊണ്ടുവരികയും കേരളം എന്താണെന്നും മലയാളം എന്താണെന്നും അവരെ പരിചയപ്പെടുത്തുകയും വേണം. ഇക്കാര്യത്തിൽ ചില കുടുംബങ്ങൾ ഇതിനകം നല്ല രീതിയിൽ ശ്രദ്ധിക്കുന്നുണ്ട്. കൂടുതൽ പേരും ഈ രീതിയിലേക്ക് വരണം.





# 'അബ്രഹാമിൻ ഗദ്ഗദം' ക്രിസ്തീയ ഭക്തിഗാന ആൽബത്തിന്റെ ഔപചാരിക പ്രകാശനം നടത്തി

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോന ഇടവകയുടെ ഇരുപതാം വാർഷികാഘോഷങ്ങളോടനുബന്ധിച്ച് 'അബ്രഹാമിൻ ഗദ്ഗദം' എന്ന ക്രിസ്തീയ ഭക്തിഗാന വീഡിയോ ആൽബത്തിന്റെ ഔപചാരിക പ്രകാശനം നടന്നു.

അജിത്ത് ബേബിയുടെ വോയ്സ് ഓഫ് ആഡം-ന്റെ സഹകരണത്തോടെ അനിൽ മറ്റത്തിക്കുന്നേൽ നേതൃത്വം നല്കുന്ന ജേക്കബ് മീഡിയാ ഓഫ് ചിക്കാഗോ അവതരിപ്പിക്കുന്ന ഈ ഗാനത്തിന്റെ രചന നിർവഹിച്ചിരിക്കുന്നത് ജോബി ഓളിയിൽ ആണ്. അനിൽ മറ്റത്തിക്കുന്നേൽ സംഗീതസംവിധാനം നിർവഹിച്ചിരിക്കുന്ന ഗാനം സജി മാലിത്തുരുത്തേലും പ്രശസ്ത പിന്നണി ഗായിക എലിസബത്ത് രാജുവും ചേർന്നാണ് ആലപിച്ചിരിക്കുന്നത്.



കല്ലറ ഓളിയിൽ പരേതനായ കെ. കെ. ഏബ്രഹാമിന്റെ 17-ാം ചരമവാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ സ്മരണയ്ക്കായാണ് ഈ ഗാനം നിർമ്മിച്ചിരിക്കുന്നത്. കെ.കെ. ഏബ്രഹാമിന്റെ ഭാര്യ തങ്കമ്മ ഏബ്രഹാമിൽ നിന്ന് ഗാനത്തിന്റെ പോസ്റ്റർ ഏറ്റുവാങ്ങിക്കൊണ്ട് സെന്റ് തോമസ് സീറോ മലബാർ രൂപതാ വികാരി ജനറലും ക്നാനായ റീജിയൻ ഡയറക്ടറുമായ മോൺ. തോമസ് മുളവനാലും സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ഇടവക വികാരി ഫാ. ഏബ്രഹാം കളരിക്കലും ചേർന്ന് ഔപചാരിക പ്രകാശനകർമ്മം നിർവഹിച്ചു.

സേക്രഡ് ഹാർട്ട് ക്നാനായ ഇടവകാംഗമായ ജോബി ഓളിയിൽ രചിച്ച ഗാനം, ഇടവകയുടെ ഗായകസംഘത്തിന് ദീർഘകാലമായി നേതൃത്വം നല്കിവരുന്ന സജി മാലിത്തുരുത്തേൽ, പ്രശസ്ത ഗായിക എലിസബത്ത് രാജുവിനൊപ്പം ആലപിക്കുമ്പോൾ അത് സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഇടവകയ്ക്കും സമൂഹത്തിനും അഭിമാനകരമായ നിമിഷമാണെന്ന് ഫാ. ഏബ്രഹാം കളരിക്കൽ പറഞ്ഞു.

ചിക്കാഗോ ക്നാനായ സമൂഹത്തിന്റെ ഭാഗമായ അനിൽ മറ്റത്തിക്കുന്നേൽ സംഗീതസംവിധാനം നിർവഹിക്കുന്ന ആറാമത്തെ ഗാനമാണിത്. മുൻ ഗാനങ്ങളെപ്പോലെ തന്നെ ഈ ഗാനവും സംഗീതാസ്വാദകരുടെയും വിശ്വാസി സമൂഹത്തിന്റെയും ശ്രദ്ധ നേടുമെന്ന പ്രതീക്ഷ മോൺ. തോമസ് മുളവനാൽ പങ്കുവെച്ചു.

ഗാനത്തിന്റെ ഓർക്കസ്ട്രേഷൻ പ്രദീപ് ടോം നിർവഹിച്ചിരിക്കുന്നു. റെക്കോർഡിംഗ് ബെന്നി തോമസ്-ബെൻ സ്റ്റുഡിയോ ചിക്കാഗോ. കൂടാതെ സിഎസി കൊച്ചി എന്നിവിടങ്ങളിലായാണ് പൂർത്തിയാക്കിയത്.

സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഇടവക, ചിക്കാഗോയും സെന്റ് തോമസ് ക്നാനായ കത്തോലിക്കാ ഇടവക കല്ലറയും പശ്ചാത്തലമാക്കി ഒരുക്കിയ വീഡിയോയുടെ ചിത്രീകരണം ജോബി ചെറുപച്ചിക്കരയും സാജു വർഗീസും ചേർന്ന് നിർവഹിച്ചു. വീഡിയോ എഡിറ്റിംഗ് ജോബി ചെറുപച്ചിക്കരയും ഡിസൈൻ ആർട്സും നിർവഹിച്ചിരിക്കുന്നു.




ഈ ഗാനത്തിന്റെ നിർമ്മാണത്തിന് പിന്തുണയും ആശംസകളും നല്കിയ മോൺ. തോമസ് മുളവനാൽ, ഫാ. ഏബ്രഹാം കളരിക്കൽ, കല്ലറ സെന്റ് തോമസ് ക്നാനായ കത്തോലിക്കാ ഇടവക വികാരി ഫാ. പ്രിൻസ് മുളകുമറ്റത്തിൽ എന്നിവർക്കും പിന്നണിയിൽ പ്രവർത്തിച്ച എല്ലാവർക്കും അണിയറ പ്രവർത്തകർ നന്ദി അറിയിച്ചു.

വോയിസ് ഓഫ് ആഡം ഡയറക്ടർ അജിത്ത് ബേബിയുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന 'ലിവിങ് വിത്ത് ക്രൈസ്റ്റ്' എന്ന ആൽബത്തിന്റെ ഭാഗമായി 'അബ്രഹാമിൻ ഗദ്ഗദം' സെപ്റ്റംബർ അവസാനത്തോടെ വോയിസ് ഓഫ് ആഡം യൂട്യൂബ് ചാനലിലൂടെ പ്രേക്ഷകരിലേക്ക് എത്തുമെന്ന് അജിത്ത് ബേബി അറിയിച്ചു.

# ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ 27,000 ഭക്ഷണപ്പൊതികൾ ശേഖരിച്ചു

ചിക്കാഗോ: കഴിഞ്ഞ മൂന്നു വർഷമായി ചിക്കാഗോയിലെ പൊതുരംഗത്ത് സജീവമായി നിലകൊള്ളുന്ന ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷന്റെ (ജിസിഎംഎ) നേതൃത്വത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വലിയൊരു മാതൃക. 'വിശക്കുന്നവർക്ക് ആഹാരം' എന്ന ആശയവുമായി മുന്നോട്ടു പോകുന്ന സംഘടന 2026 സെപ്റ്റംബർ 10-ന് ഷാംബർഗിലുള്ള 'ഫീഡ് മൈ സ്റ്റാർവിംഗ് ചിൽഡ്രൻ' എന്ന സന്നദ്ധ സംഘടനയുമായി സഹകരിച്ച് 27,000 ഭക്ഷണപ്പൊതികൾ സമാഹരിച്ചു.




ചിക്കാഗോയിലെ മലയാളി സമൂഹത്തിന്റെ കൂട്ടായ്മയിൽ നടന്ന ഈ കാരുണ്യ യജ്ഞത്തിൽ ഫൊക്കാന നാഷണൽ ജനറൽ സെക്രട്ടറി സന്തോഷ് നായർ സന്നിഹിതനായിരുന്നു. അദ്ദേഹം മുഴുവൻ സമയവും ഫുഡ് പായ്ക്കിംഗ് പ്രവർത്തനങ്ങളിൽ പങ്കാളിയായി. സന്നദ്ധ പ്രവർത്തകർക്ക് വലിയൊരു ഊർജ്ജമായി മാറി.

ജിസിഎംഎ ചാരിറ്റി കോ-ഓർഡിനേറ്റർ ടോമി മെതിപ്പാറ, സുഭാഷ് ജോർജ്, പ്രസിഡണ്ട് ജിതേഷ് ചുങ്കത്ത്, സെക്രട്ടറി സേവ്യർ ജോൺ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

തുടർന്ന് നിരവധി ആതുരസേവന പദ്ധതികളുമായി മുന്നോട്ട് പോകാൻ ഗ്രേറ്റർ ചിക്കാഗോ മലയാളി അസോസിയേഷൻ തീരുമാനിച്ചിട്ടുണ്ട്. ഈ വർഷംതന്നെ കൂടുതൽ ഫീഡ് ദി ഹങ്കർ പ്രോഗ്രാമുകൾ, അഡോപ്റ്റ് എ ഹൈവേ തുടങ്ങിയ കമ്യൂണിറ്റി ഓറിയന്റഡ് പരിപാടികൾ നടപ്പാക്കുമെന്ന് സംഘടനാ ഭാരവാഹികൾ അറിയിച്ചു.

സംഘടനയുടെ വിവിധ കലാ-കായിക, സാംസ്കാരിക, കാരുണ്യ പ്രവർത്തനങ്ങളിൽ സഹകരിക്കാൻ താല്പര്യമുള്ള മലയാളികൾ ഭാരവാഹികളുമായി ബന്ധപ്പെടുക: സെക്രട്ടറി സേവ്യർ ജോൺ 312 391 6767.

# ചിക്കാഗോ സോഷ്യൽ ക്ലബ് ഓണാഘോഷം: കേരളത്തിൽ നിന്നുള്ള പ്രതിനിധികൾ അതിഥികളായി

അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ ഈ വർഷത്തെ ഓണാഘോഷം വിവിധ കലാ-സാംസ്കാരിക പരിപാടികളോടെ വിപുലമായി സംഘടിപ്പിച്ചു. കേരളത്തിൽ നിന്നെത്തിയ പ്രമുഖ ജനപ്രതിനിധികളുടെ സാന്നിധ്യം ആഘോഷത്തിന് കൂടുതൽ തിളക്കമേകി.

കേരള ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല, ജലവിഭവ വകുപ്പ് മന്ത്രി മോൻസ് ജോസഫ്, രാജ്യസഭാംഗം ജോസ് കെ. മാണി, ആലുവ എംഎൽഎ അൻവർ സാദത്ത്, മുൻമന്ത്രി പന്തളം സുധാകരൻ തുടങ്ങിയവർ ആഘോഷങ്ങളിൽ പങ്കെടുത്തു.

ലോകത്തിന്റെ ഏത് ഭാഗത്തായാലും മലയാളികൾ ഒരുമിച്ച് ഓണം ആഘോഷിക്കുന്നത് കേരളത്തിന്റെ സംസ്കാരവും ഐക്യവും ഉയർത്തിപ്പിടിക്കുന്നതാണെന്ന് രമേശ് ചെന്നിത്തല പറഞ്ഞു. പ്രവാസി മലയാളികളുടെ കൂട്ടായ്മകളിൽ ചിക്കാഗോ സോഷ്യൽ ക്ലബ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര വടംവലി മത്സരം സമ്മാനത്തുകയിലും ജനപങ്കാളിത്തത്തിലും ലോകശ്രദ്ധനേടിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കേരളത്തിൽ ലഹരിക്കെതിരെ ശക്തമായ നടപടികളുമായി മുന്നോട്ടു പോകുന്ന ഓപ്പറേഷൻ തൂഫാൻ പദ്ധതിയുടെ രണ്ടാംഘട്ടം ഗ്രാമപഞ്ചായത്ത് തലത്തിലേക്ക് വ്യാപിപ്പിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. മയക്കുമരുന്നിനെതിരെയുള്ള പോരാട്ടത്തിൽ പോലീസിനൊപ്പം പൊതുജനങ്ങളും സജീവമായി പങ്കാളികളാകണമെന്ന് അഭ്യർത്ഥിച്ച അദ്ദേഹം, സംസ്ഥാനത്ത് വൻതോതിൽ മയക്കുമരുന്ന് പിടിച്ചെടുത്തതായും വ്യക്തമാക്കി.

ചിക്കാഗോ സോഷ്യൽ ക്ലബ് ശക്തവും മാതൃകാപരവുമായ പ്രവാസി കൂട്ടായ്മയാണെന്ന് മന്ത്രി മോൻസ് ജോസഫ് പറഞ്ഞു. ക്ലബ്ബിന്റെ ഓണാഘോഷത്തിലും അന്താരാഷ്ട്ര വടംവലി മത്സരത്തിലും പങ്കെടുക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്നും പ്രവാസി മലയാളികളെയും കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെയും കൂടുതൽ അടുത്ത് ബന്ധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

ഓണം മലയാളികൾക്ക് വെറുമൊരു ആഘോഷമല്ല, പരസ്പര സ്നേഹത്തിന്റെയും ഐക്യത്തിന്റെയും ഓർമ്മപ്പെടുത്തലാണെന്ന് ജോസ് കെ. മാണി എംപി പറഞ്ഞു. ഒരു കുടുംബം പോലെ പ്രവർത്തിക്കുന്നതാണ് ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ വിജയത്തിന്റെ പ്രധാന കാരണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലഹരി വ്യാപനത്തിന് പുതിയ സാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിക്കുന്ന സാഹചര്യത്തിൽ ശക്തമായ പ്രതിരോധ പ്രവർത്തനങ്ങൾ അനിവാര്യമാണെന്നും കേരളത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് മറ്റ് സംസ്ഥാനങ്ങൾ പോലും പ്രാധാന്യം നൽകുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.






ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ കൂട്ടായ്മ ഇനിയും കൂടുതൽ ശക്തമായി മുന്നോട്ടു പോകട്ടെയെന്ന് അൻവർ സാദത്ത് എംഎൽഎ ആശംസിച്ചു. ലഹരിക്കെതിരെയുള്ള സർക്കാർ പദ്ധതികൾക്ക് പൊതുസമൂഹത്തിന്റെ പൂർണ പിന്തുണ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

വടംവലിക്ക് പ്രത്യേക പ്രാധാന്യം നൽകി ഓണാഘോഷം സംഘടിപ്പിക്കുന്നതിലൂടെ ചിക്കാഗോ സോഷ്യൽ ക്ലബ് പ്രവാസ ലോകത്ത് വേറിട്ട മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്ന് മുൻ മന്ത്രി പന്തളം സുധാകരൻ അഭിപ്രായപ്പെട്ടു. കേരളത്തിലെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമായി മുന്നോട്ടു പോകണമെന്നും അദ്ദേഹം പറഞ്ഞു.

ചടങ്ങിൽ ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ അതിഥികളെ സ്വാഗതം ചെയ്തു. ലഹരിക്കെതിരെയുള്ള ഓപ്പറേഷൻ തൂഫാൻ പദ്ധതിക്ക് ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ പിന്തുണ പ്രഖ്യാപിച്ച അദ്ദേഹം പദ്ധതിക്ക് നേതൃത്വം നൽകുന്ന രമേശ് ചെന്നിത്തലയെ അഭിനന്ദിച്ചു.

തുടർന്ന് ക്ലബ് ഭാരവാഹികളും ജനപ്രതിനിധികളും ചേർന്ന് രമേശ് ചെന്നിത്തലയെ പൊന്നാട അണിയിച്ച് ആദരിച്ചു. ചിക്കാഗോയിലെ സാമൂഹിക രംഗത്ത് ദീർഘകാലമായി സജീവമായും കഴിഞ്ഞ നിരവധി വർഷങ്ങളായി ചിക്കാഗോ സോഷ്യൽ ക്ലബ്ബിന്റെ അന്താരാഷ്ട്ര വടംവലി ടൂർണമെന്റിന് നേതൃത്വം നൽകുകയും ചെയ്യുന്ന ടൂർണമെന്റ് കമ്മിറ്റി ചെയർമാൻ സിറിയക് കൂവക്കാട്ടിലിനെയും ചടങ്ങിൽ പൊന്നാട അണിയിച്ച് ആദരിച്ചു.



ചിക്കാഗോ സോഷ്യൽ ക്ലബ് പ്രസിഡണ്ട് റൊണാൾഡ് പൂക്കുമ്പേൽ, വൈസ് പ്രസിഡണ്ട് സണ്ണി ഇണ്ടിക്കുഴി, സെക്രട്ടറി രാജു മാനുങ്കൽ, ട്രഷറർ ബിജോയി കാപ്പൻ, ജോയിന്റ് സെക്രട്ടറി തോമസ് പുത്തേത്ത്, പിആർഒ അനിൽ മറ്റത്തിക്കുന്നേൽ, സാജു കണ്ണമ്പള്ളി ഉൾപ്പെടെയുള്ള കമ്മിറ്റി അംഗങ്ങൾ പരിപാടികൾക്ക് നേതൃത്വം നൽകി. കേരളത്തിന്റെ പാരമ്പര്യവും പ്രവാസി മലയാളികളുടെ കൂട്ടായ്മയും ഒരേ വേദിയിൽ സംഗമിച്ച ചിക്കാഗോ സോഷ്യൽ ക്ലബിന്റെ ഓണാഘോഷം പങ്കെടുത്തവർക്ക് അവിസ്മരണീയ അനുഭവമായി മാറി.



KERALA EXPRESS
പ്രവാസി താളുകൾ

# കാത്തലിക് കോൺഗ്രസ് ഗ്ലോബൽ മീറ്റ്: പതാക പ്രയാണത്തിന് അമേരിക്കയിൽ സ്വീകരണം നല്കി

ഷോളി കുമ്പിളുവേലി

സാൻ ഫ്രാൻസിസ്കോ: ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ വെച്ച് നടക്കുന്ന കാത്തലിക് കോൺഗ്രസ് ഗ്ലോബൽ മീറ്റിന്റെ ഭാഗമായി ലോകത്തിലെ വിവിധ രാജ്യങ്ങളിലൂടെ കടന്നുപോകുന്ന പതാക പ്രയാണത്തിന് സെപ്റ്റംബർ 6-ാം തീയതി ഞായറാഴ്ച അമേരിക്കയിലെ കാലിഫോർണിയയിൽ സ്വീകരണം നല്കി. കാലിഫോർണിയായിലെ ലിവർമോർ സെയിന്റ് തെരേസാ ഓഫ് കൽക്കട്ട ദേവാലയത്തിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ബിഷപ് ലഗേറ്റും താമരശ്ശേരി രൂപത ബിഷപ്പുമായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്എംസിസി) ചിക്കാഗോ രൂപത പ്രസിഡണ്ട് ജോർജ് വി. ജോർജ്, എസ്എംസിസി ബോർഡ് ചെയർമാൻ സിജിൽ പാലക്കലോടി എന്നിവർക്ക് പതാക കൈമാറി. വികാരി ഫാ. സിജോ തറക്കുന്നേൽ, കൈക്കാരൻ ജിസ്മോൻ, അത്മായ പ്രതിനിധി ടോജോ തോമസ് എന്നിവർ സംസാരിച്ചു. പരിപാടികൾക്ക് വിപിൻ മാത്യു, ഫ്രാൻസി വർഗീസ്, അഖിൽ മാർട്ടിൻ ജോസ്, എസ്എംസിസി പ്രതിനിധി ജിബി ജോർജ് എന്നിവർ നേതൃത്വം നല്കി.










കാത്തലിക് കോൺഗ്രസ് ഗ്ലോബൽമീറ്റിന് എല്ലാവിധ ആശംസകളും നേരുന്നതായി ചിക്കാഗോ രൂപത ബിഷപ് മാർ ജോയി ആലപ്പാട്ട് അറിയിച്ചു. ഗ്ലോബൽ മീറ്റിനുള്ള എല്ലാ ഒരുക്കങ്ങളും പുരോഗമിക്കുന്നതായി കാത്തലിക് കോൺഗ്രസ് ഗ്ലോബൽ വൈസ് പ്രസിഡണ്ട് ജോർജുകുട്ടി പുല്ലാപ്പള്ളി, ഗ്ലോബൽ സെക്രട്ടറിയും എസ്എംസിസി ഡയറക്ടർ ബോർഡ് ചെയർമാനുമായ സിജിൽ പാലക്കലോടി എന്നിവർ അറിയിച്ചു.

ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ വെച്ച് നടക്കുന്ന ഗ്ലോബൽ മീറ്റിൽ ചിക്കാഗോ രൂപതയിൽ നിന്നും ഇരുപതോളം പ്രതിനിധികൾ പങ്കെടുക്കുമെന്ന് എസ്എംസിസി രൂപത ഡയറക്ടർ റവ.ഫാ. ജോർജ് എളമ്പാശ്ശേരിൽ, പ്രസിഡണ്ട് ജോർജ് വി. ജോർജ്, ജനറൽ സെക്രട്ടറി ഷോളി കുമ്പിളുവേലി, ട്രഷറർ ടോമി തോമസ് എന്നിവർ പറഞ്ഞു.

ഒക്ടോബർ 19 മുതൽ 23 വരെ റോമിൽ വെച്ച് നടക്കുന്ന ഗ്ലോബൽ മീറ്റിൽ വിവിധ രാജ്യങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഇരുനൂറോളം പ്രതിനിധികൾ പങ്കെടുക്കും. സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ ഉൾപ്പെടെ വിവിധ ബിഷപ്പുമാരും കാത്തലിക് കോൺഗ്രസ് ഗ്ലോബൽ പ്രസിഡണ്ട് രാജീവ് കൊച്ചുപുരയ്ക്കൽ, ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ, ട്രഷറർ അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ജനറൽ കോ-ഓർഡിനേറ്റർ ഡേവിസ് എടകുളത്തൂർ, ജനറൽ കൺവീനർ ബെന്നി മാത്യു പുളിക്കക്കര തുടങ്ങി വിവിധ അത്മായ പ്രമുഖരും ഗ്ലോബൽ മീറ്റിൽ പങ്കെടുക്കും. ഗ്ലോബൽ മീറ്റിൽ പങ്കെടുക്കുന്ന പ്രതിനിധിസംഘം മാർപാപ്പയെയും സന്ദർശിക്കും. അമേരിക്കയിൽ നിന്നുള്ള പ്രതിനിധിസംഘം പ്രസിഡണ്ട് ജോർജ് വി. ജോർജിന്റെ നേതൃത്വത്തിൽ ഒക്ടോബർ 18-ാം തീയതി പുറപ്പെടും.

## ബിജു മാത്യൂസ് പാലാ നഗരസഭാ ഉപാദ്ധ്യക്ഷൻ

പാലാ: നഗരസഭാ ഉപാദ്ധ്യക്ഷനായി കോൺഗ്രസ് വിമതൻ ബിജു മാത്യൂസ് തെരഞ്ഞെടുക്കപ്പെട്ടു. സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേറ്റു. എൽഡിഎഫ് പിന്തുണയിൽ 14 വോട്ടാണ് ബിജു മാത്യൂസ് നേടിയത്. എതിർ സ്ഥാനാർത്ഥി കോൺഗ്രസിലെ സെബാസ്റ്റ്യൻ പനയ്ക്കലിനു 11 വോട്ട് ലഭിച്ചു. 24-ാം വാർഡ് കൊട്ടാരമറ്റം വാർഡ് കൗൺസിലറാണു ബിജു. കോൺഗ്രസ് വിമതരിൽ 2 പേർ യുഡിഎഫിനു വോട്ടു ചെയ്തപ്പോൾ മറ്റൊരു വിമത വോട്ടു ചെയ്യാനെത്തിയില്ല. കോൺഗ്രസ് വിമതരായ ടോണി തൈപ്പറമ്പിൽ, ലിസിക്കുട്ടി മാത്യു എന്നിവരാണ് സെബാസ്റ്റ്യൻ പനയ്ക്കലിനു വോട്ട് ചെയ്തത്.

യുഡിഎഫ് പിന്തുണയോടെ ഉപാദ്ധ്യക്ഷയായിരുന്ന മായാ രാഹുൽ എൽഡിഎഫിന്റെ പിന്തുണയോടെ നഗരസഭാദ്ധ്യക്ഷ ആയതിനെത്തുടർന്നാണ് ഉപാദ്ധ്യക്ഷൻ സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടന്നത്. നഗരസഭാദ്ധ്യക്ഷ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനൊപ്പം വോട്ടു ചെയ്ത മൂന്ന് കോൺഗ്രസ് വിമത കൗൺസിലർമാരിൽ ബിജു മാത്യൂസ്, ടോണി തൈപ്പറമ്പിൽ എന്നിവരിൽ ഒരാൾക്ക് ഉപാദ്ധ്യക്ഷൻ സ്ഥാനം നൽകാൻ മുൻപേ തന്നെ എൽഡിഎഫിൽ തീരുമാനമായിരുന്നു. എന്നാൽ ഇരുവരും ഉപാദ്ധ്യക്ഷൻ സ്ഥാനത്തിനായി തർക്കം ആരംഭിച്ചതോടെ ബിജു തോമസിനെ എൽഡിഎഫ് ഒപ്പം കൂട്ടുകയായിരുന്നു.



എൽഡിഎഫിൽ കേരള കോൺഗ്രസ് (എം)നു 10 അംഗങ്ങളും സിപിഎമ്മിനു 2 അംഗങ്ങളുമാണുള്ളത്. യുഡിഎഫിൽ കോൺഗ്രസ്-2, കേരള കോൺഗ്രസ്-3, സ്വതന്ത്ര മുന്നണി-3, കെഡിപി-1 എന്നതാണ് കക്ഷിനില.

## റവ.ഡോ. ജോർജ് എം. ജോൺ അന്തരിച്ചു



ടൊറന്റോ: കാനഡയിലെ മലയാളി ക്രൈസ്തവ സമൂഹത്തിൽ ദീർഘകാലം ആത്മീയ-മിഷൻ രംഗങ്ങളിൽ സജീവസാന്നിദ്ധ്യമായിരുന്ന റവ.ഡോ. ജോർജ് എം. ജോൺ അന്തരിച്ചു. സിഎസ്ഐ ചർച്ച് ടൊറോന്റോയുടെ ആദ്യപ്രസിഡണ്ടായിരുന്ന അദ്ദേഹം സഭയുടെ വളർച്ചയിലും പ്രവർത്തനങ്ങളിലും നിർണായക പങ്കുവഹിച്ചു.

പത്തനംതിട്ട കുഴിക്കാല പുത്തുചിറ കുടുംബാംഗമായ റവ. ജോർജ് എം. ജോൺ, എം.കെ. ജോണിന്റെയും അന്നമ്മ ജോണിന്റെയും മകനാണ്. പത്തനംതിട്ട കാതോലിക്കേറ്റ് കോളജിൽ നിന്ന് ബിരുദം നേടിയ അദ്ദേഹം പിന്നീട് യുണൈറ്റഡ് തിയോളജിക്കൽ കോളജ് ബാംഗ്ലൂരുവിൽ നിന്ന് ബി.ഡി. പഠനം പൂർത്തിയാക്കി എം.ടിഎച്ച് നേടുകയും ചെയ്തു. മധ്യകേരള മഹായിടവകയുടെ യൂത്ത് സെക്രട്ടറിയായും യുവജനങ്ങൾക്കായുള്ള മഹായിടവക പ്രസിദ്ധീകരണമായ യുവലോകം ചീഫ് എഡിറ്ററായും പ്രവർത്തിച്ചു. ഉത്തരേന്ത്യയിലെ സഭാനിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ വിവിധ മിഷൻ, സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പിന്തുണ നല്കിയിരുന്നു. ഭാര്യ ഡോ. എലിസബത്ത് ജോർജ്. മക്കൾ: ജോൺ ജോർജ്, ഡോ. ആൻ മിൽസ്.

# ജോസ് കെ. മാണി എംപി, നിഷ ജോസ് എന്നിവർക്ക് അറ്റ്ലാന്റ മലയാളി സമൂഹം ഊഷ്മളമായ സ്വീകരണം നല്കി

അറ്റ്ലാന്റ: ജോസ് കെ. മാണി എംപി, നിഷ ജോസ് എന്നിവർക്ക് അറ്റ്ലാന്റ മലയാളി സമൂഹം ഊഷ്മളമായ സ്വീകരണം നല്കി. ദക്ഷിണ് റെസ്റ്റോറന്റ് ഓഡിറ്റോറിയത്തിൽ നടന്ന സ്വീകരണച്ചടങ്ങുകളിൽ സ്ത്രീകളും യുവജനങ്ങളും ഉൾപ്പെടെ നിരവധി വ്യക്തികൾ പങ്കെടുത്തു. കേരളത്തിലെ സാമൂഹിക, രാഷ്ട്രീയ സമകാലിക വിഷയങ്ങൾ സംബന്ധിച്ച് നിരവധി ചോദ്യങ്ങൾക്ക് മറുപടി നല്കിയ ജോസ് കെ. മാണി, തനിക്കും നിഷയ്ക്കും നല്കിയ സ്നേഹ സ്വീകരണത്തിന് അറ്റ്ലാന്റ മലയാളി സമൂഹത്തിന് പ്രത്യേകം നന്ദി അറിയിച്ചു. സ്വീകരണസമ്മേളനത്തിന് ഏബ്രഹാം അഗസ്തി, ബോബി ജോസഫ്, ബിന്നി മാത്യു തുടങ്ങിയവർ നേതൃത്വം നല്കി.





# ഫാ. തോമസ് ഏബ്രഹാം ളാഹയിൽ അന്തരിച്ചു



ക്ലിഫ്ടൺ (ന്യൂജേഴ്സി): നോർത്ത് അമേരിക്കൻ ക്നാനായ സമൂഹത്തിന്റെ ആദ്യകാല സംഘാടകൻ റവ.ഫാ. തോമസ് ഏബ്രഹാം ളാഹയിൽ (76) അന്തരിച്ചു. തുരുത്തിക്കാട് ഇടിക്കുള ഏബ്രഹാം ളാഹയിലിന്റെയും അന്നമ്മ തോപ്പിൽ കുന്നത്തുകരയുടെയും മൂന്നാമത്തെ മകനായി ജനിച്ച അദ്ദേഹം 1977-ൽ അമേരിക്കയിലേക്ക് കുടിയേറി. മൂന്നു പതിറ്റാണ്ടോളം യുഎസ് പോസ്റ്റൽ സർവീസിൽ സേവനമനുഷ്ഠിച്ച് 2012-ൽ വിരമിച്ചു.

1980-കളുടെ തുടക്കം മുതൽ അമേരിക്കൻ ക്നാനായ കമ്യൂണിറ്റിയുടെ രൂപീകരണത്തിനും വളർച്ചയ്ക്കുമായി സജീവമായി പ്രവർത്തിച്ചു. 1992 ജൂലൈ 26-ന് പൗരോഹിത്യം സ്വീകരിച്ച ളാഹയിലച്ചൻ അതേവർഷം ഡിസംബറിൽ യോങ്കേഴ്സ് സെ. പീറ്റേഴ്സ് ക്നാനായ പള്ളിയിൽ ആദ്യവിശുദ്ധ കുർബാന അർപ്പിച്ചു.

തുടർന്ന് യോങ്കേഴ്സ്, ക്ലിഫ്ടൺ, ഫിലാഡൽഫിയ തുടങ്ങിയ ട്രൈസ്റ്റേറ്റ് മേഖലകളിലെ വിവിധ ഇടവകകളിൽ വികാരിയായും പുതിയ ദേവാലയങ്ങളും വസ്തുവകകളും സഭയ്ക്കായി കെട്ടിപ്പടുക്കുന്നതിലും നിർണായക പങ്കുവഹിച്ചു.

വൈക്കം പള്ളിയിലെ ളാഹയിലച്ചൻ എഡ്യൂക്കേഷൻ എൻഡോവ്മെന്റ് ഫണ്ട്, കെഎംഎസ് ക്ലർജി എഡ്യൂക്കേഷൻ ഫണ്ട്, ന്യൂജേഴ്സി വിമൻസ് അസോസിയേഷൻ ചാരിറ്റിഫണ്ട് ഉൾപ്പെടെയുള്ള ജീവകാരുണ്യ പദ്ധതികളുടെ തുടക്കക്കാരനുമായിരുന്നു. ഭാര്യ ലീലാമ്മ ഏബ്രഹാം. മക്കൾ: ടോംലി, ടീന. മരുമകൻ: അനൂപ് പാറയിൽ.

# ഡോ. ജാൻസി ജയിംസിന്റെ രണ്ടു പുസ്തകങ്ങൾ മുഖ്യമന്ത്രി പ്രകാശനം ചെയ്തു

കോട്ടയം: മുൻ വൈസ് ചാൻസലർ ഡോ. ജാൻസി ജയിംസിന്റെ രണ്ടു പുസ്തകങ്ങൾ മുഖ്യമന്ത്രി വി.ഡി. സതീശൻ പ്രകാശനം ചെയ്തു. 'അക്ഷര വിളക്കുകൾ' എന്ന ലേഖന സമാഹാരവും 'ശാന്തിനികേതൻ കവിതകൾ' (വിവർത്തനം) എന്ന കവിതാസമാഹാരവുമാണ് പുസ്തകങ്ങൾ.

പ്രസിദ്ധ ഒഡിയ കവയിത്രി പ്രൊഫ. മനോരമ ബിസ്വാൽ മഹാപാത്രയുടെ കവിതകളാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളത്. പുസ്തകങ്ങൾ പ്രസിദ്ധീകരിച്ച പ്രിയദർശിനി പബ്ലിക്കേഷൻസിന്റെ ചെയർമാനും കെപിസിസി പ്രസിഡണ്ടുമായ വൈദ്യുതി വകുപ്പ് മന്ത്രി സണ്ണി ജോസഫ് പ്രകാശന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സാഹിത്യകാരൻ ഡോ. ജോർജ് ഓണക്കൂറും മുൻ ചീഫ് സെക്രട്ടറി ശാരദ മുരളീധരനും മുഖ്യമന്ത്രിയിൽ നിന്നും ആദ്യ പ്രതികൾ ഏറ്റുവാങ്ങി.

പ്രൊഫ. മനോരമ ബിസ്വാൽ മഹാപാത്ര ആശംസകൾ അർപ്പിച്ചു. ഡോ. ജാൻസി ജയിംസ് മറുപടി പറഞ്ഞു. പ്രിയദർശിനി പബ്ലിക്കേഷൻസ് വൈസ് ചെയർമാൻ അഡ്വ. പഴകുളം മധു സ്വാഗതവും സെക്രട്ടറി ബിന്നി സാഹിതി നന്ദിയും പറഞ്ഞു.

പുസ്തകങ്ങൾ Keralabooks.Org -ൽ ഓർഡർ ചെയ്യാവുന്നതാണ്. ഫോൺ നമ്പർ: 9447661834









# രാധ, രാധ മാത്രമല്ല

രാജു മൈലപ്ര

മലയാളത്തിലെ പ്രമുഖ ആധുനിക സാഹിത്യകാരന്മാരിൽ ഒരാളാണ് എം. മുകുന്ദൻ. സാധാരണ മനുഷ്യരുടെ ജീവിതത്തിലെ സംഘർഷങ്ങളും ഏകാന്തതയും പ്രണയവും സാമൂഹിക മാറ്റങ്ങളും സൂക്ഷ്മമായും വ്യത്യസ്ത ആഖ്യാന ശൈലിയിലും അവതരിപ്പിക്കുന്നതാണു മുകുന്ദന്റെ രചനകളുടെ പ്രത്യേകത. അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ കഥകളിലൊന്നാണ് 'രാധ, രാധ മാത്രം'. 1964-ൽ പ്രക്ഷേപണം ചെയ്ത ചാൾസ് ബ്യൂമോണ്ടിന്റെ 'Persons Unknown' എന്ന കഥയും 1970-ൽ പ്രസിദ്ധീകരിച്ച മുകുന്ദന്റെ 'രാധ, രാധ മാത്രം' എന്ന കഥയും തമ്മിൽ എന്തെങ്കിലും സാമ്യമുണ്ടോ?

**1. രാധ രാധ മാത്രം**

രാധ പതിവുപോലെ കോളജ് കഴിഞ്ഞ് വീട്ടിലേക്കു വരുന്ന വഴി, ബസ് സ്റ്റോപ്പിൽ വെച്ച് അപ്രതീക്ഷിതമായി തന്റെ സുഹൃത്ത് സുരേഷിനെ കാണുന്നു. ആഹ്ലാദത്തോടെ അവൾ അവന്റെ അരികിലേക്ക് ഓടിയെത്തി, വിശേഷങ്ങൾ തിരക്കുന്നു. പക്ഷേ, സുരേഷിന് അവളെ മനസ്സിലാവുന്നില്ല.

“നീ ഏതാണു കുട്ടീ?” എന്നയാൾ ചോദിച്ചപ്പോൾ തന്നെ കളിയാക്കുകയാണെന്നാണ് രാധ ആദ്യം കരുതിയത്. എന്നാൽ അവളെ ഒരിക്കലും കണ്ടിട്ടില്ലെന്നും തനിക്ക് അവളെ അറിയില്ലെന്നും തറപ്പിച്ചു പറഞ്ഞു.

കഴിഞ്ഞ ദിവസം വരെ കോളജിലും കടൽക്കരയിലും ഒരുമിച്ചു നടന്ന തന്നെ, സുരേഷ് വഞ്ചിക്കുകയാണെന്നു കരുതിയ രാധ അമർഷത്തോടെ അവിടെനിന്നും പോകുന്നു.

ബസ്സിറങ്ങി വീട്ടിലേക്കു നടക്കുന്ന രാധയെ, വഴിവക്കിലുള്ളവരൊക്കെ അപരിചിതയേപ്പോലെയാണു നോക്കുന്നത്. രാധ അതൊന്നും ശ്രദ്ധിക്കാതെ വീട്ടിലേക്കു നടന്നു.

വീട്ടിലെത്തിയപ്പോൾ അച്ഛൻ പതിവുപോലെ, പത്രം വായിച്ചുകൊണ്ട് വരാന്തയിലിരിപ്പുണ്ട്. അവൾ വീട്ടിലേക്കു കയറുവാൻ തുടങ്ങുമ്പോൾ, അയാൾ ചോദിക്കുന്നു:

“ഏതാ കുട്ടീ നീ? എവിടുന്നാ വരുന്നേ?”





ഈ ചോദ്യം കേട്ടപ്പോൾ ഒന്നും പറയാനാവാതെ രാധ തരിച്ചുനിന്നു. അച്ഛൻ അമ്മയെ വിളിച്ചു.

“ഏതോ ഒരു കുട്ടി, ചോദിച്ചിട്ട് ഒന്നും മിണ്ടുന്നില്ല.”

അമ്മ രാധയുടെ തോളിൽ കൈ വെച്ചുകൊണ്ടു ചോദിച്ചു:

“എന്താണ് കുട്ടീ നിന്റെ പേര്. എവിടുന്നാ വരുന്നത്?”

ഇതുകൂടി കേട്ടതോടെ, രാധയുടെ സർവ നിയന്ത്രണവും വിട്ടു. അവളുടെ കൈയിൽ നിന്നും പുസ്തകങ്ങൾ താഴെ വീണു ചിതറി. അവൾക്ക് കരച്ചിൽ നിയന്ത്രിക്കാനായില്ല -

“എന്താണ് നിങ്ങൾക്കൊക്കെ പറ്റിയത്- സ്വന്തം മകളെ കണ്ടിട്ട് നിങ്ങൾക്കു മനസ്സിലാവുന്നില്ലേ?”

മാനസികവിഭ്രാന്തി ബാധിച്ച ഒരു പെൺകുട്ടിയോടെന്ന പോലെയാണ്, അച്ഛനും അമ്മയും രാധയോടു സംസാരിച്ചത്. അവർക്കു മാത്രം അറിയാവുന്ന പല സംഭവങ്ങളും അവൾ അവരെ ഓർമിപ്പിച്ചെങ്കിലും, അത്തരം കാര്യങ്ങളൊന്നും അച്ഛനും അമ്മക്കും ഓർമ്മയില്ല.

മറ്റൊരു നിവൃത്തിയുമില്ലാതായപ്പോൾ രാധ ആ വീട്ടിൽ നിന്നുമിറങ്ങി.

പോകുന്ന വഴിവക്കിൽ, പക്ഷികളും സമുദ്രവും കാറ്റും ആകാശവും ഭൂമിയും ഒരേ സ്വരത്തിൽ ഏറ്റുപാടി:

“നീ രാധയല്ല - നിന്നെ ഞങ്ങൾക്കറിയില്ല.”

വായനക്കാരുടെ മനസ്സിലും ഒരു വിഭ്രാന്തി പകർന്നുകൊണ്ട്, രാധ ഇരുട്ടിലേക്കു നടന്നു മറയുന്നു.

**2. Person or Persons Unknown**

ചാൾസ് ബ്യൂമോണ്ട് (Charles Beaumont) ഒരു അമേരിക്കൻ എഴുത്തുകാരനും തിരക്കഥാകൃത്തുമായിരുന്നു. 'The Twilight Zone' എന്ന ടെലിവിഷൻ പരമ്പരയ്ക്കായി നിരവധി ശ്രദ്ധേയമായ കഥകളും തിരക്കഥകളും രചിച്ചിട്ടുണ്ട്. മനുഷ്യന്റെ ഭയം, ഏകാന്തത, യാഥാർത്ഥ്യബോധം എന്നിവ അദ്ദേഹത്തിന്റെ രചനകളിലെ പ്രധാന പ്രമേയങ്ങളായിരുന്നു. 1962-ലാണു ഈ എപ്പിസോഡ് പ്രക്ഷേപണം ചെയ്യുന്നത്.

**കഥയുടെ സംക്ഷിപ്ത വിവരണം:**

സുഹൃത്തുക്കളോടൊപ്പം ആഘോഷത്തിൽ പങ്കെടുത്ത ശേഷം ഡേവിഡ് ഗർണി എന്ന ഒരു സാധാരണ മനുഷ്യൻ സ്വന്തം വീട്ടിലെത്തി ഉറങ്ങുന്നു.

അയാൾ രാവിലെ ഉറക്കമുണർന്നു എഴുന്നേൽക്കുമ്പോൾ, സംഭവിക്കുന്നതെല്ലാം തികച്ചും അസാധാരണമായ കാര്യങ്ങളാണ്. അയാളുടെ ഭാര്യ വിൽമ അയാളെ തറപ്പിച്ചു നോക്കിയിട്ടു ചോദിക്കുന്നു: “ആരാണ് നിങ്ങൾ? എനിക്കു നിങ്ങളെ അറിയില്ല.”. ഭാര്യ തമാശ പറയുകയാണെന്നാണു ഡേവിഡ് ആദ്യം കരുതിയത്. എന്നാൽ അവർ വളരെ ഗൗരവത്തിലാണ്.

പതിവുപോലെ ഡേവിഡ് ജോലി സ്ഥലത്തേക്കു പോകുന്നു. എന്നാൽ വിചിത്രമെന്നു പറയട്ടെ, സഹപ്രവർത്തകരും ഡേവിഡിനെ തിരിച്ചറിയുന്നില്ല.

“എനിക്ക് ഡേവിഡ് ഗർണി എന്നൊരു മകനില്ല.” അയാളുടെ അമ്മ തീർത്തു പറയുന്നു.

“ഞാൻ ഭ്രാന്തനാണോ?’- ഒരു നിമിഷത്തേക്ക് ഡേവിഡ് സ്വയം സംശയിക്കുന്നു. എന്നാൽ തന്റെ ജീവിതത്തെക്കുറിച്ച് വ്യക്തമായ ഓർമ്മകളുള്ളതിനാൽ താൻ ഭ്രാന്തനല്ലെന്നു ഡേവിഡ് വിശ്വസിക്കുന്നു.

സംശയനിവൃത്തിക്കായി അയാൾ ഒരു മനോരോഗ വിദഗ്ധനെ സമീപിക്കുന്നു. “യഥാർത്ഥത്തിൽ ഡേവിഡ് ഗർണി എന്നൊരു വ്യക്തി ഇല്ലെന്നും അത് അയാളുടെ മനസ് സൃഷ്ടിച്ച ഒരു സാങ്കൽപ്പിക വ്യക്തിത്വമായിരിക്കുമെന്നാണ്” ഡോക്ടർ അഭിപ്രായപ്പെട്ടത്.

എന്തു ചെയ്യണമെന്നറിയാതെ നട്ടം തിരിയുന്ന അയാൾക്ക് ആശ്വാസമായി താനും ഭാര്യയും ഒരുമിച്ചു നിൽക്കുന്ന വിവാഹഫോട്ടോ കണ്ടെത്തുന്നു. പോലീസ് ഉദ്യോഗസ്ഥരേയും, ഡോക്ടറേയും ഒരു തെളിവായി ഈ ഫോട്ടോ കാണിക്കുന്നു. അവരുടെ മുഖത്തു യാതൊരു ഭാവഭേദവുമില്ല. ഫോട്ടോ തിരിയെ ഡേവിഡിനു കൊടുക്കുന്നു. ഡേവിഡ് വീണ്ടും ഫോട്ടോയിലേക്കു നോക്കുമ്പോൾ, അതിൽ അയാൾ മാത്രം. ഭാര്യ ഇപ്പോൾ ചിത്രത്തിലില്ല. തന്റെ അസ്തിത്വം തെളിയിക്കുവാൻ ഉണ്ടായിരുന്ന അവസാന തെളിവും ഇല്ലാതായി.

**ഒരു ചെറിയ ട്വിസ്റ്റ്:**

ഉറക്കത്തിൽ ഡേവിഡ് കിടക്കയിൽ നിന്നും താഴെ വീഴുന്നു. ഞെട്ടിയുണരുമ്പോൾ ഭാര്യ വിൽമ സമീപത്തുണ്ട്. അവൾ പതിവുപോലെ സംസാരിക്കുന്നു. ഡേവിഡ് ആശ്വാസത്തോടെ അവളെ നോക്കുന്നു. അപ്പോൾ ഇതെല്ലാം ഒരു ദുഃസ്വപ്നമായിരുന്നോ?

വിൽമ ബാത്ത്റൂമിൽനിന്നും പുറത്തു വരുമ്പോൾ ഡേവിഡ് ഞെട്ടിപ്പോകുന്നു. അവൾ സംസാരിക്കുന്നതും പെരുമാറുന്നതും തന്റെ ഭാര്യയെപ്പോലെയാണ്. പക്ഷേ, അവളുടെ മുഖം ഡേവിഡ് അറിയുന്ന ഭാര്യയുടേതല്ല.

അയാൾ വീണ്ടും ആശയക്കുഴപ്പത്തിലാകുന്നു. അപ്പോൾ പ്രേക്ഷകനും ആ ചോദ്യത്തിനു മുന്നിൽ പകച്ചു നിൽക്കുന്നു.



ലേഖകൻ

അത് സ്വപ്നമായിരുന്നോ? അതോ ഡേവിഡ് മറ്റൊരു മാനസിക വിഭ്രാന്തിക്ക് അടിമപ്പെട്ടതാണോ? അതിനുള്ള വ്യക്തമായ ഉത്തരം കഥാകൃത്ത് നൽകുന്നില്ല. അതാണ് ഈ കഥയുടെ ഭീതിയും ശക്തിയും.

* * * *

'രാധ, രാധ മാത്രം', 'Persons Unknown'-ഉം തമ്മിൽ കഥയുടെ അടിസ്ഥാന ആശയത്തിൽ സാമ്യമുണ്ട്. ഒരു വ്യക്തിയെ ചുറ്റുമുള്ളവർ, സ്വന്തം കുടുംബം ഉൾപ്പെടെ തിരിച്ചറിയാതാകുകയും അതിലൂടെ അയാൾ അനുഭവിക്കുന്ന അസ്തിത്വ പ്രതിസന്ധിയും ഏകാന്തതയും പ്രമേയമാകുകയും ചെയ്യുന്നു. എന്നാൽ കഥാപാത്രങ്ങളും സംഭവവികാസവും അവതരണ രീതിയും വ്യത്യസ്തമാണ്.

പ്രതീക്ഷിക്കാതെ, പെട്ടെന്നു ഒരു നിമിഷത്തിൽ തങ്ങളെ ആരും മനസ്സിലാക്കുന്നില്ല എന്നു വന്നാൽ നമ്മൾ എന്തു ചെയ്യും? ഈ ലോകത്ത് നമ്മൾ ആരുമല്ലാതായിത്തീരും. നമ്മളെ ഈ ലോകത്ത് നിലനിർത്തുന്നത് നമ്മെ തിരിച്ചറിയുന്നവർ ഇവിടെ ഉണ്ടാകുമ്പോഴാണ്. നമ്മുടെ അസ്തിത്വം അവർ നിഷേധിച്ചാൽ പിന്നെ നമുക്ക് ഈ ലോകത്ത് നിലനിൽപ്പില്ല.

ഇരുകഥകളുടേയും നായക/നായികമാർ ആവർത്തിച്ചു പറയുന്നത് ഒരു അടിസ്ഥാന വാക്യമാണ്.

Gurney : “I am David Gurney”

രാധ: “ഞാൻ രാധയാണ്”

ഇരുവരും സ്വന്തം identity സ്വയം പ്രഖ്യാപിക്കുന്നു. അതിൽ ഉറച്ചു നിൽക്കുന്നു.

പക്ഷേ, ലോകം ഒരുമിച്ചു പറയുന്നു: “നീ പറയുന്ന വ്യക്തിയല്ല നീ. നിന്നെ ഞങ്ങൾ അറിയുന്നില്ല.”

ഇവിടെയാണ് രണ്ടു കൃതികളും പരസ്പരം അത്ഭുതകരമായി ബന്ധിക്കപ്പെട്ടിരിക്കുന്നത്.

വലിയ സാഹിത്യ പ്രതിഭകളുടെ ഭാവന പലപ്പോഴും ഒരേ ചിറകിലേറിയാണല്ലോ പറക്കുന്നത്. അതും ഒരു അത്ഭുത പ്രതിഭാസമാണ്.

# ഡോ. റോയ്സ് മല്ലശ്ശേരി മാർത്തോമാ സീനിയർ സിറ്റിസൺ ജനറൽ സെക്രട്ടറി

തിരുവല്ല: മാർത്തോമാ സഭയുടെ സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പ് കേന്ദ്ര ജനറൽ സെക്രട്ടറിയായി ഡോ. റോയ്സ് മല്ലശ്ശേരി തെരഞ്ഞെടുക്കപ്പെട്ടു. കോഴഞ്ചേരി സെന്റ് തോമസ് കോളജ് മുൻ പ്രിൻസിപ്പൽ ആയ റോയ്സ്



ഡോ. റോയ്സ് മല്ലശ്ശേരി
സെൻട്രൽ ജനറൽ സെക്രട്ടറി

സഭയുടെ മുഖപത്രമായ മലങ്കര സഭാതാരക ചീഫ് എഡിറ്റർ, മാർത്തോമാ സ്റ്റുഡന്റ്സ് കോൺഫറൻസ് കേന്ദ്ര പ്രസിഡണ്ട്, മാർത്തോമാ യുവജനസഖ്യം കേന്ദ്ര ഉപാദ്ധ്യക്ഷൻ, എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് മെമ്പർ, വൈദിക സെലക്ഷൻ ബോർഡ് അംഗം, മാർത്തോമാ ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ മെമ്പർ, വൈഎംസിഎ ലണ്ടൻ യൂത്ത് സെന്റർ ഡയറക്ടർ, വൈസ്മെൻ ഇന്റർനാഷണൽ യുണൈറ്റഡ് നേഷൻസ് അന്തർ ദേശീയ സമിതി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു.

പ്രസിഡണ്ട് ഡോ. തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലിത്ത



പ്രൊഫ. ഫിലിപ്പ് എൻ. തോമസ്
വൈസ് പ്രസിഡണ്ട്

യുടെ അദ്ധ്യക്ഷതയിൽ നടന്ന കേന്ദ്ര വാർഷിക സമ്മേളനത്തിലാണ് അടുത്ത മൂന്ന് വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തത്. വികാരി ജനറൽ റവ. ഡോ. സി.കെ. മാത്യു മുഖ്യ വരണാധികാരിയായി പ്രവർത്തിച്ചു. പ്രൊഫ. ഫിലിപ്പ് എൻ. തോമസ് തിരുവല്ല വൈസ് പ്രസിഡണ്ട് ആയും വി.ടി. തോമസ് മല്ലപ്പള്ളി ട്രഷറർ ആയും തെരഞ്ഞെടുക്കപ്പെട്ടു. ഭദ്രാസനങ്ങളിൽനിന്നുള്ള കേന്ദ്ര കമ്മിറ്റി അംഗങ്ങളായി സജി മുക്കരണത്ത്, ബാബു വെമ്മേലി (റാന്നി നിലയ്ക്കൽ), അഡ്വ. മോഹൻ ജോർജ് (കുന്നംകുളം മലബാർ), ജേക്കബ് ജോർജ്, പി.സി. തോമസ് (നിരണം മാരമൺ), ജോണി ഇ. ജോൺ,



വി.ടി. തോമസ് മല്ലപ്പള്ളി
ട്രഷറർ

ടൈറ്റസ് വറുഗീസ് (കോട്ടയം കൊച്ചി), ജേക്കബ് ജോർജ്, സജി ജോർജ് (അടൂർ), പ്രൊഫ. ജേക്കബ് കോശി, അഡ്വ. ജോൺ പി. തോമസ് (ചെങ്ങന്നൂർ മാവേലിക്കര), അഡ്വ. ജോർജ് വറുഗീസ്, തങ്കച്ചൻ ടി.ഒ (കൊട്ടാരക്കര പുനലൂർ), വി.ടി. സാമുവേൽ, വർഗീസ് സാമുവേൽ (മുംബൈ), ചെറിയാൻ ജോർജ് (ചെന്നൈ ബാംഗ്ലൂർ), എന്നിവരെ തെരഞ്ഞെടുത്തു.

# BCM COLLEGE PARTNERS WITH UNIVERSITY OF SALFORD, UK, THROUGH THE INITIATIVE OF PROF. DR. SUNNY LUKE MATTATHILPARAMBIL, CHAIRMAN OF IISAC, USA

CELINE CHARATH







Kottayam: BCM College, Kottayam, and the University of Salford, Manchester, UK, have entered into an international higher-education partnership through a Memorandum of Understanding (MoU) signed on November 14, facilitated through the initiative and academic connections of Prof. Dr. Sunny Luke Mattathilparambil, a medical scientist and Professor - Stem cell therapeutics, Tissue Engineering, Medical Biotechnology & Genetics - USA.

Established in 1954, BCM College is a prestigious women's college in Kottayam, offering undergraduate programmes across 16 departments. Through this international collaboration, the college is expanding opportunities for Master's and PhD-level education in association with the University of Salford.

At the invitation of Prof. Dr. Sunny Luke who have extensive academic connections with universities in the UK and USA, Prof. Dr. Natalie Yates- Bolton, International lead (Health and Society) representing the University of Salford, visited BCM College and participated in a brainstorming session on potential areas of academic and research collaboration. The meeting was attended by Manager Fr. Abraham Parambeth, Bursar Fr. Philmon Kalathara, Principal Prof. Dr. K.V. Thomas, and the Heads of Departments.

Following the discussions, several models of cooperation between BCM College and the University of Salford were identified and finalised.

**Opportunities for Higher Education**

One of the major areas of collaboration is the opportunity for BCM students interested in pursuing Master's degrees to continue their higher education at the University of Salford. **(see page 26)**














# ഐപിസി ഹൂസ്റ്റൺ ഫെല്ലോഷിപ്പ് കൺവൻഷൻ ഒക്ടോബർ രണ്ട് മുതൽ

**ജോസഫ് കുര്യൻ**

ഹൂസ്റ്റൺ: ഐപിസി ഹൂസ്റ്റൺ ഫെല്ലോഷിപ്പിന്റെ വാർഷിക കൺവൻഷൻ ഒക്ടോബർ 2, 3, 4 (വെള്ളി, ശനി, ഞായർ) തീയതികളിൽ നടക്കും. ഹൂസ്റ്റണിലെ ഐപിസി ഹെബ്രോൺ സഭാങ്കണത്തിൽ (4660 S. Sam Houston Parkway East, Houston, Texas 77048) വെച്ചാണ് കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നത്. ദിവസവും വൈകുന്നേരം 6.30-നാണ് പ്രധാന യോഗങ്ങൾ ആരംഭിക്കുന്നത്. ഒക്ടോബർ മൂന്നിന് ശനിയാഴ്ച വൈകുന്നേരം 4.30-ന് സിസ്റ്റേഴ്സ് മീറ്റിംഗും നടക്കും.

ലോകപ്രശസ്ത ദൈവവചന പ്രസംഗകനും ഗായകനും എഴുത്തുകാരനുമായ റവ. ഡോ. ടിം ഹിൽ, പാസ്റ്റർ ജി. അലക്സ്, പാസ്റ്റർ ജെയ്സൺ വർഗീസ്, സിസ്റ്റർ ലിനു സാംസൺ എന്നിവർ പ്രസംഗിക്കും.




വെസ്ലി രാജന്റെ നേതൃത്വത്തിൽ ഐപിസി ഫെല്ലോഷിപ്പ് ഗായകസംഘം സംഗീത ശുശ്രൂഷ നിർവഹിക്കും.

റവ. ഡോ. ഷാജി ഡാനിയേൽ (പ്രസിഡന്റ്), പാസ്റ്റർ തോമസ് ജോസഫ് (വൈസ് പ്രസിഡന്റ്), ജോസഫ് കുര്യൻ (സെക്രട്ടറി), ജെയ്സൺ ജോസഫ് (ട്രഷറർ), പാസ്റ്റർ സാം അലക്സ് (യൂത്ത് കോ-ഓർഡിനേറ്റർ), സിസ്റ്റർ സെലിൻ ചാക്കോ (സിസ്റ്റേഴ്സ് കോ-ഓർഡിനേറ്റർ), ബൈജു ജേക്കബ് ജോൺ (മീഡിയ), സി.ജി. ഡാനിയേൽ (ചാരിറ്റി കോ-ഓർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. ഹൂസ്റ്റണിലും സമീപപ്രദേശങ്ങളിലുമുള്ള എല്ലാ വിശ്വാസികളും ഈ അനുഗൃഹീത കൺവൻഷനിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക്: 713 -586-9580, 281-827-5220

# PROF. DR. SUNNY LUKE MATTATHILPARAMBIL

(from page 25)

Students from all 16 departments will have opportunities to explore advanced programmes with an emphasis on education and research with real-world impact.

A student exchange programme is also proposed between the two institutions. Under the proposed model, if 10 students from the University of Salford spend two months studying at BCM College, a corresponding number of BCM students would have the opportunity to spend the same period at the University of Salford in the UK. The exchange model is also expected to extend to faculty members.

**Centres of Excellence and Translational Research**

Another significant initiative is the proposed establishment of Centres of Excellence at BCM College, with the support of scientists and professors from the University of Salford.

The centres will focus on translational research, with the objective of transforming scientific discoveries into technological solutions that can address real-world challenges.

The proposed areas of excellence include artificial intelligence, medical research, public health, environmental research, biotechnology, quantum physics, clinical genomics, autism, and neurodevelopmental disabilities, among other socially relevant areas.

The research conducted through these Centres of Excellence is expected to provide a foundation for a split-country PhD programme, in which a portion of the research would be undertaken in India and the remaining research at the University of Salford, leading to a UK PhD.

**International Seminar on Autism**

As part of the collaboration, the institutions also decided to organise the first international seminar of the University of Salford at BCM College in November, focusing on the highly significant subject of autism spectrum disorders. Professors from the University of Salford are expected to participate in the seminar.

Following the MoU signing ceremony, Principal Prof. Dr. K. V. Thomas expressed his appreciation to Prof. Dr. Sunny Luke and Dr. Natalie for facilitating the collaboration and for their commitment to developing stronger, coordinated, and globally competitive educational opportunities for BCM students.

Prof. Dr. Sunny Luke said that the collaboration with the University of Salford would contribute to the advancement of scientific and technological education and research in India.

Prof. Dr. Elizabeth John, Coordinator of International Education at BCM College, said that the collaboration would strengthen BCM College's position as an autonomous higher education institution offering talented students opportunities to pursue globally recognised degrees and develop strong career prospects.

Following the MoU ceremony, Dr. Natalie interacted with students and answered their questions about academic programmes at the University of Salford, internship opportunities with companies and organisations in the UK, and opportunities for advanced research.

Dr. Sunny Luke was in the US from 1984 to 2020 first as a graduate student, then as a distinguished medical scientist in stem cell therapeutics and tissue engineering (Ortec International at - Columbia

University school of medicine), adjunct graduate professor at Adelphi University, New York, associate director of Molecular Pathology and Medical Genetics, Maimonides Medical Center Brooklyn, New York. Now retired and living in Kottayam serving as Professor of practice for BCM college, MG university and Caritas college of nursing. His wife Philo is from Karot family, Chingavanam and he has two sons Sandeep and Sanoop.

# ബഹിരാകാശത്തും ആയുധങ്ങൾ വിന്യസിച്ച് യുഎസ്

വാഷിങ്ടൺ: ബഹിരാകാശത്ത് തങ്ങൾ ആയുധങ്ങൾ വിന്യസിച്ചിട്ടുണ്ടെന്ന് യുഎസ് സ്ഥിരീകരിച്ചു. ആദ്യമായാണ് ഇത്തരമൊരു സ്ഥിരീകരണം ഒരു രാജ്യം നൽകുന്നത്.

കരയും കടലും ആകാശവും പിന്നിട്ട് ബഹിരാകാശവും പടക്കളമാകുന്ന യുഗത്തിലേക്കുള്ള കാഹളമായിട്ടാണ് വെളിപ്പെടുത്തലിനെ വിദഗ്ധർ വിലയിരുത്തുന്നത്. മറ്റു ബഹിരാകാശ ശക്തികളും ഇത്തരം നീക്കങ്ങൾ ഉടനടി നടത്താൻ വെളിപ്പെടുത്തൽ കാരണമായേക്കും.

ആക്രമണങ്ങളിൽനിന്ന് രാജ്യത്തിന്റെ സൈനിക സംവിധാനങ്ങളെ സംരക്ഷിക്കുന്നതിനായാകും ഈ ആയുധങ്ങൾ ഉപയോഗിക്കുകയെന്ന് യുഎസ് എയർഫോഴ്സ് സെക്രട്ടറി ട്രോയ് മെങ്ക് വ്യക്തമാക്കി.

ഏത് തരം ആയുധങ്ങളാണിവയെന്നോ ശേഷിയെന്തെന്നോ എപ്പോൾ വിക്ഷേപിച്ചെന്നോ വ്യക്തമല്ല. ചൈനയും റഷ്യയും ഉപഗ്രഹങ്ങളെ ആക്രമിക്കാനും തടസ്സപ്പെടുത്താനും കഴിയുന്ന വിവിധ സംവിധാനങ്ങൾ വികസിപ്പിക്കുന്നതായി യുഎസ് നേരത്തെ ആരോപിച്ചിരുന്നു.

സ്പേസ് ഫോഴ്സ് എന്ന പേരിൽ ഒരു പ്രത്യേക സേനാ വിഭാഗം തന്നെ യുഎസ് ഇതിനകം രൂപീകരിച്ചിട്ടുണ്ട്. 1967-ലെ രാജ്യാന്തര ഉടമ്പടിപ്രകാരം ഭ്രമണപഥങ്ങളിൽ ആണവ, കൂട്ടനശീകരണ ആയുധങ്ങൾ വിന്യസിക്കുന്നത് വിലക്കിയിട്ടുണ്ട്. എന്നാൽ, മറ്റു ആയുധങ്ങളുടെ കാര്യത്തിൽ ഇതു ബാധകമല്ല.

# മാലിന്യത്തിൽ നിന്ന് മൂല്യം; ഐഎംഎംടിയിൽ പദ്ധതികൾ ഒരുങ്ങുന്നു

ഭുവനേശ്വർ: മാലിന്യം ഇനി ഉപേക്ഷിക്കേണ്ട. അതിൽനിന്നെല്ലാം മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കാമെന്ന് ഭുവനേശ്വറിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മിനറൽസ് ആൻഡ് മെറ്റീരിയൽസ് ടെക്നോളജി (ഐ.എം.എം.ടി).

മാലിന്യങ്ങളിൽനിന്ന് ഉപയോഗപ്രദമായ വസ്തുക്കൾ വേർതിരിച്ചെടുത്ത് പുതിയ ഉത്പന്നങ്ങളാക്കാനുള്ള പൈലറ്റ് പദ്ധതികൾ സ്ഥാപനത്തിൽ പുരോഗമിക്കുകയാണെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. രാമാനുജ് നാരായൺ പറഞ്ഞു. വിവിധ സംസ്ഥാനങ്ങളിലെ മാധ്യമപ്രവർത്തകരുമായുള്ള മുഖാമുഖത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. 2040-ഓടെ മാലിന്യമുക്ത ഭാരതമാണ് ലക്ഷ്യം.

ഉപയോഗശൂന്യമായ കമ്പ്യൂട്ടർ, മൊബൈൽ ഫോൺ, ടെലിവിഷൻ തുടങ്ങിയ ഇലക്ട്രോണിക് സാധനങ്ങളിൽനിന്ന് ലോഹങ്ങളും മറ്റും വീണ്ടെടുക്കുന്നതിനുള്ള സാങ്കേതികവിദ്യയാണ് പദ്ധതികളിൽ ഏറ്റവും പുതിയത്.

മലയാളിയായ ഡോ. മഞ്ജു ഉണ്ണികൃഷ്ണനും പദ്ധതിയിൽ സഹകരിക്കുന്നുണ്ട്. ഇ-മാലിന്യം ശേഖരിച്ച് വിവിധ ഘട്ടങ്ങളിലൂടെ പൊടിച്ചശേഷം അതിലെ ലോഹങ്ങളും പ്ലാസ്റ്റിക്കും വേർതിരിക്കും. ലോഹപ്പൊടിയിൽനിന്ന് ചെമ്പ്, വെള്ളി, അപൂർവ ലോഹങ്ങൾ തുടങ്ങിയവ വീണ്ടും വേർതിരിക്കും.

ഇലക്ട്രോണിക് ഉത്പന്നങ്ങളുടെ നിർമാണത്തിന് ആവശ്യമായ അപൂർവ ലോഹങ്ങളുടെ ലഭ്യതക്കുറവ് ഒരുപരിധിവരെ പരിഹരിക്കുന്നതിനും ഈ സംവിധാനം സഹായകമാകും.

ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്, കെട്ടിടങ്ങൾ പൊളിക്കുമ്പോഴുള്ള അവശിഷ്ടങ്ങൾ, സോളാർ പാനലുകൾ, ബാറ്ററികൾ തുടങ്ങി വിവിധതരം മാലിന്യങ്ങളെ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റാനും ലക്ഷ്യമിടുന്നു. ഇവ ശേഖരിച്ച് വേർതിരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നതിന് നിരവധി സ്റ്റാർട്ടപ്പുകൾക്ക് അവസരമൊരുങ്ങുമെന്നും ഡയറക്ടർ പറഞ്ഞു.

സ്ഥാപനം വികസിപ്പിക്കുന്ന സാങ്കേതികവിദ്യകൾ സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെയുള്ള സംരംഭങ്ങൾക്ക് കൈമാറും. ഖനനശേഷം അവശേഷിക്കുന്ന വസ്തുക്കളിൽനിന്ന് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്നതിനുള്ള സാങ്കേതികവിദ്യ വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിക്കഴിഞ്ഞു.

മാലിന്യം ഉത്പന്നങ്ങളാക്കിമാറ്റുന്ന ഇത്തരം സാങ്കേതികവിദ്യകൾ 'മേക്ക് ഇൻ ഇന്ത്യ', 'ആത്മ നിർഭർ ഭാരത്' പദ്ധതികളെ സഹായിക്കും. മാധ്യമസംഘത്തിന്, സ്ഥാപനത്തിലെ 12 പൈലറ്റ് പദ്ധതികൾ പരിചയപ്പെടുത്തി. പദ്ധതികളുമായി വിവിധ സ്ഥാപനങ്ങൾ സഹകരിക്കുന്നുണ്ട്.

കേരളത്തിൽനിന്നുള്ള മാധ്യമസംഘത്തോടൊപ്പം തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോ ഡെപ്യൂട്ടി ഡയറക്ടർ ഡോ. ആതിര തമ്പി, ഇൻഫർമേഷൻ അസിസ്റ്റന്റ് എ.എസ്. നിഖിത എന്നിവരും ഉണ്ടായിരുന്നു.

# വീട്ടിൽ അനധികൃത മദ്യം: ആന്റോ അഗസ്റ്റിൻ റിമാൻഡിൽ

കൊച്ചി: നിയമവിരുദ്ധമായ അളവിൽ മദ്യം വീട്ടിൽനിന്നു പിടികൂടിയ കേസിൽ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിങ് കമ്പനി എംഡി ആന്റോ അഗസ്റ്റിനെ റിമാൻഡ് ചെയ്തു. ബത്തേരി ഒന്നാം ക്ലാസ് കോടതിയിൽ ജുഡീഷ്യൽ മജിസ്ട്രേറ്റ് അഥീന ബിജുവിന്റെ മുൻപാകെ രണ്ടു മണിക്കൂറിലധികം നീണ്ട വാദത്തിനൊടുവിലാണ് ആന്റോയെ റിമാൻഡ് ചെയ്തത്. വയനാട്ടിലെത്തിയ എക്സൈസ് സംഘം 5 മണിക്കൂറോളം നീണ്ട മൊഴിയെടുപ്പിനൊടുവിലാണ് ആന്റോയെ ബത്തേരി കോടതിയിൽ ഹാജരാക്കിയത്.




മെസി വിവാദവുമായി ബന്ധപ്പെട്ട കേസ് അന്വേഷണത്തിന്റെ ഭാഗമായി 16–ന് രാവിലെ ആറോടെയാണ് പ്രത്യേക അന്വേഷണസംഘം വയനാട്ടിലെ വാഴവറ്റയ്ക്കടുത്ത് കാരപ്പുഴയിൽ ആന്റോ അഗസ്റ്റിന്റെ വസതിയിലെത്തിയത്. റെയ്ഡിനിടെയാണു മദ്യശേഖരം ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെട്ടത്.

മദ്യം കണ്ടെത്തിയ വയനാട്ടിലെ വാഴവറ്റയിലെ വീട് ആന്റോയുടേതല്ലെന്നും വായ്പ ഇടപാടുകളിൽ വീഴ്ച വന്നതിനെ തുടർന്ന് കോടതി അറ്റാച്ച് ചെയ്ത് ബാങ്കിന്റെ കൈവശമാണെന്നുമുള്ള വാദമാണ് പ്രതിഭാഗം ഉയർത്തിയത്. ആന്റോ താമസിക്കുന്നതു എറണാകുളത്താണെന്നു പ്രതിഭാഗം വാദിച്ചു. വീട് ആന്റോയുടേതാണെന്നും കണ്ടെത്തിയ മദ്യത്തിന്റെ ഉത്തരവാദിത്തം ആന്റോയ്ക്കാണെന്നും പ്രോസിക്യൂഷൻ വാദിച്ചു.

വാഴവറ്റയിലെ ആന്റോയുടെ വസതിയിൽ നടത്തിയ എസ്ഐടി റെയ്ഡിൽ 49.365 ലിറ്റർ വിദേശ മദ്യവും 7.474 ലിറ്റർ വൈനും 12.75 ലിറ്റർ ആൽക്കഹോൾ അടങ്ങിയ പാനിയവുമാണ് കണ്ടെത്തിയത്.

# കുട്ടികൾക്ക് 'താരാപഥം' പദ്ധതി വരുന്നു

കൊച്ചി: പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനപുരോഗതിയും സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങളും ഡിജിറ്റൽ സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നതിനായി 'താരാപഥം' പദ്ധതിയുമായി പൊതുവിദ്യാഭ്യാസ വകുപ്പ്. കേരള സർക്കാരിന്റെ നൂറുദിന കർമപദ്ധതിയുടെ ഭാഗമായാണു പദ്ധതി നടപ്പാക്കുന്നത്.

കൈറ്റ് മുഖേന നടപ്പാക്കുന്ന പദ്ധതിയിൽ സമ്പൂർണ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം, സമഗ്ര ഡിജിറ്റൽ വിഭവ പോർട്ടൽ, വിദ്യാർത്ഥികളുടെ മെന്ററിംഗ് വിവരങ്ങൾ രേഖപ്പെടുത്തുന്ന സഹിതം പോർട്ടൽ എന്നിവ ഏകോപിപ്പിക്കും. നിർമിതബുദ്ധി (എഐ) സാങ്കേതികവിദ്യയും സൈബർ സുരക്ഷാ പ്രോട്ടോകോളും പദ്ധതിയുടെ ഭാഗമാണ്.

സമ്പൂർണ എസ്എസ്ഒ സംവിധാനത്തിലൂടെ ഒറ്റ ലോഗിനിൽ പ്രധാന ഓൺലൈൻ ആപ്ലിക്കേഷനുകളിലേക്കു പ്രവേശിക്കാം. സിബിഎസ്ഇ, ഐസിഎസ്ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ എന്നിവയുടെ വിവരങ്ങളും സമ്പൂർണയിൽ ഉൾപ്പെടുത്തും.

വിദ്യാർത്ഥികളുടെ ഹാജർ, പഠനനിലവാരം, പരീക്ഷാ സ്കോറുകൾ, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനവും ഒരുക്കും.

ഒന്നാം ക്ലാസ് മുതൽ 12–ാം ക്ലാസ് വരെയുള്ള കുട്ടികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി സമ്പൂർണ പ്ലസ് പരിഷ്കരിച്ചു. സമഗ്ര പ്ലസ് പോർട്ടലിൽ ഡിജിറ്റൽ പഠനവിഭവങ്ങൾക്കും ഒന്നാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള ടീച്ചിംഗ് മാന്വലുകൾക്കും പുറമെ അദ്ധ്യാപകരുടെ പഠനാസൂത്രണം, പ്രഥമാദ്ധ്യാപകരുടെ ക്ലാസ് നിരീക്ഷണം, വിദ്യാഭ്യാസ ഓഫീസർമാരുടെ പരിശോധന, എസ്ആർജി തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്താനും കഴിയും.

# മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങായി പുതിയ ഇൻഷുറൻസ്

തിരുവനന്തപുരം: കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ച് കേരള സർക്കാർ. മത്സ്യത്തൊഴിലാളികൾക്ക് സ്വാഭാവിക മരണം സംഭവിച്ചാലും ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ് പദ്ധതി. മത്സ്യമേഖലയിലെ ബോട്ടുടമകളുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ മന്ത്രി വി.ഇ. അബ്ദുൾ ഗഫൂറാണ് പുതിയ ഇൻഷുറൻസ് പദ്ധതി പ്രഖ്യാപിച്ചത്.

മത്സ്യത്തൊഴിലാളികൾ സ്വാഭാവികമായി രോഗം ബാധിച്ചോ ഹൃദയാഘാതം മൂലമോ മരിക്കുമ്പോൾ നിലവിൽ ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. അപകട മരണത്തിനും അപകടത്തിൽ അംഗവൈകല്യം സംഭവിക്കുമ്പോഴുമാണ് ഇൻഷുറൻസ് ഉള്ളത്. പുതിയ പദ്ധതി നിലവിൽ വരുന്നതോടെ കേരളത്തിലെ മുഴുവൻ അംഗീകൃത മത്സ്യത്തൊഴിലാളികൾക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാകും. കാലാവധി കഴിഞ്ഞ മത്സബന്ധനയാനങ്ങൾക്ക് ലൈസൻസ് പുതുക്കുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനും ചർച്ചയിൽ തീരുമാനമായി. കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം കാലോചിതമായി പരിഷ്കരിക്കും. ഇതിനാവശ്യമായ പരിശോധനകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ധസമിതിയെ നിയോഗിക്കും.

മത്സ്യമേഖലയിൽ പ്രവർത്തിക്കുന്നവരുടെ അഭിപ്രായങ്ങൾകൂടി സ്വീകരിച്ചുകൊണ്ടാകും നിയമഭേദഗതി നടത്തുക. 1980–ൽ നിലവിൽവന്ന നിയമം പുതിയ സാഹചര്യത്തിന് അനുസൃതമായി പരിഷ്കരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്. എം.എസ്.സി. എൽസ കപ്പൽ മുങ്ങിയ സംഭവവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിലവിലുള്ള കേസിൽ, മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടായ നഷ്ടം പരിഹരിക്കാൻ ഇടപെടൽ ഉണ്ടാകും. ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ പുനഃസംഘടിപ്പിക്കാനും അത് പൂർണതോതിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാൻ തീരുമാനിച്ചതായും മന്ത്രി അറിയിച്ചു. ചർച്ചയിൽ വിവിധ സംഘടനകളെ പ്രതിനിധീകരിച്ച് ടി.എൻ. പ്രതാപൻ, വി. ദിനകരൻ, രഘുവരൻ എന്നിവർ പങ്കെടുത്തു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 95.83 |
| യൂറോ | 109.96 |
| സ്റ്റെർലിംഗ്പൗണ്ട് | 128.27 |
| സ്വിസ് ഫ്രാങ്ക് | 116.41 |
| സിംഗപ്പൂർ ഡോളർ | 75.10 |
| കനേഡിയൻ ഡോളർ | 68.36 |
| ഒമാൻ റിയാൽ | 249.22 |
| ബഹ്റൈൻ ദിനാർ | 254.63 |
| സൗദി റിയാൽ | 25.52 |
| യു.എ.ഇ. ദിർഹം | 26.09 |
| കുവൈത്ത് ദിനാർ | 310.74 |

# ലഹരിക്കെതിരെ പ്രത്യേക അന്വേഷണ വിഭാഗം

തിരുവനന്തപുരം: ലഹരിമരുന്നു കേസുകളിൽ പ്രത്യേക അന്വേഷണ വിഭാഗത്തിന് (ആന്റി നർകോട്ടിക്സ് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്) ആഭ്യന്തര വകുപ്പ് രൂപം നൽകി. തൂഫാൻ നോഡൽ ഓഫീസറും ഉത്തരമേഖലാ ഐജിയുമായ പുട്ട വിമലാദിത്യ നേതൃത്വം നൽകും. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ടാസ്ക്ഫോഴ്സുകൾ സജ്ജമാക്കും. സംസ്ഥാനാന്തര, രാജ്യാന്തര ബന്ധങ്ങളുള്ള കേസുകളാകും അന്വേഷിക്കുക. ഓപ്പറേഷൻ തൂഫാൻ നടപ്പാക്കിയശേഷം കേരളത്തിൽ ലഹരിമരുന്നു വിൽപന 20–30 ശതമാനം കുറഞ്ഞതായി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ലഹരി വാങ്ങാൻ പണം നൽകുന്നവർക്കെതിരെയും നടപടിയെടുക്കും. തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് ഓപ്പറേഷൻ തൂഫാന്റെ രണ്ടാംഘട്ടം നടപ്പാക്കും.



# ഇന്ത്യയിലെ കൽക്കരി ശേഖരം കടുത്ത പ്രതിസന്ധിയിൽ

ന്യൂഡൽഹി: ഇന്ത്യയിലെ താപ വൈദ്യുത നിലയങ്ങളിലെ കൽക്കരി സംഭരണത്തിൽ ഗുരുതരമായ പ്രതിസന്ധി. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ ദിവസേനയുള്ള കണക്കുപ്രകാരം നിലയങ്ങളിലെ കൽക്കരി ശേഖരം കഷ്ടിച്ച് ആറ് ദിവസത്തേക്കുകൂടി മാത്രമാണുള്ളത്. കൃത്യമായി കണക്കാക്കിയാൽ 5, 6 ദിവസത്തേക്കുള്ള കൽക്കരി കൂടിയേ താപവൈദ്യുത നിലയങ്ങളിലുള്ളൂ.

സെപ്റ്റംബർ 19-ലെ കണക്കുപ്രകാരം 190 നിലയങ്ങളിലായി 15.3 മെട്രിക് ടൺ കൽക്കരിയാണുള്ളത്. അന്നേ ദിവസത്തെ കൽക്കരി ഉപയോഗം 2.70 ദശലക്ഷം ടണ്ണിനും താഴെയായിരുന്നു. ഈ ഉപയോഗനിരക്കിൽ നിലയങ്ങൾ 85 ശതമാനം ശേഷിയിൽ പ്രവർത്തിച്ചാൽപോലും കൽക്കരി ശേഖരം പല നിലയങ്ങളിലും സെപ്റ്റംബർ 26-ന് മുമ്പുതന്നെ തീരും. എഴുപതിലധികം നിലയങ്ങളിലെ ശേഖരം അപകടകരമാംവിധത്തിൽ കുറഞ്ഞ അളവിലാണ്.

റെയിൽ ഗതാഗതത്തിലൂടെ കൽക്കരി എത്തിക്കുന്ന 128 താപനിലയങ്ങളിൽ 60 എണ്ണത്തിലും സംഭരണം ഗുരുതരമായ പ്രതിസന്ധിയിലാണ്. മൺസൂൺ മഴയും ഗതാഗതത്തിലെ തടസങ്ങളും വിതരണത്തെ കാര്യമായി ബാധിച്ചിരുന്നു. മഴ കണക്കിലെടുത്ത് മുൻകൂട്ടി സംഭരിക്കാത്തതും അതോടൊപ്പം തന്നെ ഇന്ത്യയിലെ വൈദ്യുതി ആവശ്യകത വർധിച്ചതും പ്രതിസന്ധിയായി.

കനത്ത മഴയിൽ കിഴക്കൻ മേഖലകളിലെ കൽക്കരി ഖനികൾ വെള്ളത്തിലായതും റെയിൽ ഗതാഗത തടസങ്ങളും കാരണം വേണ്ടത്ര സംഭരണം നടന്നില്ലെന്നാണ് കേന്ദ്രം പറയുന്നത്. പ്രതിസന്ധി കണക്കിലെടുത്ത് സെപ്റ്റംബർ ഏഴുമുതൽ റോഡ് മാർഗവും അധിക കൽക്കരി എത്തിക്കാൻ കോൾ ഇന്ത്യ അനുമതി നൽകിയിരുന്നു. എന്നിട്ടും സംഭരണം പഴയ നിലയിലെത്തിയിട്ടില്ല.

## സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി രാഹുൽഗാന്ധി

ഇൻഡോർ: ചോദ്യങ്ങൾ ചോദിക്കുന്ന വിദ്യാർത്ഥികളെ സർക്കാരിനു ഭയമാണെന്നും അതുകൊണ്ടാണ് അവരെ നോട്ടപ്പുള്ളികളാക്കുന്നതെന്നും 'ഛാത്രോം കി ഗൂഞ്ച്' പരിപാടിയിൽ രാഹുൽ ഗാന്ധി പറഞ്ഞു. കോട്ട, ഡെറാഡൂൺ, പ്രയാഗ്‌രാജ്, പൂണെ എന്നിവിടങ്ങളിലേതിനു പിന്നാലെ അഞ്ചാമത് ഛാത്രോം കി ഗൂഞ്ച് പരിപാടിയാണ് ഇൻഡോറിൽ നടന്നത്. അമിത് ഷായുടെ മകൻ എങ്ങനെ ക്രിക്കറ്റ് അസോസിയേഷൻ ചെയർമാനായെന്ന് ഒരു വിദ്യാർത്ഥി ചോദിക്കും. ഇന്ത്യയിലെ ബിസിനസ് രംഗം ഏതാനും വ്യക്തികൾ മാത്രം നിയന്ത്രിക്കുന്നത് എന്തുകൊണ്ടാണെന്നും ചോദിക്കും. കോടതിയും തെരഞ്ഞെടുപ്പ് കമ്മീഷനും അവരുടെ ചുമതല നിർവഹിക്കുന്നുണ്ടോ എന്ന ചോദ്യവും സർക്കാരിനെ അസ്വസ്ഥമാക്കും. ഇത്തരം വിദ്യാർത്ഥികൾക്കു പകരം അന്ധ ഭക്തരെയാണ് സർക്കാർ ആഗ്രഹിക്കുന്നതെന്നും രാഹുൽ വിമർശിച്ചു.

## മണിമലയിൽ യുവാവിനെ അടിച്ചുകൊന്ന കേസ്; സിപിഎം പഞ്ചായത്ത് മെമ്പർ ഉൾപ്പെടെ ആറ് പേർ റിമാൻഡിൽ

മണിമല: മണിമലയിൽ യുവാവിനെ അടിച്ചുകൊന്ന കേസിൽ ആറ് പ്രതികളെ അറസ്റ്റ് ചെയ്തു. വൈക്കുന്നേൽ ഷിബുവിനെ കരിക്കാട്ടൂർ സെൻട്രലിൽ അമ്പാട്ട് കുന്നേൽ കോളനിക്കു സമീപം കൊലപ്പെടുത്തിയ കേസിൽ സിപിഎം പഞ്ചായത്ത് മെമ്പർ ഉൾപ്പെടെയുള്ള ആറ് പേരാണ് അറസ്റ്റിലായത്. സിപിഎം ലോക്കൽ കമ്മിറ്റിയംഗം കൂടിയായ മണിമല പഞ്ചായത്ത് അഞ്ചാം വാർഡ് മെമ്പർ ഈട്ടിക്കൽ ജോജി ജോൺ (ജോപ്പൻ 43), പുതുപ്പറമ്പിൽ നിഖിൽ അയ്യപ്പൻ (25), പ്ലാക്കതകിടിയിൽ ഷൈബിൻ സാം (26), പൂവക്കുളത്ത് അമൽരാജ് (19), കോയിക്കവയലിൽ ജോബിൻ രാജൻ (28), തേക്കുംപ്ലാക്കൽ കിരൺ കുട്ടപ്പൻ (21) എന്നിവരെയാണു മണിമല പോലീസ് അറസ്റ്റ് ചെയ്തത്. കരിക്കാട്ടൂർ സെന്റർ അമ്പാട്ടു കോളനിയിലുള്ളവരാണു പ്രതികളെല്ലാവരും.

പ്രതികളുമായുണ്ടായ വാക്കുതർക്കത്തെ തുടർന്നു സെപ്റ്റംബർ 15-ന് ചൊവ്വാഴ്ച ഷിബുവിനെ മർദിച്ചു കൊലപ്പെടുത്തുകയായിരുന്നുവെന്നാണു പോലീസ് പറയുന്നത്.

കഴിഞ്ഞ 16-നു രാവിലെയാണു നാട്ടുകാർ ഇയാളെ ദേഹമാസകലം പരുക്കുകളോടെ തോട്ടത്തിൽ മരിച്ചു കിടക്കുന്നനിലയിൽ കണ്ടെത്തിയത്. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ആന്തരികാവയവങ്ങൾക്കുണ്ടായ ക്ഷതമാണു മരണ കാരണമെന്നു കണ്ടെത്തിയിരുന്നു.

ഷിബുവിന്റെ മരണത്തിനുശേഷം കസ്റ്റഡിയിൽ ഉണ്ടായിരുന്ന പ്രതികളെ അറസ്റ്റ് ചെയ്തു കോടതിയിൽ ഹാജരാക്കി. പ്രതികളെ കോടതി റിമാൻഡ് ചെയ്തു.

## ഡോ. ജി. വിജയരാഘവൻ അന്തരിച്ചു



തിരുവനന്തപുരം: ഇന്ത്യൻ എക്കോകാർഡിയോഗ്രഫിയുടെ പിതാവും പ്രമുഖ കാർഡിയോളജിസ്റ്റുമായ ഡോ. ജി. വിജയരാഘവൻ (84) അന്തരിച്ചു. കുമാരപുരം കലാകൗമുദി റോഡ് ഗോവിന്ദത്തിലാണ് താമസിച്ചിരുന്നത്. ഇന്ത്യയിലെ ആദ്യത്തെ 2ഡി എക്കോകാർഡിയോ ലാബിന്റെ സ്ഥാപകനും കിംസ് ഹെൽത്ത് കെയറിന്റെ സ്ഥാപക വൈസ് ചെയർമാനുമായിരുന്നു. 2009-ൽ ഇന്ത്യ പദ്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.

സംസ്കൃതപണ്ഡിതനായിരുന്ന കൊല്ലം പെരുമ്പുഴയിൽ എം.കെ. ഗോവിന്ദന്റെ മകനായ ഡോ. ജി. വിജയരാഘവൻ, തിരുവനന്തപുരം മെഡിക്കൽ കോളജിൽനിന്നാണ് മെഡിസിനിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയത്. വെല്ലൂർ മെഡിക്കൽ കോളജിൽനിന്ന് കാർഡിയോളജിയിൽ പോസ്റ്റ് ഡോക്ടറൽ ബിരുദവും. 1976-ൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ ജോലിയിൽ പ്രവേശിച്ചു.

അമേരിക്കൻ കോളജ് ഓഫ് കാർഡിയോളജിയുടെ ഫെലോഷിപ്പ്, അമേരിക്കൻ ഹാർട്ട് അസോസിയേഷന്റെ സിൽവർ ഹാർട്ട് അംഗത്വം എന്നിവ നേടിയ അദ്ദേഹത്തിന് ബ്രിട്ടനിലെ എഡിൻബറോ യൂണിവേഴ്സിറ്റി നേരിട്ട് എഫ്.ആർ.സി.പി. ബിരുദം നൽകി. കുവൈത്ത് യൂണിവേഴ്സിറ്റിയുടെ ക്ഷണപ്രകാരം മധ്യപൂർവദേശത്തെ ആദ്യത്തെ ഡോപ്ലർ എക്കോ ലബോറട്ടറിക്ക് അദ്ദേഹം രൂപം നൽകി. ഹൃദയം, ഹൃദ്രോഗം തുടങ്ങിയ വിഷയങ്ങളിൽ പത്തോളം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്.

ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രഫി, ഇന്ത്യൻ കോളജ് ഓഫ് കാർഡിയോളജി, കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ എന്നിവ അദ്ദേഹത്തിന് ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം നൽകി ആദരിച്ചു.

സെർബിറ-ഒഡോളം (ഒതളങ്ങ) വിഷബാധയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഗവേഷണങ്ങൾ അതിന്റെ ചികിത്സയ്ക്ക് വഴിതെളിക്കുന്നതിനു കാരണമായി. 1983-ൽ അദ്ദേഹത്തെ കാലിഫോർണിയ സർവകലാശാലയിൽ പ്രവർത്തിക്കാൻ ക്ഷണിച്ചു. അവിടെ അദ്ദേഹം ഡോപ്ലർ എക്കോകാർഡിയോഗ്രഫിയിലെ ഒരു പ്രമുഖ ഗവേഷകനായി മാറി.

ഭാര്യ: നളിനി വിജയരാഘവൻ (മഹാകവി കുമാരനാശാന്റെ ചെറുമകൾ). മക്കൾ: ഡോ. വിഷ്ണു വിജയരാഘവൻ (സിഡ്നി, ഓസ്ട്രേലിയ), കൃഷ്ണൻ വിജയരാഘവൻ (ബെംഗളൂരു). മരുമകൾ: മീരാ കൃഷ്ണൻ.

## നൂറ് തികഞ്ഞവർ ലക്ഷം പിന്നിട്ട ആദ്യ രാജ്യമായി ജപ്പാൻ

ടോക്കിയോ: നൂറ് വയസിനു മുകളിൽ പ്രായമുള്ളവരുടെ എണ്ണം ഒരു ലക്ഷം പിന്നിട്ട ആദ്യരാജ്യമെന്ന ബഹുമതി ജപ്പാന്. രാജ്യത്ത് ഇപ്പോൾ നൂറ് പിന്നിട്ട 1,07,677 പേരുണ്ടെന്ന് ജാപ്പനീസ് ആരോഗ്യമന്ത്രാലയം അറിയിച്ചു.

2025-നെ അപേക്ഷിച്ച് 7,914 പേരാണ് പട്ടികയിൽ പുതുതായി ഇടംപിടിച്ചത്. 56 വർഷമായി ജപ്പാനിലെ വയോധികരുടെ എണ്ണം കൂടുന്നതല്ലാതെ കുറയുന്നില്ല.

അതേസമയം, വയോധികരിൽ ഭൂരിഭാഗവും ആരോഗ്യത്തോടെ ആക്ടീവായിട്ടാണ് ജീവിക്കുന്നതെന്നും മന്ത്രാലയം കൂട്ടിച്ചേർത്തു. ആരോഗ്യ സാങ്കേതികമേഖലയിലുണ്ടായ മുന്നേറ്റവും ആരോഗ്യകരമായ ജീവിതരീതിയും ഭക്ഷണക്രമവുമാണ് ഇതിനു കാരണം. ലോകത്ത് ഏറ്റവുമധികം വയോജനങ്ങളുള്ള രാജ്യമാണ് ജപ്പാൻ. പത്തിൽ മൂന്നുപേർ 65-നു മുകളിലുള്ളവരാണ്.

വയോധികരുടെ എണ്ണം വർധിക്കുമ്പോൾ ജനനനിരക്ക് കൂടുന്നില്ലെന്ന പ്രശ്നവും ജപ്പാൻ നേരിടുന്നു. ജനനനിരക്ക് വർധിപ്പിക്കാൻ സർക്കാർ പല വിധ പദ്ധതികൾ നടപ്പാക്കിയിട്ടും ഫലം കാണുന്നില്ല.

കഴിഞ്ഞവർഷം 95-നു മുകളിൽ പ്രായമുള്ള എട്ടുലക്ഷം പേർ ജപ്പാനിലുണ്ടായിരുന്നു. അതേ വർഷം ഏഴ് ലക്ഷം കുഞ്ഞുങ്ങളാണ് രാജ്യത്ത് ജനിച്ചത്.

## നെസ്‌ലെയ്ക്കെതിരെ കേസെടുത്തു

കോട്ടയം: ശിശുക്കൾക്കായുള്ള രണ്ട് ഉല്പന്നങ്ങളുടെ പരസ്യഅവകാശവാദങ്ങളിലും ഗുണനിലവാര മാനദണ്ഡങ്ങളിലും ചട്ടലംഘനം കണ്ടെത്തിയതിനെ തുടർന്ന് നെസ്‌ലെ ഇന്ത്യക്കെതിരെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (എഫ്എസ്എസ്എഐ) നിയമനടപടി തുടങ്ങി. ഇതുമായി ബന്ധപ്പെട്ട് നെസ്‌ലെ ഇന്ത്യക്കെതിരെ എഫ്എസ്എസ്എഐ മൂന്നു കേസുകൾ രജിസ്റ്റർ ചെയ്തു.

നാൻ എക്സെല്ല പ്രോ സ്റ്റേജ് ഒന്ന്, ലാക്ടോജൻ പ്രോ ഒന്ന് എന്നിവയുടെ പ്രചാരണത്തിൽ ചട്ടങ്ങൾക്ക് വിരുദ്ധമായ അവകാശവാദങ്ങൾ ഉന്നയിച്ചതായാണ് കണ്ടെത്തൽ. പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലുള്ള അവകാശവാദങ്ങൾ ഉന്നയിച്ചതിനാണ് നടപടിയെന്ന് എഫ്എസ്എസ്എഐ വ്യക്തമാക്കുന്നു.

ഇതിനു പുറമെ ശിശുക്കൾക്കുള്ള തുടർ ഭക്ഷണപ്പൊടിയുടെ സാമ്പിൾ പരിശോധനയിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. ഉല്പന്നത്തിൽ നിയമപരമായി ഉണ്ടായിരിക്കേണ്ട ബി-7 ജീവകം അഥവാ ബയോട്ടിന്റെ അളവ് മാനദണ്ഡപ്രകാരമില്ലെന്നാണ് പരിശോധനയിലെ കണ്ടെത്തൽ.

ശിശുക്കൾക്കുള്ള ഭക്ഷണ ഉല്പന്നങ്ങളിൽ ബയോട്ടിന്റെ അളവിനും ഗുണനിലവാരത്തിനും കൃത്യമായ മാനദണ്ഡങ്ങളുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലെ ഉല്പാദന കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനകളുടെയും ഉല്പന്നങ്ങളുടെ സാമ്പിൾ പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് നടപടി. കേസുകളിൽ തുടർ നിയമനടപടികൾ സ്വീകരിക്കുമെന്ന് എഫ്എസ്എസ്എഐ വ്യക്തമാക്കി.

അതേസമയം, ഇതുമായി ബന്ധപ്പെട്ട ഉല്പന്നങ്ങൾ വിപണിയിൽ നിന്നു തിരിച്ചുവിളിക്കാൻ ഉത്തരവിട്ടിട്ടുണ്ടോ എന്ന കാര്യത്തിൽ വ്യക്തതയില്ല. 2015-ൽ നെസ്‌ലെയിടെ ജനപ്രിയ മാഗി ന്യൂഡിൽസിൽ അനുവദനീയമായ അളവിൽ കൂടുതൽ ഈയം കണ്ടെത്തിയെന്ന ആരോപണത്തെ തുടർന്ന് അധികൃതർ ഉല്പന്നത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നു.

ലേബലിങ്ങുമായി ബന്ധപ്പെട്ട വീഴ്ചകളും അന്ന് ചൂണ്ടിക്കാട്ടിയിരുന്നു. വിപണിയിൽ നിന്ന് മാഗി തിരിച്ചുവിളിക്കുകയും പരിശോധനകൾക്കുശേഷം പിന്നീട് വീണ്ടും വില്പനയ്ക്ക് അനുമതി നല്കുകയും ചെയ്തു.

## സമാശ്വാസം പദ്ധതിക്ക് 4.8 കോടി അനുവദിച്ച് സർക്കാർ

തിരുവനന്തപുരം: സങ്കീർണമായ ആരോഗ്യപ്രശ്നങ്ങൾ നേരിടുന്ന രോഗികൾക്ക് ആശ്വാസമായി സർക്കാരിന്റെ നിർണായക ഇടപെടൽ. സാമൂഹ്യനീതി വകുപ്പിനു കീഴിലെ കേരള സാമൂഹ്യസുരക്ഷാ മിഷൻ വഴി നടപ്പിലാക്കുന്ന 'സമാശ്വാസം' പദ്ധതിയുടെ 2026-27 സാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കായി 4.80 കോടി രൂപ അനുവദിച്ച് സർക്കാർ ഉത്തരവായി. ഡയാലിസിസ് ചെയ്യുന്നവർ, വൃക്ക അല്ലെങ്കിൽ കരൾ മാറ്റിവെച്ചവർ, ഹീമോഫീലിയ, അരിവാൾ രോഗം തുടങ്ങിയവ ബാധിച്ച അർഹരായ 3640 ഗുണഭോക്താക്കൾക്കാണ് പദ്ധതി വഴി പ്രതിമാസം ധനസഹായം ലഭിക്കുന്നത്.

വൃക്ക അല്ലെങ്കിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുള്ള 360 പേർക്കും ഹീമോഫീലിയയും അനുബന്ധ രോഗങ്ങളും ബാധിച്ച 1400 പേർക്കും 1000 രൂപ വീതം പ്രതിമാസം അനുവദിക്കുന്നതാണ് സമാശ്വാസം പദ്ധതി. ഇതിനു പുറമെ വൃക്ക സംബന്ധമായ തകരാർ സംഭവിച്ച് ഡയാലിസിസിന് വിധേയരാകുന്ന 1680 പേർക്ക് പ്രതിമാസം 1100 രൂപ നിരക്കിലും, അരിവാൾ രോഗം ബാധിച്ച 200 രോഗികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിലും 'സമാശ്വാസം' പദ്ധതിയിലൂടെ ധനസഹായം ലഭ്യമാകും.

ജീവൻരക്ഷാ ചികിത്സകൾക്കായി ഭീമമായ തുക ചെലവഴിക്കുന്ന സാധാരണക്കാരായ രോഗികൾക്ക് കൈത്താങ്ങാണ് സമാശ്വാസ പദ്ധതി. കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രൊപ്പോസലും വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ അംഗീകാരവും പരിഗണിച്ചാണ് തുക അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

ഗുണഭോക്താക്കൾക്കുള്ള ആദ്യഗഡുവായി നാല് മാസത്തെ വിഹിതം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ധനസഹായം ഉടൻതന്നെ അർഹരായവരുടെ കൈകളിൽ എത്തിച്ചേരുമെന്ന് സാമൂഹ്യനീതി മന്ത്രി വി.ഇ. അബ്ദുൽ ഗഫൂർ പറഞ്ഞു.

# SEEKING BRIDEGROOM

*US settled Pentecostal parents looking for suitable proposals for their daughter who is in her last year medical school. (July 2000, 5'2 height, raised in USA). She is baptized, spirit filled, mission oriented and has a strong spiritual background. Seeking a God fearing, baptized family oriented, and professionally qualified boy (only from USA and 30 years below). If interested, please respond recent photos with details to WhatsApp **001-832 790 0002.**

*Roman Catholic parents looking for groom for 24 year old, tall, beautiful and God-fearing daughter. She completed her masters in social science and works for the U.S. government hospital. Inviting suitable groom with good education. Please email with photo to **seanjoey2020@gmail.com**

*Pentecostal parents invite proposals for their daughter D.O.B. August 86, 5'6" working as Accounts Manager for a Financial Institution in the U.S. She did schooling and undergrad from Canada and Masters in Accounting and M.B.A. from U.S.Those who are interested may please respond with details and recent pictures to **scjoseph22@gmail.com** or call (whatsapp) **1 416 903 5007**.

*Parents seek proposal for daughter, age 26, baptized Christian, raised in USA, 5'.1", active in a Bible-based community church with Pentecostal beliefs, employed after B.S. in Engineering. Looking for one with similar faith, values, and professional background. Please email with photo & details to **Lordhears@outlook.com**

*A Pentecostal missionary family in Kerala is seeking proposals for their youngest daughter (31 years old, 163cm), who holds an M.Sc. in Audiology and Speech-Language Pathology. She is currently working in Seattle, WA. Pentecostal parents of boys with a missionary spirit and good educational background may send a recent photo and profile to **email4ksa@gmail.com** or contact **+91 94474 01025, 94961 07772**.

*Knanaya Catholic parents invite proposal for daughter (January 1997) Height 5'3" Born and raised in US, Working as RN in University hospital Chicago. Speaks Malayalam. Looking for family oriented, God- fearing alliance from Knanaya Catholic boys brought up in USA or Canada Call or message with details to **6304406128.**

*Our Family settled in USA with origins in Kerala invites proposals for our daughter unmarried, age 32 , 5 feet tall, U.S. Citizen, a practicing attorney (bar license in New York & Maryland) now working as a legal counsel for a global cyber security corporation in the US. We belong to the Mar Thoma denomination and are seeking alliance from employed doctors, engineers, lawyers, IAS grade professions from the US. Contact us directly or on WhatsApp + **1 (412) 327-5600** or email to **sam@varkey.org**

*We are Pentecostal (Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport (she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/ 13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

# SEEKING BRIDE

* Christian parents settled in USA since 1997 invite proposals for their son, 36 years old, 5'7", born again and baptized and in fellowship with a Pentecostal Church in Florida. He is a Computer Engineer with Masters degree and works as a Senior software Engineer with Lockheed Martin since few years. He had a kidney transplant in 2010 and been doing very well physically all these years. Parents of born again girls from US or Canada may respond to me for further details and photos. My phone number: **863-709-6031** and
email: **mathewg1956@gmail.com**

*Pentecostal parents settled in USA invite proposals for their born again, baptized son (25, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com** or **972 832 8784**

*Pentecostal parents prayerfully seeking proposals for our son, born and brought up in Texas, US (Dec 1995 5'9") Graduated DNP and working as a nurse practitioner in an outpatient clinic in Texas. He is living and attending church with us. Inviting proposals from the parents of girls attending Pentecostal church, preferably non ornamental & from US. Please contact with a full-size picture. Phone # **214-732-9726.**

*Seeking a bride for 69-year young male, US Citizen, handsome, Medical professional, no liabilities, divorced, annulled, Knanaya Catholic preferred, but other denominations also considered. Please contact WhatsApp at **+1 914-471-7454** (USA) or email to
**alexkalarickal@gmail.com** with recent photos & details.

*Malayalee pentacostal family settled in USA seeking a bride for their son born, raised and graduated from North India, 38 years, 5'10" tall, residing in USA for last 9 years and completed BBA from a university in Georgia, currently managing family business. He is born again, spirit filled, God fearing and visionary about gospel church going. Seeking suitable alliance from the parents. Please contact **6783657445**. Pictures and further details upon request.

*73-year-old seeking bride (age between 65-69) born again Christian. Settled in Dallas. Intrested parties may contact E mail: **gkvarghese@gmail.com.** Ph: 914 318 3444.

*Malayalee Pentecostal parents seeking a bride for their son, born and raised in USA. Age:32. Height 5'7". Graduated with Master of Science (MS) in Biology. Currently has a hybrid job as an Advocacy Support Associate at Delaware Riverkeepers Network. Settled in Pennsylvania, Philadelphia suburbs. He is a talented singer and musician and led the English worship team. Wearing Jewelry is fine, not having the gifts of the Spirit for personal edification is fine. Interested party may please contact with a picture along with similar details to: **jvarghese645@yahoo.com** or text to **267-991-2825**

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

## SEEKING BRIDEGROOM CONTD.....

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# നിര്യാതരായി

## കെ.സി. ഏബ്രഹാം

**കളമശേരി:** ഫാക്ട് റിട്ട. എൻജിനീയർ മേത്തർ നഗർ വെള്ളേമ്പള്ളിൽ കെ.സി. ഏബ്രഹാം (കുഞ്ഞവറാച്ചൻ-87) അന്തരിച്ചു. ഭാര്യ: നീലംപേരൂർ പയ്യമ്പള്ളിൽ കുഞ്ഞമ്മ (റിട്ട. ബിഎസ്എൻഎൽ സൂപ്പർവൈസർ). മക്കൾ: ബീന (യുഎസ്), ബിന്നി (എസ്എച്ച്എം), ഡോ. ബിന്ദു, എൽദോ (യുഎസ്). മരുമക്കൾ: ഓതറ മലയിൽ ജിജി ഏബ്രഹാം (യുഎസ്), പാലക്കാട് പുളിവേലിൽ നീതു, റാന്നി കണ്ണങ്കര ബിനോയ് കെ. ഏബ്രഹാം, അനു (യുഎസ്).

**വാകത്താനം:** സ്റ്റീൽ ഇൻഡസ്ട്രിയൽ കേരള ലിമിറ്റഡ് റിട്ട. ജനറൽ മാനേജർ കൊച്ചേരിൽ പി.ജെ. തോമസ് (കുട്ടച്ചൻ-89) അന്തരിച്ചു.

## ഏലിയാമ്മ ജോർജ്



**പിറ്റ്സ്ബർഗ്:** ചിക്കാഗോയിൽവെച്ച് നടന്ന നാല്പതാമത് പിസിനാക് കോൺഫറൻസിന്റെ നാഷണൽ ട്രഷറർ പ്രസാദ് ജോർജിന്റെ മാതാവ് ഏലിയാമ്മ ജോർജ് (കുഞ്ഞുമോൾ-82) പിറ്റ്സ്ബർഗിൽവെച്ച് അന്തരിച്ചു. പരേതനായ ജോർജ് ടി. വർഗീസ് ആണ് ഭർത്താവ്. തിരുവല്ല ആഞ്ഞിലിത്താനം ഐപിസി സഭാംഗമായിരുന്ന പരേത മാക്കാട്ടിൽ കുടുംബാംഗമാണ്. മക്കൾ: പ്രകാശ് വർഗീസ് (പിറ്റ്സ്ബർഗ്), പ്രസാദ് ജോർജ് സിപിഎ (കണക്ടിക്കട്ട്). മരുമക്കൾ: ലിനു വർഗീസ്, മേരി ജോർജ്. കൊച്ചുമക്കൾ: ബെഞ്ചമിൻ ജോർജ്, പ്രസില്ല ജോർജ്, ജോൺ വർഗീസ്, ആൻഡ്രൂ ജോർജ്, ജോസഫ് വർഗീസ്.

## മാത്യു വർക്കി

**പെരുവന്താനം:** അമലഗിരി കീരഞ്ചിറ മാത്യു വർക്കി (കുര്യാച്ചൻ-77) അന്തരിച്ചു. ഭാര്യ പറത്താനം അടമ്പക്കല്ലേൽ അച്ചാമ്മ. മക്കൾ: ഫാ. ജോർജ് കീരഞ്ചിറ (യുഎസ്), സാലി, ബിനോയി, ജോസുകുട്ടി (യുകെ). മരുമക്കൾ: തിടനാട് തെക്കുഞ്ചേരിൽ ടോമി, ഏന്തയാർ ചെറ്റകാരിക്കൽ ലിജി, മണിമലക്കുന്നേൽ നിമിഷ (യുകെ).

**തൃശൂർ:** കേരള ആരോഗ്യ സർവകലാശാല മുൻ ഡീനും പിഎസ്എം ഡന്റ കോളജ് പീഡോഡോണ്ടിക്സ് വിഭാഗം മേധാവിയുമായ പ്രമുഖ ദന്തരോഗ വിദഗ്ദ്ധൻ ഡോ. തോമസ് മാഞ്ഞൂരാൻ (61) അന്തരിച്ചു.

**കോട്ടയം:** മുട്ടമ്പലം ഉത്രാടം പ്ലാപ്പറമ്പിൽ കെ. വൽസല (74) അന്തരിച്ചു.

## ഏബ്രഹാം ജോർജ്



**ഹൂസ്റ്റൺ:** ഹൂസ്റ്റണിലെ ആദ്യ മലയാളി റിയൽ എസ്റ്റേറ്റ് ബ്രോക്കറായി അറിയപ്പെടുന്ന ജോർജ് ഏബ്രഹാം (രാജു-79) അന്തരിച്ചു. ഹൂസ്റ്റണിലെ ആദ്യ ഇന്റർനാഷണൽ ബ്രോക്കർ സ്ഥാപനത്തിന്റെ ഉടമയായിരുന്നു. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന്റെ സജീവപ്രവർത്തകനും ആദ്യമായി സ്വന്തമായി ഓഫീസ് ആരംഭിക്കാൻ മുൻകൈയെടുത്ത ആളുമായിരുന്നു. ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് ഹൂസ്റ്റണിൽ ആരംഭിച്ചതു മുതൽ അതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്ന അദ്ദേഹം തിരുവല്ല മാർത്തോമ്മാ സഭയിലെ പ്രശസ്ത വൈദികനായിരുന്ന റവ.ഫാ. ഏബ്രഹാമിന്റെ മൂത്ത പുത്രനാണ്. ഭാര്യ ശോശാമ്മ ജോർജ് കോട്ടയം വടവാതൂർ ചുമ്മാർ കുടുംബാംഗമാണ്. മക്കൾ: സിറിൽ ജോർജ്, സിനിൽ ജോർജ്. സഹോദരങ്ങൾ: ഫിലിപ്പ് ഏബ്രഹാം (ഹൂസ്റ്റൺ), ഉമ്മൻ ഏബ്രഹാം (ഇന്ത്യ).

## ചാക്കോ കുര്യൻ

**ഉഴവൂർ:** അറയ്ക്കൽ ചാക്കോ കുര്യൻ അറ്റ്ലാന്റയിൽ അന്തരിച്ചു. ഭാര്യ: പുതുവേലി ആടുപാറയിൽ മറിയക്കുട്ടി. മക്കൾ: സണ്ണി, സാജ്, ഷേർളി. മരുമക്കൾ: നിഷ ചെമ്മലക്കുഴി (തൊടുപുഴ), സാം പുതുപറമ്പിൽ (റാന്നി).

## മേരി മാത്യു

**നമ്പ്യാകുളം:** നെടിയകാലായിൽ പരേതനായ എൻ.വി. മാത്യുവിന്റെ ഭാര്യ മേരി മാത്യു (81) യുകെയിൽ അന്തരിച്ചു. വെട്ടിമുകൾ കോഴിമുള്ളോരം കുടുംബാംഗമാണ്. മക്കൾ: സജി റെജി (യുഎസ്), ജെസി ജോസഫ് (യുകെ), റെജി (യുകെ), സജോ (യുകെ). മരുമക്കൾ: പരേതനായ റെജി സെബാസ്റ്റ്യൻ ഇടപറമ്പിൽ ഏറ്റുമാനൂർ (യുഎസ്), ജയ്മോൻ ജോസഫ് കിടങ്ങയിൽ അതിരമ്പുഴ (യുകെ), മിനി ജോസഫ് പാണൂർ പാദുവ (യുകെ), പുഷ്പ തോമസ് മുരിങ്ങയിൽ ഇടപ്പാടി (യുകെ).

## ടി.ഒ. മാത്യു

**തിരുവല്ല:** കാവുംഭാഗം മതിലുങ്കൽ ടി.ഒ. മാത്യു (സണ്ണി-80) യുഎസിൽ അന്തരിച്ചു. ഭാര്യ കീക്കൊഴൂർ കോളാകോട്ട് പുത്തൻപറമ്പിൽ മോളി. മക്കൾ: സിബി, സൗമ്യ, സിമി. മരുമകൻ സാജൻ.

**മേരികുളം:** തേക്കനാൽ വത്സമ്മ തോമസ് (67) അന്തരിച്ചു.

## സാറാമ്മ സക്കറിയ

**റാന്നി:** സെന്റ് തോമസ് കോളജ് റിട്ട. പ്രഫസർ പ്ലാച്ചേരിൽ താമരപ്പള്ളിൽ സാറാമ്മ സഖറിയ (ഓമന-84) അന്തരിച്ചു. ഐത്തല കോയിപ്പുറത്ത് കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ഡോ. ടി.പി. സക്കറിയ. മക്കൾ: ഫിലിപ്പ് സക്കറിയ (ചെന്നൈ), പ്രീതി ഏബ്രഹാം, മാത്യു സക്കറിയ (യുഎസ്). മരുമക്കൾ: വാതക്കാട് വീണ ഫിലിപ്പ്, നെല്ലിക്കൽ ഏബ്രഹാം തോമസ്, കേളച്ചന്ദ്ര റീഷ്മ മാത്യു.

**ചാന്നാനിക്കാട്:** അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് റിട്ട. ജൂണിയർ സൂപ്രണ്ട് പണിക്കർ കുടുംബാംഗം മുടയംകുളത്ത് ആനി (ബേബിക്കുട്ടി-77) അന്തരിച്ചു.

## ലില്ലിക്കുട്ടി ഉമ്മൻ



**ഡാളസ്:** ദീർഘകാലം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിൽ സേവനം ചെയ്ത റിട്ടയേർഡ് PHN ഉദ്യോഗസ്ഥ ആയിരുന്ന ലില്ലിക്കുട്ടി ഉമ്മൻ (90) ഡാളസിൽ അന്തരിച്ചു. ഭർത്താവ്: പരേതനായ പി.ഒ. ഉമ്മൻ. മകൻ: സന്തോഷ്. മരുമകൾ: ആനി. ചെറുമകൻ: ജോയൽ. ചെറുമകൾ: ജെസ്ലിൻ.

## എം.കെ. സന്താനവല്ലി

**ഏറ്റുമാനൂർ:** ഖാദി ബോർഡ് റിട്ട. ഉദ്യോഗസ്ഥ ഗായത്രിയിൽ എം.കെ. സന്താനവല്ലി (89) അന്തരിച്ചു. ഭർത്താവ് പരേതനായ കെ.എസ്. ശ്രീനിവാസൻ (റിട്ട. ജില്ലാ ട്രഷറി ഓഫീസർ). മക്കൾ: ആഷ ശശി (ന്യൂയോർക്ക്), ഡോ. ഗീത പ്രദീപ് (റിട്ട. സൂപ്രണ്ട് ജില്ലാ ഹോമിയോ ആശുപത്രി), ഗായത്രി സന്തോഷ് (ന്യൂയോർക്ക്). മരുമക്കൾ: പരേതനായ ശശി ദിവാകരൻ താച്ചയിൽ (തഴക്കര മാവേലിക്കര), പ്രദീപ്കുമാർ (റിട്ട. അസി. രജിസ്ട്രാർ എംജി യൂണി.), സന്തോഷ് കരുണാകരൻ (ന്യൂയോർക്ക്).

## സരോജ എസ്. നായർ

**കോട്ടയം:** തിരുനക്കര കിഴക്കേക്കുറ്റ് ഭാഗ്യശ്രീയിൽ സരോജ എസ്. നായർ (84) അന്തരിച്ചു. തിരുവല്ല തെള്ളിയൂർ ആറ്റുപുറത്ത് കുടുംബാംഗമാണ്. ഭർത്താവ് എരമല്ലൂർ മേച്ചേരിൽ പരേതനായ സോമശേഖരൻ നായർ. മക്കൾ: ജയശ്രീ നായർ (യുഎസ്), മനോജ് കുമാർ. മരുമക്കൾ: ജയപ്രകാശ് (യുഎസ്), ഭാഗ്യലക്ഷ്മി.

**തെള്ളകം:** തുരുത്തേൽ ടി.എം. ജോയ് (62) അന്തരിച്ചു.

## ജോർജ് വർഗീസ്



**ഡാളസ്:** സി.എസ്.ഐ കോൺഗ്രിഗേഷന്റെ സജീവ അംഗവും വടക്കെ അമേരിക്കയിലെ സിഎസ്ഐ കോൺഗ്രിഗേഷൻ കൗൺസിൽ ട്രഷററുമായിരുന്ന ജോർജ് വർഗീസ് (രാജുച്ചായൻ) ഡാളസിൽ അന്തരിച്ചു. ഭാര്യ ലീലാമ്മ ജോർജ്. ജോർജ് വർഗീസിന്റെ നിര്യാണത്തിൽ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും അനുശോചനം രേഖപ്പെടുത്തുകയും ദൈവത്തിന്റെ ആശ്വാസകൃപ ദുഃഖിതരായ കുടുംബത്തിന് സമാധാനവും ശക്തിയും നല്കട്ടെയെന്ന് പ്രാർത്ഥിക്കുന്നതായും സിഎസ്ഐ കോൺഗ്രിഗേഷൻസ് കൗൺസിലിന്റെയും ഡയാസ്പോറാ ഡയോസിസ് ഓഫ് നോർത്ത് അമേരിക്കയുടെയും പേരിൽ റവ. ബൈജു ഈപ്പൻ അറിയിച്ചു.

## ജോർജ് ജോൺ

**വാഴക്കുളം:** ചെമ്പരത്തി (കുളമ്പേൽ) ജോർജ് ജോൺ (78) അന്തരിച്ചു. ഭാര്യ: കറുകുറ്റി ചക്കിയത്ത് എൽസി. മക്കൾ: കിഷോർ ജോർജ് (ഡയറക്ടർ, ഹിൽറ്റൺ ഗ്രൂപ്പ് യുഎസ്), പ്രവീൺ ജോർജ് (അസോഷ്യേറ്റ് ഡയറക്ടർ, വിപ്രോ ലിമിറ്റഡ്). മരുമക്കൾ: ലിന്റ കിഷോർ (നഴ്സ്, യുഎസ്), ഡോ. ഡാലി പ്രവീൺ (ഗവ. വെറ്ററിനറി ആശുപത്രി, കല്ലൂർകാട്)

## ജോർജ് എം. വർഗീസ്

**പുതുപ്പള്ളി:** തച്ചകുന്നു മേലേടത്തു ജോർജ് എം. വർഗീസ് (രാജു-85) ഡാളസിൽ അന്തരിച്ചു. ഭാര്യ: കല്ലൂപ്പാറ കൈതയിൽ മുണ്ടകകുളത്ത് ലീലാമ്മ. മക്കൾ: ജെന്നിഫർ, ചാൾസ്. മരുമക്കൾ: അനിൽ സോമാനി, റോസാറിയോ സോലിസ്.

## തങ്കമ്മ ലൂക്കോസ്

**വെളിയനാട്:** പുത്തൻപറമ്പിൽ തങ്കമ്മ ലൂക്കോസ് (പി. ശോശാമ്മ-89) അന്തരിച്ചു. റാന്നി പാറാണിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ പി.കെ. ലൂക്കോസ്. മക്കൾ: അനില മാത്യു, സോണി ലൂക്കോസ് (ഇരുവരും യുഎസ്), സുനില തോമസ്. മരുമക്കൾ: പ്രേമാത്യു കുന്നിരിക്കൽ (റാന്നി), സണ്ണി പടിഞ്ഞാറേറ്റത്ത് (ഓതറ), സ്മിനു വലിയവീട്ടിൽ പടിക്കൽ (ചിങ്ങവനം).

**ആലപ്പുഴ:** ഡിആർഡിഒ മുൻ ശാസ്ത്രജ്ഞൻ വഴിച്ചേരി നടുവിലേക്കുറ്റ് വീട്ടിൽ ഡോ. എൻ.ടി. ജോസഫ് (89) അന്തരിച്ചു.

## ജോഷി ജോൺ മാത്യു

**കോട്ടയം:** അമലഗിരി ജ്യോത്സന (പുതുപ്പറമ്പിൽ) പരേതനായ പി.എ. ജോണിന്റെ മകൻ ജോഷി ജോൺ മാത്യു (54) അന്തരിച്ചു. ഭാര്യ വയല പയ്യംപള്ളിൽ നിഷ മാത്യു. മക്കൾ: ജോൺ മാത്യു, യെല്ല മാത്യു (ഇരുവരും യുഎസ്).

**തോട്ടയ്ക്കാട്:** മങ്ങാട്ട് വെമ്പാലയിൽ പരേതനായ ഐപ്പ്കുട്ടിയുടെ മകൻ പുതുപ്പള്ളി പ്ലോട്ട് ഗ്രൂപ്പ് ഉദ്യോഗസ്ഥൻ മാത്യു ഐപ്പ് (ജെയ്മോൻ-60) അന്തരിച്ചു.

## ഗീവർഗീസ് ഈശോ



**കൊച്ചി:** കളരിപ്പറമ്പിൽ (വിൻയാർഡ് വില്ല-37) ഗീവർഗീസ് ഈശോ (84) അന്തരിച്ചു. വാർധക്യ സഹജമായി അസുഖങ്ങളെത്തുടർന്ന് ആയിരുന്നു അന്ത്യം. ഭാര്യ മേരി വർഗീസ് തിരുവല്ല സ്വദേശിയാണ്. മക്കൾ: ബോബി ജേക്കബ് വർഗീസ്, (സ്റ്റാർ എന്റർടൈൻമെന്റ് യുഎസ്എ, ഹൂസ്റ്റൺ സിയാന), അനു പിൻഹീറോ (കൊച്ചി). മരുമക്കൾ: ടീന ജോർജ്, ഷെൽട്ടൻ പിൻഹീറോ.

## എ. ബാലചന്ദ്രപ്രഭു

**കൊച്ചി:** യുഎൻഐ കൊച്ചി മുൻ ബ്യൂറോ ചീഫ് തൃക്കാക്കര ജേണലിസ്റ്റ് നഗർ സൗപർണികയിൽ എ. ബാലചന്ദ്ര പ്രഭു (എ.ബി. പ്രഭു-81) അന്തരിച്ചു. ഭാര്യ രാജാമണി (മുൻ അധ്യാപിക). മക്കൾ: മനോജ്, മനേഷ് (യുഎസ്). മരുമക്കൾ: രാജി, ദീപ.

## മറിയാമ്മ വർഗീസ്

**തിരുവല്ല:** വളഞ്ഞവട്ടം കിഴക്ക് മണത്ര അനിൽ ഭവനിൽ മറിയാമ്മ വർഗീസ് (കുഞ്ഞുമോൾ-88) അന്തരിച്ചു. അമിച്ചകരി ചോതിയാക്കടവിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വർഗീസ് പോത്തൻ. മക്കൾ: അനിതാ വർഗീസ്, അനിൽ വർഗീസ് (യുകെ), അനില വർഗീസ് (യുഎസ്). മരുമക്കൾ: ഞാലിയാകുഴി പുച്ചക്കേരിൽ തൈപ്പറമ്പിൽ പ്രേംജിത്ത് ചാക്കോ, കുന്നന്താനം പാറടി കിഴക്കേതിൽ ഷീല ഇടിക്കുള (യുകെ), തിരുവല്ല കിഴക്കുമുറി കണ്ടത്തിൽ റോയ് മാത്യു (യുഎസ്).

**ആലുവ:** മറ്റത്തിൽ കാരാപ്പുഴയിൽ ഫിലിപ്പോസ് ഫിലിപ്പിന്റെ ഭാര്യ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ റിട്ട. ടീച്ചർ സൂസമ്മ ഫിലിപ്പോസ് (75) അന്തരിച്ചു.

## ഡോ. മേഴ്സി ഏബ്രഹാം

**തിരുവല്ല:** കുറ്റപ്പുഴ പൈനുംമൂട്ടിൽ കന്യാക്കോണിൽ ഡോ. മേഴ്സി ഏബ്രഹാം (73) അന്തരിച്ചു. പാമ്പാടി കരിങ്ങണാമറ്റം കുടുംബാംഗമാണ്. ഭർത്താവ്: ഏബ്രഹാം കെ. മാത്യു. മക്കൾ: മിഥുൻ (യുഎസ്), ബെറ്റ്സി (അബുദാബി), പരേതനായ രോഹൻ. മരുമകൾ: മാഡ്ലിൻ (യുഎസ്).

## സാറാ സാമുവൽ

**ബെംഗളൂരു:** പിറവം മാമലശേരി ആനിത്തോട്ടം സാറാ സാമുവൽ (84) അന്തരിച്ചു. ഭർത്താവ്: കോട്ടയം മാമൂണ്ടേൽ പരേതനായ എസ്. സാമുവൽ. മക്കൾ: ഷീന (ബെംഗളൂരു), സജയ് (യുഎസ്). മരുമക്കൾ: ജോൺ അലക്സാണ്ടർ (ബെംഗളൂരു), സമാർ (യുഎസ്).

## പ്രഫ. സി.ജെ. പോൾ

**തണ്ണീർമുക്കം:** ചേർത്തല സെന്റ് മൈക്കിൾസ് റിട്ട. പ്രഫ. കോക്കമംഗലം ചേന്നോത്ത് പ്രഫ. സി.ജെ. പോൾ (88) അന്തരിച്ചു. ഭാര്യ ലീലാമ്മ പോൾ അങ്കമാലി പറമ്പി കുടുംബാംഗം. മക്കൾ: സാബു പോൾ (യുഎസ്), സാജി പോൾ (യുഎസ്), സാലിമ്മ ചാക്കോ ഇടയാടി (മങ്കൊമ്പ്), ഡോ. സാൽബി പോൾ (യുഎസ്), ഡോ. സോണി പോൾ (ലിസി ഹോസ്പിറ്റൽ എറണാകുളം), സൾഗാ ജെയിംസ് കട്ടക്കയം (പാലാ), മരുമക്കൾ: ലൈസാമ്മ സാബു പാലക്കുഴിയിൽ (യുഎസ്), മോളി സാജി വെള്ളക്കട (യുഎസ്), ഡോ. എ.ജെ. ചാക്കോ ഇടയാടി (മങ്കൊമ്പ്), മഞ്ജു സാൽബി കാപ്പിൽ (യുഎസ്), ബിബി സോണി പുളിക്കൽ (ചങ്ങനാശേരി), ലൈജു ജെയിംസ് കട്ടക്കയം (പാലാ), അന്തരിച്ച ആർച്ച്ബിഷപ് മാർ ജോസഫ് ചേന്നോത്ത് സഹോദരനാണ്.

## മറിയാമ്മ തോമസ്

**അരീക്കര:** പരപ്പനാട്ട് പരേതനായ തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (101) അന്തരിച്ചു. മക്കൾ: കുര്യാക്കോസ്, മറിയക്കുട്ടി, ചിന്നമ്മ, ജോർജ് (യുഎസ്), ജോസഫ്, ചാക്കോ, ജോണി, സൈമൺ. മരുമക്കൾ: ഏലിയാമ്മ കല്ലുപുറത്ത് പുതുവേലി, പരേതനായ ജോസ് തെങ്ങുംതടത്തിൽ മാറിക, ത്രേസ്യാമ്മ വിലങ്ങുകല്ലുങ്കൽ (യുഎസ്), സാലി മുകളേൽ പെരുവ, ചിന്നമ്മ കയ്യാലയ്ക്കൽ വാരപ്പെട്ടി, ചിന്നമ്മ ചീക്കപ്പാറ (റിട്ട. ലൈബ്രേറി അസി. സെ. സ്റ്റീഫൻസ് കോളജ് ഉഴവൂർ), മോളി പീടിയേക്കൽ (തൊടുപുഴ).

**വല്യാട്:** വെച്ചൂക്കണ്ടത്തിൽ പരേതനായ വർക്കിയുടെയും മേരിയുടെയും മകൻ ബിഎസ്എഫ് റിട്ട. ഉദ്യോഗസ്ഥൻ വി.വി. വർക്കി (57) അന്തരിച്ചു.

**ആയാംകുടി:** റിട്ട. ജില്ലാ സോയിൽ കൺസർവേഷൻ ഓഫീസർ മാമല സിറിയക് (80) അന്തരിച്ചു.

## കെയർഗിവറെ ഹൂസ്റ്റണിൽ ആവശ്യമുണ്ട്

ഹൂസ്റ്റൺ, ടെക്സാസിൽ പ്രായമായ കുടുംബാംഗത്തെ പരിചരിക്കുന്നതിനായി കരുതലും വിശ്വാസ്യതയും ഉള്ള ഒരു Live in കെയർഗിവറെ ആവശ്യമുണ്ട്. ദമ്പതികൾക്കും അപേക്ഷിക്കാം.

**താല്പര്യമുള്ളവർ വിളിക്കുക**

**+1 713 204 7735 (Whats App)**

## PRIME KERALA INVESTMENT OPPORTUNITY FOR NRIs

### 1 Acre Property with House for Sale in Ettumanoor, Kerala

This is the right time to invest in Kerala real estate while property prices are still attractive. Experts expect strong appreciation in the coming years, making this an excellent long-term investment opportunity for NRIs.

**Property Highlights**

- 1 Acre land witha  house
- Prime location in Ettumanoor
- Panchayat tarred road access on both sides
- Plenty of natural water within the property
- Ideal for farming, fruit trees, farmhouse, or peaceful retirement living
- Schools, churches, hospitals, and town facilities nearby
- Excellent appreciation potential over the next 5–6 years

Invest today — enjoy nature, peace, and future financial growth.

**Serious Buyers / Investors Only**

**Investment Starting from Rs. 1.2 Crore**

**USA: +1 630 903 7680**

**USA: +1 630 728 7956**

**INDIA: +91 94961 15802**

**Direct Owner Sale**

***Part transaction can be arranged in foreign currency.***

## LIVE-IN CAREGIVER NEEDED – DETROIT

An 86-year-old elderly lady Malayalam speaking in Detroit, who is fully wheelchair-dependent, is looking for a live-in caregiver from January 1st 2027.

Duties include:

* Assistance with daily activities
* Light cooking
* General caregiving and companionship

**If you are interested or know someone who may be interested, please contact.**

**Joji Varughese**

**586-610-9932**

## LIVE-IN CAREGIVER NEEDED – ELMHURST, ILLINOIS

Seeking a compassionate and dependable live-in caregiver for an elderly gentleman with Parkinson's disease.

Responsibilities include assistance with personal care, bathing, dressing, grooming, feeding, transfers, mobility, medication reminders, meal preparation, and light housekeeping.

Previous caregiving experience is preferred but not required. Training will be provided.

**If interested, please contact:**

**Gisha Abraham**

**Phone/Text: (847) 477-1202**

**Email: gisham26@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by:  Firm Believer, Houston*

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by:  Firm Believer, Houston

### *Favors Received*



*Inserted by:  Firm Believer, Bloomingdale*

Favors Received



Inserted by:  Firm Believer, Bloomingdale

Visit Our Website: www.keralaexpress.com for Classified Advt.






# പാർവതി തിരുവോത്ത് കാക്കിയണിഞ്ഞ 'പ്രഥമ ദൃഷ്ട്യാ കുറ്റക്കാരു'ടെ മേക്കിംഗിനെകുറിച്ച് സംവിധായകൻ ഷഹദ്

**പാ**ർവതി തിരുവോത്തും വിജയരാഘവനും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ക്രൈം ഡ്രാമ ത്രില്ലർ 'പ്രഥമദൃഷ്ട്യാ കുറ്റക്കാർ' തിയറ്ററുകളിൽ. പ്രകാശൻ പറക്കട്ടെ, അനുരാഗം എന്നീ സിനിമകൾക്കുശേഷം ഷഹദ് നിലമ്പൂർ സംവിധാനം ചെയ്ത ചിത്രം വേറിട്ട ഒരു പോലീസ് സ്റ്റോറിയാണ്. പി.എസ്. സുബ്രഹ്മണ്യൻ എന്ന പോലീസ് ഉദ്യോഗസ്ഥനും വിജേഷ് തോട്ടിങ്ങളുമാണു രചന. ഷഹദ് സംസാരിക്കുന്നു.

പതിവു ട്രാക്കിൽനിന്ന് ഇൻവെസ്റ്റിഗേഷനിലേക്ക് എത്തിയത് എങ്ങനെയെന്നാൽ എപ്പോഴും, ആവേശംകൊള്ളിക്കുന്ന കഥകളാണ് ഇഷ്ടം. വൈകാരികമായോ മറ്റേതെങ്കിലും തരത്തിലോ അതുമായി കണക്ടായി, സിനിമയാക്കണമെന്ന തോന്നലുണ്ടാകണം. പ്രകാശനിൽ റിയലിസ്റ്റിക് വില്ലേജ് കഥ, അനുരാഗത്തിൽ മെട്രോയിലെ കളർഫുൾ റോംകോം. ആളുകളുടെ മുൻധാരണകൾക്കപ്പുറം എല്ലാ ജോണറുകളിലുമുള്ള സിനിമകൾ ചെയ്യണം.

കഥയുടെ ആശയം കിട്ടിയത് സുഹൃത്തും 'ഹെവൻ' സിനിമയുടെ കോറൈറ്ററുമായ പി.എസ്. സുബ്രഹ്മണ്യൻ പറഞ്ഞ കഥയിൽ നിന്നാണു തുടക്കം. അതിലൊരു അടിപൊളി ഐറ്റം ഉണ്ടെന്നുതോന്നി. കഥാപാത്രങ്ങളൊക്കെ നമ്മുടെ ഇടയിലുള്ള, നമുക്ക് അറിയാവുന്ന ആളുകളെന്നു പ്രേക്ഷകരെ വിശ്വസിപ്പിക്കാനാവണം. ഞങ്ങൾ ആ സ്ക്രിപ്റ്റിൽ ഒരുമിച്ചിരുന്ന് അഞ്ചാറു മാസം വർക്ക് ചെയ്ത ശേഷമാണു ഷൂട്ടിംഗിലേക്കു പോയത്. അതിനിടെ കഥയിലും കഥാപാത്രങ്ങളിലും കഥയുടെ ഗതിവിഗതികളിലുമൊക്കെ മാറ്റങ്ങളുണ്ടായി.

എഴുത്തുകാരന്റെ ചിന്തയും ഭാവനയുമാണ്. എവിടെയൊക്കെയോ ഇങ്ങനെയൊക്കെ സംഭവിച്ചു എന്നൊക്കെ കേട്ടിട്ടുണ്ടാവണം. ആ സന്ദർഭം അനുഭവത്തിൽ വന്നാൽ ഒരു പോലീസുകാരൻ എന്തൊക്കെ ചിന്തിക്കും എന്ന രീതിയിലാണ് അദ്ദേഹം തിരക്കഥ രൂപപ്പെടുത്തിയത്.

കഥാപശ്ചാത്തലം ഇങ്ങനെയാണ്. ഭർത്താവിന്റെ മരണശേഷം ആശ്രിത നിയമനത്തിൽ പോലീസ് ജോലി ലഭിക്കുന്ന ഒരു യുവതി. അവർ തന്റെ കുടുംബജീവിതം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നതിനിടെയുണ്ടാകുന്ന ചില സംഭവവികാസങ്ങളാണു പറയുന്നത്. വളരെ സ്വാഭാവികമായി പോകുന്ന സിനിമയുടെ കഥാഗതിയെ അവരുടെ ജീവിതത്തിലുണ്ടാകുന്ന അപ്രതീക്ഷിത സംഭവങ്ങൾ മാറ്റിമറിക്കുകയാണ്. അവിടെ അവർ പരിചയപ്പെടുന്ന കുറെ പോലീസുകാർ, അവരുടെ ജീവിതം... ഇതൊക്കെ ബന്ധപ്പെടുത്തി മുന്നോട്ടുപോകുന്ന കഥാഗതി. കോട്ടയം, നാട്ടകമാണു കഥാപശ്ചാത്തലം.



ടൈറ്റിലിനെക്കുറിച്ചു പറഞ്ഞാൽ സ്ക്രിപ്റ്റ് കിട്ടുമ്പോൾ ഇതായിരുന്നില്ല ടൈറ്റിൽ. ഒരു സുഹൃത്തുമായുള്ള സംസാരത്തിനിടെ പ്രഥമദൃഷ്ട്യാ കുറ്റക്കാർ എന്നു കേട്ടപ്പോൾ കോടതിയിലും മറ്റുമൊക്കെ നമ്മൾ പലപ്പോഴും ഉപയോഗിക്കുന്ന, പരിചിത വാക്കുകളെന്നു തോന്നി. ഈ കഥയുമായും ആ പേരിനു ബന്ധമുണ്ട്.

പാർവതിയിലേക്ക് എത്തിയത് എങ്ങനെയെന്നാൽ ഈ കഥ കേട്ടപ്പോൾ ആദ്യം പാർവതിയും വിജയരാഘവനുമായിരുന്നു മനസിൽ. പെർഫോമൻസ് പ്രധാനമാണ് ഈ സിനിമ. നല്ല അഭിനയ മുഹൂർത്തങ്ങളുണ്ട്. ഇതിലെ സംഭവങ്ങൾ വിശ്വസനീയമാക്കണം. അത്രയും കാലിബർ ഉള്ള നടീനടന്മാരും സാങ്കേതികപ്രവർത്തകരും ഒപ്പമുണ്ടാവണമെന്ന് നിർബന്ധമായിരുന്നു. പാർവതിയെ സമീപിച്ചപ്പോൾ അവർ ഒരു ഹിന്ദി പടം ചെയ്യുകയായിരുന്നു. പാർവതി തന്നെ വേണം എന്നുള്ളതുകൊണ്ട് കാത്തിരിക്കാൻ തീരുമാനിച്ചു. അലീന അബ്രഹാം, അതാണു കഥാപാത്രം. കോൺസ്റ്റബിളാണ്. മുമ്പ് ഒരു തെലുങ്ക് സീരീസിൽ ഇൻവെസ്റ്റിഗേഷൻ ഓഫീസറുടെ വേഷം ചെയ്തിട്ടുണ്ടെങ്കിലും പാർവതിയുടെ ആദ്യ പോലീസ് കഥാപാത്രമാണിത്. സംവിധായകന് എന്താണോ വേണ്ടത് അതു തരാൻ കഷ്ടപ്പെടുന്ന, സംവിധായകനു തൃപ്തിയാകുംവരെ തന്റെ പെർഫോമൻസിനു പ്രാധാന്യം കൊടുത്ത് സിനിമയ്ക്കുവേണ്ടി നിൽക്കുന്ന അഭിനേത്രിയാണു പാർവതി. കഴിഞ്ഞ 10-20 വർഷത്തിനിടയിൽ വന്ന അഭിനേത്രികളിൽ എടുത്തുപറയാനാകുന്ന ഒരു പേര് ചോദിച്ചാൽ അതിലൊരാളായി പാർവതിയുണ്ടാവും. അഭിനയംകൊണ്ട് പാർവതി, നമ്മളെ വിസ്മയിപ്പിച്ചു.

സ്ത്രീ കേന്ദ്രീകൃത കഥയാണോ എന്നുചോദിച്ചാൽ അങ്ങനെ പറയാനാവില്ല. ഇതിൽ ഓരോ കഥാപാത്രത്തിനും ഓരോ ആംഗിളും ഓരോ കഥയുമുണ്ട്. ഇതു പാർവതിയുടേതു മാത്രമായൊരു സിനിമ എന്ന രീതിയിലല്ല. എല്ലാവർക്കും അവരുടേതായ ഇടം കൊടുത്താണ് തിരക്കഥയൊരുക്കിയത്.

കാസ്റ്റിംഗിൽ ശ്രദ്ധിച്ചത് എങ്ങനെയെന്നാൽ ഈ കഥ പറയാനും ഈ കഥാപാത്രങ്ങളെ ചുമക്കാനും കഴിയുന്നവരെത്തന്നെ കണ്ടെത്തി. വിജയരാഘവൻ, മാത്യു തോമസ്, ഉണ്ണിമായ പ്രസാദ്, സിദ്ധാർത്ഥ് ഭരതൻ, അസീസ് നെടുമങ്ങാട്, വിനയ്ഫോർട്ട് തുടങ്ങിയവരും വിവിധ വേഷങ്ങളിൽ. ഇവരെല്ലാമെത്തുന്നത് ഓരോ മാനസിക സംഘർഷങ്ങളിൽനിന്നാണ്. അവരുടെ കുടുംബവും ജീവിതവുമൊക്കെ ബന്ധിപ്പിച്ചാണ് കഥാസഞ്ചാരം. പതിവു കാക്കിപ്പടമല്ല. ഒരു കിഡ്നാപ്പോ മർഡറോ തെളിയുന്നു എന്ന മട്ടിലുള്ള കഥയല്ല.

ശ്രീനാഥ് ഈയപ്പൻ എന്ന പോലീസ് ഡ്രൈവർ വേഷത്തിൽ സീരിയസായി മാത്യു തോമസ്. ഈ കഥാപാത്രം ചെയ്യാൻ മാത്യുവിനു കുറച്ചു മടിയൊക്കെ ഉണ്ടായിരുന്നു. പ്ലസ് ടുവിനുശേഷം പിഎസ്‌സി പാസായി ജോലിയിലെത്തുന്ന പോലീസുകാർ നമ്മുടെ സ്റ്റേഷനുകളിലുണ്ടെന്നു ഫോട്ടോ കാണിച്ചും നേരിട്ടും മാത്യുവിനെ ബോധ്യപ്പെടുത്തി. അക്കാര്യത്തിൽ തിരക്കഥാകൃത്തിന്റെ പോലീസ് പരിചയവും സഹായകമായി.

പോലീസ് സ്റ്റോറിയിലെ ചലഞ്ച് എന്തെന്നാൽ മുൻ സിനിമകൾ ചെയ്തപ്പോൾ ഒന്നും പഠിക്കാൻ എങ്ങും പോകേണ്ടി വന്നില്ല. ഈ സിനിമയിലേക്ക് എത്തുമ്പോൾ ഒരു കേസിനു വേണ്ടിപ്പോലും പോലീസ് സ്റ്റേഷനിൽ കേറാത്ത ആളായിരുന്നു ഞാൻ. സുബ്രഹ്മണ്യൻ സാർ ഒപ്പമുണ്ടായിരുന്നതിനാൽ പല പോലീസ് സ്റ്റേഷനുകളിലും പോകാനും പോലീസിംഗ് അടുത്തറിയാനും അവസരമുണ്ടായി.

ടെക്നിക്കൽ ടീമിൽ ഛായാഗ്രഹണം റോബി വർഗീസ് രാജ്. 'ലവ് ആക്ഷൻ ഡ്രാമ'യുടെ അസോസിയേറ്റ് ഡയറക്ടറായിരുന്നപ്പോൾ അദ്ദേഹവുമായി അടുപ്പമായി. ഈ പടത്തിനു ഗ്രേറ്റ് വിഷൽസ് വേണമെന്ന് എനിക്കു നിർബന്ധമായിരുന്നു. കടലാസിൽ വായിക്കുന്നതിന്റെ പേസിങ് കൃത്യമായി സിനിമയിൽ വരണമെങ്കിൽ എനിക്ക് അനായാസം കാര്യങ്ങൾ പറയാനും വിശ്വസിക്കാനുമാകുന്ന ഒരു എഡിറ്റർ വേണമെന്നു തോന്നി. അങ്ങനെ ചമൻ ചാക്കോയിലെത്തി. ത്രില്ലർ ചേരുവകൾ ചോരാതെയും വൈകാരികമായി കൈവിട്ടു പോകാതെയും വേറിട്ട സംഗീതമൊരുക്കാൻ മുജീബ് മജീദിനെയും ഒപ്പംകൂട്ടി. അതൊക്കെയും സിനിമയുടെ ക്വാളിറ്റിക്കു മുതൽക്കൂട്ടായി. കുടുംബ പ്രേക്ഷകരുൾപ്പെടെ ഏതു പ്രായത്തിലുമുള്ളവരെയും ഈ സിനിമ രസിപ്പിക്കും.

## രശ്മിക മന്ദാന എം.എസ്. സുബ്ബുലക്ഷ്മിയാകുന്നു



**ഗാ**യിക എം.എസ്. സുബ്ബുലക്ഷ്മിയുടെ ജീവിത കഥ സിനിമയാകുന്നു. 'എംഎസ്-എ ലെഗസി ഓൺ സ്ക്രീൻ' എന്ന ബിഗ് ബജറ്റ് ബയോപിക്കിൽ രശ്മിക മന്ദാനയാണ് സുബ്ബുലക്ഷ്മിയെ അവതരിപ്പിക്കുന്നത്. സുബ്ബുലക്ഷ്മിയുടെ സംഗീതയാത്രയെക്കുറിച്ചുള്ള ചിത്രത്തിന് അനിരുദ്ധ് രവിചന്ദർ സംഗീതമൊരുക്കും. ഗൗതം തിന്നനൂരിയാണ് സംവിധായകൻ. അല്ലു അരവിന്ദ്, റോക്ക് ലൈൻ വെങ്കിടേഷ്, ബണ്ണി വാസു എന്നിവർ ചേർന്നാണ് ചിത്രം നിർമിക്കുന്നത്. സുബ്ബുലക്ഷ്മിയുടെ 110-ാം ജന്മവാർഷികത്തോടനുബന്ധിച്ച് ചെന്നൈ മ്യൂസിക് അക്കാദമിയിലാണ് ചിത്രം പ്രഖ്യാപിച്ചത്.




# ചരിത്രം കുറിച്ച അമ്മ എന്ന കഥാപാത്രത്തിന്റെ യാത്ര

**കവിയൂർ പൊന്നമ്മ അന്തരിച്ചിട്ട് സെപ്റ്റംബർ 20–ന് രണ്ടുവർഷം തികഞ്ഞു.**

**1965**-ൽ റിലീസായ തൊമ്മന്റെ മക്കൾ എന്ന സിനിമയിലാണ് ആദ്യമായി കവിയൂർ പൊന്നമ്മ തലമുടിയിൽ നരയിടുന്നത്. അന്ന് കവിയൂർ പൊന്നമയ്ക്ക് ഇരുപത് വയസാണു പ്രായം. മൂത്ത മകനായി വന്ന സത്യന് 53 വയസ്. ഇളയ മകനായി അഭിനയിച്ച മധുവിന് 32 വയസും. ഇരുപത് വയസുള്ള അമ്മച്ചി (അച്ചാമ്മ) തമ്മിൽ തല്ലുന്ന ആൺമക്കളായ പാപ്പച്ചന്റെയും കുഞ്ഞച്ചന്റെയും ഇടയിൽനിന്ന് ‘എന്നാലും എന്റെ മക്കളെ നിങ്ങൾ ഇങ്ങനെയായിപ്പോയല്ലോ’ എന്നു നെഞ്ചുപൊട്ടി വിലപിക്കുമ്പോൾ പ്രേക്ഷകരുടെ കണ്ണുകളും നിറഞ്ഞിരുന്നു.

വളരെ ചെറുപ്പത്തിൽ, തന്നെക്കാൾ ഇരട്ടിയിലധികം പ്രായമുള്ള നടന്റെ അമ്മയായി അഭിനയിച്ച ഒരേയൊരു നടി മാത്രമേ മലയാള സിനിമയിൽ കാണുകയുള്ളൂ. ഒരുപക്ഷേ, ഇന്ത്യൻ സിനിമയിലും. അത് കവിയൂർ പൊന്നമ്മയാണ്.

മുപ്പത്തിമൂന്ന് വയസ് കൂടുതലുള്ള നടന്റെ (സത്യൻ) അമ്മയായാണ് തൊമ്മന്റെ മക്കളിൽ പൊന്നമ്മ അഭിനയിച്ചത്. നൂറിൽപ്പരം നടീനടന്മാരുടെ അമ്മയായി അഭിനയിച്ചിട്ടുള്ള ഒരേയൊരു നടി കൂടിയാണ് കവിയൂർ പൊന്നമ്മ. അധികമാരും അറിയാത്ത ഒരു സിനിമാ ചരിത്രമാണിത്.

കൗമാരപ്രായത്തിൽ നാടകത്തിലെത്തുകയും നാടകാഭിനയത്തിലൂടെ സിനിമയിൽ യാദൃച്ഛികമായി കടന്നുവരികയും ചെയ്ത അഭിനേത്രിയാണ് കവിയൂർ പൊന്നമ്മ. മറ്റ് നായിക നടിമാർക്കൊന്നും അവകാശപ്പെടാൻ കഴിയാത്ത സവിശേഷ ബഹുമതികളുമുണ്ട് ഈ അഭിനേത്രിക്ക്! മലയാളത്തിലെ അനശ്വര നടൻമാരുടെ അമ്മയായി മാത്രമല്ല ഭാര്യയായും പ്രണയിനിയായും അഭിനയിച്ചു എന്ന അപൂർവമായ വിശേഷണം.

സത്യന്റെ അമ്മയായി ‘തൊമ്മന്റെ മക്കളി’ൽ വന്ന അതേ വർഷം തന്നെയാണ് (1965) ഓടയിൽനിന്ന് എന്ന കെ.എസ്. സേതുമാധവൻ ചിത്രത്തിലെ കല്യാണിയായി പൊന്നമ്മ വേഷ



മിടുന്നത്. ‘അമ്പലക്കുളങ്ങര കുളിക്കാൻ ചെന്നപ്പോൾ അയലത്തെ പെണ്ണുങ്ങൾ കളിയാക്കി...’ എന്ന ഗാനരംഗത്തിൽ റിക്ഷാക്കാരൻ പപ്പുവിനെ (സത്യൻ) പ്രണയിക്കുന്ന കല്യാണിയുടെ ലജ്ജാഭാവം അതിമനോഹരമായി പൊന്നമ്മ പകർത്തുന്നുണ്ട്.

തൊമ്മന്റെ മക്കൾ എന്ന ചിത്രത്തിൽ ഇളയ മകനായി വന്ന നടൻ മധുവിന്റെ ഭാര്യയായും ഏട്ടത്തിയായും പൊന്നമ്മ അഭിനയിച്ചിട്ടുണ്ട്. സമപ്രായക്കാരിയായ ശാരദയുടെ അമ്മയായി ‘ആഭിജാത്യ’ത്തിൽ പൊന്നമ്മ വന്നപ്പോൾ പ്രേക്ഷകർ കണ്ണുനീരോടെയാണ് അമ്മയും മകളുമായുള്ള ആത്മബന്ധം കണ്ടിരുന്നത്. ഷീല, ജയഭാരതി, വിധുബാല, അംബിക, ഉർവശി, ശോഭന അങ്ങനെ നീളുന്ന നായിക നിരയ്ക്കൊപ്പവും അമ്മയായി.

സ്നേഹമയിയായ അമ്മയായി മാത്രം അഭിനയിച്ചിരുന്ന ആദ്യകാലങ്ങളിൽ എപ്പോഴോ സംവിധായകൻ ജെ. ശശികുമാറിനോട് കവിയൂർ പൊന്നമ്മ ഒരാഗ്രഹം പറഞ്ഞിരുന്നു ‘എനിക്ക് വില്ലത്തി വേഷം തരാമോ’ എന്ന ആഗ്രഹം.

“പൊന്നമ്മച്ചി നിങ്ങളുടെ മുഖം അതിനു കൊള്ളില്ല” എന്നാണ് അന്ന് ശശികുമാർ പറഞ്ഞത്. (ആദ്യകാലം മുതൽ പൊന്നമ്മച്ചി എന്നാണ് സ്നേഹപൂർവം ശശികുമാർ വിളിച്ചിരുന്നത്) പിന്നീട് ആ ചോദ്യം കവിയൂർ പൊന്നമ്മ ചോദിച്ചിട്ടില്ല, മറ്റൊരു സംവിധായകരോടും.

നെഗറ്റീവ് കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ കഴിവുണ്ടെങ്കിലും അമ്മയുടെ പല വേഷപ്പകർച്ചകളിലേക്കു പൊന്നമ്മ മാറുകയായിരുന്നു.

പ്രേംനസീറിന്റെ അമ്മയായി, പോറ്റമ്മയായി എത്രയെത്ര ചിത്രങ്ങൾ. ‘അമ്മേ’ എന്നു പ്രേംനസീർ ഹൃദയത്തിൽ തൊട്ടുവിളിച്ചപ്പോൾ കവിയൂർ പൊന്നമ്മ പ്രേംനസീറിന്റെ സ്വന്തം അമ്മതന്നെയാണെന്നു പ്രേക്ഷകർക്കു തോന്നി. കവിയൂർ പൊന്നമ്മയെക്കാൾ 18 വയസിനു മുതിർന്നതാണ് നസീർ എന്നത് ആരും അറിഞ്ഞതേയില്ല! പിന്നീട് ചലച്ചിത്രരംഗം കീഴടക്കിയ സുകുമാരൻ, സോമൻ, ജയൻ, മമ്മൂട്ടി, മോഹൻലാൽ, സുരേഷ് ഗോപി, ജയറാം, മുകേഷ്, സിദ്ദിക്ക്, ദിലീപ് തുടങ്ങിയ പ്രമുഖ താരങ്ങളുടെയെല്ലാം അമ്മയായി വേഷമിട്ടു.

ഭർത്താവിനും മകനും ഇടയിൽപ്പെട്ടുപോകുന്ന ഒരമ്മയുടെതായ നിസഹായതയുണ്ട്. ധർമസങ്കടങ്ങളുണ്ട്. എത്രയോ സിനിമകളിൽ കവിയൂർ പൊന്നമ്മയുടെ കണ്ണുകളിൽ ആ ദൈന്യത നമ്മൾ കണ്ടു. പോലീസ് ഉദ്യോഗസ്ഥൻ ആവേണ്ട മകൻ സേതു (മോഹൻലാൽ) കൊലയാളിയായി മാറി വീട്ടുമുറ്റത്തു വന്നുനില്ക്കുമ്പോൾ ‘മോനെ എന്താ ഇത്’ എന്ന് പറയുകയല്ല, കരയുകയാണ് ‘കിരീട’ത്തിലെ അമ്മ ചെയ്യുന്നത്.

‘തിങ്കളാഴ്ച നല്ല ദിവസ’ത്തിലെ ജാനകിക്കുട്ടി എന്ന അമ്മയെ എല്ലാക്കാലത്തേക്കുംവേണ്ടി സംവിധായകൻ പി. പദ്മരാജൻ എടുത്തുവെച്ചതാണെന്നു തോന്നാറുണ്ട്. നാരായണൻകുട്ടി, ഗോപൻ എന്നിങ്ങനെ മക്കളുടെ പേരുകൾ തൊടിയിലെ മരങ്ങൾക്കിട്ട് അവയെ ഓമനിക്കുന്ന തനി നാട്ടിൻപുറത്തുകാരിയായ അമ്മ.

സിനിമയുടെ ഒടുവിൽ മക്കളെ ജീവനു തുല്യം സ്നേഹിക്കുന്ന അമ്മ വൃദ്ധസദനത്തിലേക്ക് എത്തിപ്പെടുന്ന രംഗമുണ്ട് (മമ്മൂട്ടി അവതരിപ്പിക്കുന്ന മകൻ ഗോപൻ ആണ് ഇതിന് മുൻകൈയെടുക്കുന്നത്). വാർധക്യകാലത്തെ തന്റെ സംരക്ഷകർ എന്ന് ഓരോ അമ്മയും വിശ്വസിക്കുന്ന മക്കൾ ശരണാലയത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുമ്പോൾ ഒരു അമ്മയുടെ ഹൃദയം എങ്ങനെയാണു നൊന്തുപിടയുന്നതെന്ന് പൊന്നമ്മ മലയാളികൾക്കു കാണിച്ചുകൊടുക്കുകയായിരുന്നു.

കണ്ണീരാണ് കൂടുതലെങ്കിലും നല്ല ഉള്ളുറപ്പുള്ള അമ്മ വേഷങ്ങളും മുത്തശ്ശി വേഷങ്ങളും ഈ അനുഗൃഹീത നടി അവതരിപ്പിച്ചിട്ടുണ്ട്. ‘നന്ദന’ത്തിലെ മനു(പൃഥിരാജ്)വിന്റെ അമ്മമ്മയെ. ഉണ്ണി അമ്മയെ മറക്കാൻ കഴിയുമോ?

1962-ൽ ശ്രീരാമ പട്ടാഭിഷേകം എന്ന ചിത്രത്തിലാണ് ആദ്യം മുഖം കാണിക്കുന്നത്. 1964-ൽ പുറത്തിറങ്ങിയ ഭർത്താവ്, കുടുംബിനി എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയയായി. മാറുന്ന കാലത്തിനൊപ്പവും കവിയൂർ പൊന്നമ്മ സഞ്ചരിച്ചു... പുതിയകാല സിനിമയിൽ സ്ത്രീയ്ക്കും അച്ഛനും അമ്മയ്ക്കും ഇടമില്ലാതെയാവുന്നു എന്ന് ഉറക്കെ പറയുകയും ചെയ്തു.



## കല്ലറ ലിഖിതങ്ങൾ

**ഓ**ർമകളുടെ വേരറ്റ ജീവിതം ക്രമപ്പെടുത്തിയ പീലി എന്ന കുഴിവെട്ടുകാരന്റെ വേറിട്ട ജീവിതം അനാവരണം ചെയ്യുന്ന ചിത്രം ‘കല്ലറ ലിഖിതങ്ങൾ’ ഉടൻ പ്രദർശനത്തിനെത്തുന്നു.

സനിൽ പേക്കൽ, ജോൺസൺ സ്റ്റീഫൻ, അമ്പിളി, വാക്കനാട് സുരേഷ്, ഗ്ലോറി, സിന്ധു ജോസ്, വിജു സി. പരവൂർ, സെബാസ്റ്റ്യൻ, ജോസ് ആന്റണി, നെപ്പോളിയൻ, ജോസ് വാവച്ചൻ, സുകുമാരൻ വേങ്ങാട്ടു, ക്ലീറ്റസ്, ഡോ. അനുഗ്രഹ ബീന ജോൺസൺ, ശുക്രൻ, ജെറോം, ഷിജി, മോസസ് എന്നിവർ അഭിനയിക്കുന്നു.

ബാനർ-തക്ഷില ക്രിയേഷൻസ്. രചന, സംവിധാനം-ജോസാന്റണി കുരീപ്പുഴ, നിർമാണം-സനിൽകുമാർ എസ്, ഛായാഗ്രഹണം-രാമചന്ദ്രൻ, എഡിറ്റിംഗ്-സന്ദീപ് ശ്രീജു.

## മെനി മെനി ഹാപ്പി റിട്ടേൺസ്

**ജൂ**ൺ, മധുരം എന്നീ ചിത്രങ്ങൾക്കും കേരള ക്രൈം ഫയൽസ് എന്ന ഇൻവെസ്റ്റിഗേഷൻ സീരിസിനും ശേഷം അഹമ്മദ് കബീർ കഥയും തിരക്കഥയും എഴുതി സംവിധാനം ചെയ്യുന്ന പുതിയ ചിത്രം ‘മെനി മെനി ഹാപ്പി റിട്ടേൺസ് ഒഫീഷ്യൽ ട്രീസർ പുറത്തിറങ്ങി.

കാളിദാസ് ജയറാം നായകനായി എത്തുന്ന റോം കോം ചിത്രത്തിലെ നായിക പുതുമുഖം ലക്ഷ്മി ജ്യോതിഷ്. കാളിദാസിന്റെ അച്ഛൻ കഥാപാത്രത്തെ ലാൽ അവതരിപ്പിക്കുന്നു.

മങ്കി ബിസിനസിന്റെ ബാനറിൽ ഹസൻ റഷീദും അഹമ്മദ് കബീറുമാണ് നിർമാണം. സംഗീതം ഗോവിന്ദ് വസന്ത.



# ഇന്ത്യ–പാക് യുദ്ധനായകൻ ലഫ്. ആൽഫ്രഡ് കുക്ക് അന്തരിച്ചു



ന്യൂഡൽഹി: 1965-ലെ ഇന്ത്യ-പാകിസ്ഥാൻ യുദ്ധത്തിൽ അസാമാന്യ ധീരതയോടെ പാക് യുദ്ധവിമാനങ്ങളെ പ്രതിരോധിച്ച് ഇന്ത്യയുടെ കാവലാളായ ഫ്ളൈറ്റ് ലഫ്റ്റനന്റ് ആൽഫ്രഡ് ടൈറോൺ കുക്ക് (87) അന്തരിച്ചു. വീരചക്ര മെഡൽ ജേതാവായ അദ്ദേഹം സെപ്റ്റംബർ 18-ന് വെള്ളിയാഴ്ചയാണ് അന്തരിച്ചത്. യുപിയിലെ ആഗ്രയിലുള്ള ആംഗ്ലോ ഇന്ത്യൻ കുടുംബാംഗമാണ്. സൈനിക വ്യോമയാന ചരിത്രത്തിൽ ആൽഫ്രഡ് കുക്കിന്റെ ധീരത എന്നെന്നും അടയാളപ്പെടുത്തപ്പെട്ട ഒന്നാണെന്ന് വ്യോമസേന അനുശോചനസന്ദേശത്തിൽ വ്യക്തമാക്കി. പശ്ചിമബംഗാളിലെ കലൈകുണ്ഡ വ്യോമതാവളത്തിനു മുകളിൽ അദ്ദേഹം നടത്തിയ ഐതിഹാസിക വ്യോമപോരാട്ടം ആക്രമിച്ചു മുന്നേറാനുള്ള വ്യോമസേനയുടെ കരുത്തിന്റെയും അചഞ്ചലമായ നിശ്ചയദാർഢ്യത്തിന്റെയും ഉത്തമ മാതൃകയാണെന്ന് എക്സിൽ പങ്കുവെച്ച കുറിപ്പിൽ വ്യോമസേന അനുസ്മരിച്ചു.

1965 സെപ്റ്റംബർ ഏഴിനാണ് വ്യോമയാന ചരിത്രത്തിൽ ഇടംനേടിയ ആ പോരാട്ടം നടക്കുന്നത്. ഇന്ത്യ-പാക് യുദ്ധം ശക്തമായിരുന്ന ആ നാളുകളിൽ, പശ്ചിമബംഗാളിലെ ഖരഗ്പൂരിനടുത്തുള്ള കലൈകുണ്ട വ്യോമതാവളത്തിനുനേരെ പാക് വ്യോമസേന അപ്രതീക്ഷിത ആക്രമണം നടത്തി. ആദ്യ ആക്രമണത്തിൽ ഇന്ത്യക്ക് ചില യുദ്ധവിമാനങ്ങൾ നഷ്ടമായിരുന്നു.

മണിക്കൂറുകൾക്കുശേഷം കൂടുതൽ വിമാനങ്ങളുമായി പാകിസ്ഥാൻ രണ്ടാം ആക്രമണത്തിന് മുതിർന്നു. എന്നാൽ റഡാർ ഓഫീസറുടെ മുന്നറിയിപ്പിനെത്തുടർന്ന് ഇന്ത്യ ഉടനടി പ്രതിരോധം തീർത്തു. സ്ക്വാഡ്രൺ 14-ൽപ്പെട്ട 'ബുൾസ്' രണ്ട് ഹോക്കർ ഹണ്ടർ വിമാനങ്ങളിലാണ് ഇന്ത്യ തിരിച്ചടിക്കാൻ കുതിച്ചുയർന്നത്. അതിലൊന്ന് ഫ്ളൈറ്റ് ലഫ്റ്റനന്റ് ആൽഫ്രഡ് കുക്കും മറ്റൊന്ന് ഫ്ളൈയിംഗ് ഓഫീസർ സുബോധ് ചന്ദ്രമാംഗെയ്‌യും ആയിരുന്നു പറത്തിയത്. ആകാശത്തുവച്ച് പാകിസ്ഥാന്റെ എഫ്-86 സേബർ യുദ്ധവിമാനങ്ങൾ വേർപിരിഞ്ഞ് ആക്രമിക്കാൻ പദ്ധതിയിട്ടു. അത്യന്തം അപകടകരമായ രീതിയിൽ താഴ്ന്ന ഉയരത്തിൽ നടന്ന പോരാട്ടത്തിൽ നാല് പാക് വിമാനങ്ങൾ കുക്കിന്റെ ഹണ്ടർ വിമാനത്തെ വളഞ്ഞു. എന്നാൽ അല്പം പോലും മനോവീര്യം ചോരാതെ പൊരുതിയ കുക്ക്, മൂന്ന് സൈബർ വിമാനങ്ങളെ വെടിവെച്ചിട്ടു. ഒടുവിൽ ആക്രമണം ഉപേക്ഷിച്ച് കിഴക്കൻ പാകിസ്ഥാനിലേക്ക് (ഇന്നത്തെ ബംഗ്ലാദേശ്) രക്ഷപ്പെടുകയല്ലാതെ നാലാമത്തെ പാക് പൈലറ്റിനു മുന്നിൽ മറ്റു വഴികളില്ലായിരുന്നു.

# പത്ത് വർഷത്തിനിടയിൽ 17.36 ലക്ഷം പേർ മിനിമം മാർക്കില്ലാതെ പത്താം ക്ലാസ് ജയിച്ചെന്ന് റിപ്പോർട്ട്

തിരുവനന്തപുരം: 10 വർഷത്തിനിടെ എഴുത്തുപരീക്ഷയിൽ മിനിമം മാർക്ക് നേടാതെ എസ്എസ്എൽസി പരീക്ഷ പാസായത് 17.36 ലക്ഷം വിദ്യാർത്ഥികൾ. മിനിമം മാർക്ക് നടപ്പാക്കാൻ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് പൊതുവിദ്യാഭ്യാസവകുപ്പ് തയാറാക്കിയ കണക്കിലാണ് ഈ വെളിപ്പെടുത്തൽ.

2024–25 അധ്യയനവർഷം എട്ടാം ക്ലാസിലാണ് ആദ്യം മിനിമം മാർക്ക് നടപ്പാക്കിയത്. ഇതിനു മുന്നോടിയായി 2014–2024 കാലയളവിലെ എസ്എസ്എൽസി വിജയം ശാസ്ത്രീയമായി അവലോകനം ചെയ്ത് പരീക്ഷാഭവൻ സർക്കാരിനു റിപ്പോർട്ട് നൽകിയിരുന്നു. പത്തു വർഷക്കാലയളവിൽ പരീക്ഷയെഴുതിയത് 48,53,148 പേരായിരുന്നു. 2014–2018 കാലയളവിൽ ശരാശരി 96 ശതമാനം പേരും 2019–24 കാലയളവിൽ ശരാശരി 99 ശതമാനം പേരും 10–ാം ക്ലാസ് വിജയിച്ചു.

എഴുത്തു പരീക്ഷയിൽ മിനിമം മാർക്കില്ലാതെ, നിരന്തര മൂല്യനിർണയത്തിന്റെ (ഇന്റേണൽ മാർക്ക്) സഹായത്തോടെ 17,36,580 പേരാണ് വിജയിച്ചത്. നിരന്തരമൂല്യനിർണയത്തിൽ മൊത്തം 20 മാർക്കാണെങ്കിലും ആർക്കും 18 മാർക്കിൽത്താഴെ നൽകാറില്ല. അതായത്, എഴുത്തുപരീക്ഷയിൽ 12 മാർക്കുള്ള വിദ്യാർത്ഥിയും ഇന്റേണൽ മാർക്കിന്റെ പിൻബലത്തിൽ വിജയിക്കും. ഇക്കാലയളവിൽ വലിയ വിജയശതമാനമുണ്ടെങ്കിലും കുട്ടികളുടെ പഠനനിലവാരം കുറഞ്ഞതായാണ് റിപ്പോർട്ട്.

ഓരോ വിഷയത്തിലും എഴുത്തുപരീക്ഷയിൽ 30 ശതമാനം മിനിമം മാർക്ക് നിർബന്ധമാക്കാൻ തീരുമാനിച്ചത് ഈ റിപ്പോർട്ടനുസരിച്ചായിരുന്നു.

പത്താം ക്ലാസിൽ പെട്ടെന്നു നടപ്പാക്കിയാൽ, വിജയത്തെ ബാധിക്കുമെന്നതിനാൽ, ഹൈസ്കൂളിൽ പടിപടിയായി ഏർപ്പെടുത്താൻ ഉത്തരവിറക്കുകയായിരുന്നു. ഇതനുസരിച്ച് 2024-25-ൽ എട്ടാം ക്ലാസിലും 2025-26-ൽ ഒൻപതാം ക്ലാസിലും നടപ്പാക്കി. ഈ വർഷം പത്താം ക്ലാസിൽ നടപ്പാക്കാനിരിക്കേയാണ് മിനിമം മാർക്ക് ഉത്തരവ് മരവിപ്പിച്ചത്. ഇതു നടപ്പാക്കിയാൽ വിജയം 60-65 ശതമാനമായി കുറയുമെന്നും പ്ലസ് വൺ പ്രവേശനത്തെ ബാധിക്കുമെന്നുമുള്ള ആശങ്കയിലാണ് സർക്കാരിന്റെ പിന്മാറ്റം.

# ക്യുഎസ് റാങ്കിംഗിൽ ആദ്യ നൂറിൽ ഇടം നേടാനാകാതെ ഇന്ത്യൻ സർവകലാശാലകൾ

ന്യൂഡൽഹി: ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ് 2027-ലെ പട്ടികയിൽ ആദ്യ നൂറിൽ ഇന്ത്യയിൽനിന്ന് ഒറ്റ സർവകലാശാലകൾക്കുപോലും ഇടംനേടാൻ സാധിച്ചില്ല. വിദ്യാർത്ഥികൾക്കും തൊഴിൽദാതാക്കൾക്കുമിടയിൽ ഏറ്റവും കൂടുതൽ സ്വീകാര്യതയുള്ള ആഗോള യൂണിവേഴ്സിറ്റി റാങ്കിംഗ് ഏജൻസിയുടെ ആദ്യ ഇരുനൂറിനുള്ളിലെ റാങ്ക് നേടാൻ പോലും സാധിച്ചത് മൂന്ന് ഇന്ത്യൻ സർവകലാശാലകൾക്കു മാത്രമാണ്. 65.7 സ്കോറുമായി 118–ാം റാങ്ക് നേടിയ ഡൽഹി ഐഐടിയും 63.9 സ്കോറുമായി 134–ാം റാങ്ക് നേടിയ ബോംബെ ഐഐടിയും 59.3 സ്കോറുമായി 170–ാം റാങ്ക് നേടിയ മദ്രാസ് ഐഐടിയുമാണ് റാങ്കിംഗിൽ ആദ്യ ഇരുനൂറിനുള്ളിൽ ഉൾപ്പെട്ട ഇന്ത്യൻ സർവകലാശാലകൾ. ഖരഗ്പൂർ ഐഐടി 205–ാം സ്ഥാനത്തും ബംഗളൂരു ഐഐടിയും കാൺപൂർ ഐഐടിയും 221–ാം സ്ഥാനത്തുമുണ്ട്. ആഗോളതലത്തിൽ അമേരിക്കയിലെയും യുകെയിലെയും സർവകലാശാലകളാണ് ഇത്തവണയും മുൻനിരയിലുള്ളത്. 100 സ്കോറുമായി യുഎസിലെ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയാണ് ഒന്നാമതുള്ളത്. രണ്ടാം സ്ഥാനത്ത് 99.2 സ്കോറുകളുമായി ഇംപീരിയൽ കോളജ് ലണ്ടനും യുകെയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയുമാണ്. യുകെയിലെ യൂണിവേഴ്സിറ്റി ഓഫ് ഓക്സ്ഫഡും യുഎസിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയും യഥാക്രമം നാലും അഞ്ചും സ്ഥാനത്താണ്.

ലോകമെമ്പാടുമുള്ള 1,500–ലധികം സർവകലാശാലകളെ വിശദമായി വിലയിരുത്തിയാണ് ക്യുഎസ് റാങ്കിംഗ് തയാറാക്കുന്നത്. യൂണിവേഴ്സിറ്റികളുടെ മികച്ച പ്രകടനം വിലയിരുത്തുന്നതും റാങ്ക് നൽകുന്നതും അക്കാദമിക് പ്രശസ്തി, തൊഴിൽസാധ്യതകൾ, ബിരുദധാരികളുടെ നേട്ടങ്ങൾ, ഗവേഷണ മികവ്, വിദ്യാർത്ഥികളുടെ അനുഭവം, അന്താരാഷ്ട്ര അവസരങ്ങൾ എന്നിങ്ങനെ പല ഘടകങ്ങൾ പരിശോധിച്ചാണ്. യുകെ ആസ്ഥാനമായുള്ള ക്വാക്വരെല്ലി സൈമണ്ട്സ് എന്ന ഏജൻസിയുടെ കീഴിലാണ് ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ് എല്ലാവർഷവും പുറത്തുവിടുന്നത്.

## മഴക്കെടുതി

(ഒന്നാം പേജിൽ നിന്നും)

സഞ്ജയ്ദാസിന്റെ ഭാര്യ സജിത എന്നിവരെയാണ് കാണാതായത്. ഞായറാഴ്ച നാലരയോടെ മൂന്നാർ കൊട്ടാക്കമ്പൂർ അമ്മൻകോവിൽ ഭാഗത്തെ കൃഷിസ്ഥലത്തെ ഷെഡ്ഡിലേക്ക് മഴവെള്ളപ്പാച്ചിലിനൊപ്പം മണ്ണിടിഞ്ഞ് കൊട്ടാക്കമ്പൂർ സ്വദേശികളായ ബാലകൃഷ്ണൻ (50), ചിന്നു (36) എന്നിവരാണ് മരിച്ചത്. ബാലകൃഷ്ണന്റെ ഭാര്യ മാരിയമ്മ(46)യെ പരുക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ചിന്നുവിന്റെ ഭർത്താവ്: ചിന്നമണി. മക്കൾ: വിഷ്ണു, മേഘ. ബാലകൃഷ്ണന്റെ മക്കൾ: വിജയലക്ഷ്മി, ലോകേഷ്, നന്ദിനി.

ഈരാട്ടുപേട്ട-വാഗമൺ റോഡിൽ വേലത്തുശ്ശേരിയിൽ 20-ന് ഞായറാഴ്ച അഞ്ചോടെ പുരയിടത്തിന്റെ സംരക്ഷണഭിത്തിയിടിഞ്ഞ്, മറ്റൊരു യുവതിയുമൊത്ത് സ്കൂട്ടറിൽ സഞ്ചരിക്കുകയായിരുന്ന ചെന്നൈ സ്വദേശിനി സംഗീതാ അരുൾ ലാൽ (35) മരിച്ചു. പൂഞ്ഞാർ തെക്കേക്കര പെരുങ്ങുളത്ത് ഉറവപ്പാവിൽ വീടിനുമുകളിലേക്ക് മണ്ണിടിഞ്ഞുവീണ് ചേലകാട്ട് വീട്ടിൽ ജോസഫ് (അപ്പച്ചൻ-80) മരിച്ചു.

മണ്ണിനടിയിൽപ്പെട്ട, ജോസഫിന്റെ മക്കളായ ജിമ്മി (36), ഡെന്നീസ് (32) എന്നിവരെ രക്ഷിച്ച് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തൊട്ടടുത്ത വീട്ടിൽ താമസിച്ചിരുന്ന മണിയൻകല്ലേൽ ജോസഫും (അപ്പച്ചൻ) ഭാര്യ കുഞ്ഞൂഞ്ഞമ്മയും രക്ഷപ്പെട്ടു.

# ഡൽഹിയിൽ വീണ്ടും കൂട്ടബലാൽസംഗം

ന്യൂഡൽഹി: രാജ്യതലസ്ഥാനത്ത് പതിനാറുകാരിയെ കൂട്ടബലാൽസംഗത്തിന് ഇരയാക്കിയശേഷം കൊലപ്പെടുത്തി ആളൊഴിഞ്ഞ സ്ഥലത്ത് ഉപേക്ഷിച്ചു. മൃതദേഹം തെരുവ്നായ്ക്കൾ ഭക്ഷിച്ച നിലയിൽ കണ്ടെത്തി. നാല് പ്രതികളെ പോലീസ് പിടികൂടി. ഇവരിൽ മൂന്നുപേർ പ്രായപൂർത്തിയാകാത്തവരാണ്. പെൺകുട്ടിയെ കാണാതായതായി വീട്ടുകാർ പരാതി നല്കിയിരുന്നില്ല. ഇടയ്ക്കിടെ കുട്ടി വീട്‌വിട്ട് പോകാറുണ്ടായിരുന്നുവെന്നും അതിനാൽ സംശയിച്ചില്ലെന്നുമാണ് കുടുംബം പോലീസിൽ അറിയിച്ചത്. ഔട്ടർ ഡൽഹിയിലെ സ്വരൂപ് നഗറിൽ സെപ്റ്റംബർ 10-ന് രാത്രിയിലാണ് സംഭവം. പ്രതികളിൽ ഒരാളുമായി അടുപ്പമുള്ള പെൺകുട്ടി അയാളെ കാണാനായി വീട്ടിൽനിന്ന് പോയത്. ഇയാൾ മൂന്നു സുഹൃത്തുക്കളെയും വിളിച്ചുവരുത്തി. കൂട്ടത്തിൽ ഒരാളുടെ ചരക്കുവാഹനത്തിൽ പെൺകുട്ടിയുമായി ആളൊഴിഞ്ഞ സ്ഥലത്തേക്കു പോയി. ഇവിടെവെച്ച് മദ്യപിച്ചതായും കൂട്ടബലാത്സംഗം ചെയ്തതായും സമ്മതിച്ചു. പിന്നീട് പെൺകുട്ടിയെ കുത്തിക്കൊന്ന് മൃതദേഹം ഉപേക്ഷിച്ചു രക്ഷപ്പെട്ടു. തിരിച്ചറിയാൻ സാധിക്കാത്ത വിധത്തിൽ മൃതദേഹം അഴുകി വികൃതമായിരുന്നുവെന്ന് പോലീസ് പറഞ്ഞു. ശരീരമാസകലം കുത്തേറ്റ പാടുകളുണ്ട്. ഒരു കൈ തെരുവിനായക്കൾ കടിച്ചു പറിച്ച് ശരീരത്തിൽ നിന്ന് വേർപെട്ടിരുന്നു. പോസ്റ്റ്മോർട്ടത്തിൽ ബലാൽസംഗം വ്യക്തമായി. 19-കാരനായ ശിവം ആണ് പ്രതികളിൽ പ്രായപൂർത്തിയായത്.

# അഞ്ചുവർഷത്തിനുള്ളിൽ 100 പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ലക്ഷ്യമിട്ട് സർക്കാർ

കൊച്ചി: അടുത്ത അഞ്ച് വർഷത്തിനുള്ളിൽ 100 പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കാനാണ് സംസ്ഥാനസർക്കാർ ലക്ഷ്യമിടുന്നതെന്ന് ടൂറിസം മന്ത്രിപി.സി. വിഷ്ണുനാഥ്. വർഷംതോറും 20 ടൂറിസം ഡെസ്റ്റിനേഷനുകളാണ് വികസിപ്പിക്കുന്നത്. ടൂറിസം വ്യവസായ പങ്കാളികളുമായി സഹകരിച്ചാണ് പുതിയ ഡെസ്റ്റിനേഷനുകൾ കണ്ടെത്തുക. ഇവിടങ്ങളിലെ അടിസ്ഥാനസൗകര്യ വികസനം സർക്കാർ നടത്തുമെന്നും മന്ത്രി അറിയിച്ചു. രാജ്യത്തെ ഏറ്റവും വാണിജ്യ മേഖലയായ കേരള ട്രാവൽ മാർട്ടിന്റെ (കെടിഎം 2026) ഒരുക്കങ്ങൾ മാധ്യമങ്ങളോടു വിശദീകരിക്കുകയായിരുന്നു മന്ത്രി. 24-ന് ബോൾഗാട്ടിയിലെ ഹയാത്ത് കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. 25 മുതൽ 27 വരെ കൊച്ചി വെല്ലിംഗ്ടൺ ഐലൻഡിലെ സാഗര-സാമുദ്രിക കൺവെൻഷൻ സെന്ററിലാണ് ട്രാവൽമാർട്ടിന്റെ ഭാഗമായുള്ള ബിസിനസ് മീറ്റുകൾ നടക്കുക. ദേശീയ അന്തർദേശീയ മാധ്യമ പ്രവർത്തകരുടെ പങ്കാളിത്തവും കെടിഎമ്മിലുണ്ട്. ബിസിനസ് കൂടിക്കാഴ്ചകൾ, ദേശീയ, അന്തർദേശീയ ടൂറിസം വിദഗ്ദരുടെ യോഗങ്ങൾ, സെമിനാറുകൾ, പോസ്റ്റ് മാർട്ട് ടൂറുകൾ എന്നിവയുണ്ടാകും.

# ലഹരിക്കേസിൽ തൊടുപുഴ മുൻ ചെയർപേഴ്സൺ പിടിയിൽ

തൊടുപുഴ: രാസലഹരി ഉപയോഗിക്കുന്നതിനിടയിൽ തൊടുപുഴ നഗരസഭ മുൻ ചെയർപേഴ്സൺ പോലീസിന്റെ പിടിയിലായി. കുന്നം പാറയ്ക്കൽ സനീഷ് ജോർജ്, സുഹൃത്തും അയൽവാസിയുമായ വേലംപറമ്പിൽ നിസാർ മുഹമ്മദ് എന്നിവരാണ് പോലീസിന്റെ പിടിയിലായത്. ഏഴല്ലൂർ ചോറുതോട്ടിൻകര റോഡിൽ ഏഴല്ലൂർ ക്ഷേത്രത്തിനു സമീപത്തുനിന്നാണ് ഇരുവരും പിടിയിലായത്. ഇവർ സഞ്ചരിച്ചിരുന്ന സ്കൂട്ടറിൽ നിന്ന് എംഡിഎംഎയുടെ അംശമുള്ള കവറും വലിക്കാൻ ഉപയോഗിക്കുന്ന ഗ്ലാസ് ഫ്യൂമറും ഉൾപ്പെടെയാണ് പിടിച്ചത്. പിടിയിലാകുമ്പോൾ ഇരുവരും ലഹരി ഉപയോഗിച്ചിരുന്ന നിലയിലായിരുന്നെന്ന് കാളിയാർ പോലീസ് പറഞ്ഞു. നാളുകളായി നിരീക്ഷണത്തിലായിരുന്ന സനീഷിനെ തൊടുപുഴ ഡിവൈഎസ്പിയുടെ ആന്റി നാർക്കോട്ടിക് സ്പെഷൽ സ്ക്വാഡ് പോലീസിന്റെ ലഹരിവിരുദ്ധ പദ്ധതിയായ ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി നടത്തിയ പരിശോധനയിലാണ് ഇവരെ പിടികൂടിയത്. ഇരുവർക്കുമെതിരെ കേസെടുത്ത് നോട്ടീസ് നല്കിയതായി പോലീസ് അറിയിച്ചു.

കഴിഞ്ഞ ഭരണസമിതിയുടെ കാലത്താണ് യുഡിഎഫ് വിമതനായി മത്സരിച്ചു ജയിച്ച സനീഷ് ജോർജ് എൽഡിഎഫ് പിന്തുണയിൽ ചെയർമാനായത്. കൈക്കൂലിക്കേസിൽ പ്രതിയായതോടെ 2024-ൽ നഗരസഭ ചെയർപേഴ്സൺ സ്ഥാനം രാജിവെക്കേണ്ടിയും വന്നു. സ്കൂൾ കെട്ടിടത്തിനു ഫിറ്റ്നസ് നല്കുന്നതിനായി നഗരസഭ എൻജിനീയർ കൈക്കൂലി വാങ്ങിയ കേസിലാണ് സനീഷ് ജോർജ് പ്രതിയായത്.


DOULOS
BIBLICAL SEMINARY
DOULOS INTERNATIONAL MINISTRIES INC.
VECHOOCHIRA, RANNI
www.doulosvechoochira.org.
26 Years in Ministry
C.Th.
B.Th.
M.Div.
M.Th.
2026- 2027 ADMISSION OPEN STARTING
(Malayalam & English)
zoom
ACCESSIBLE FROM INDIA, GULF, EUROPE CANADA & USA
ACCREDITED BY NATA. RECOGNIZED BY IPC GENERAL COUNCIL.
Pr. Dr. V. P. Jose
Pr. Dr. John K. Mathew
Pr. Reji Mooledom
Pr. Dr. B. Varghese
Pr. Dr. O. M. Rajukutty
Pr. P. T. Thomas
Pr. Dr. Binu Alumoottil
Pr. Dr. Biju Eapen
Pr. Dr. Alan Pallivadakkan
Pr. Dr. Lalachan Abraham
Pr. Dr. Suju John
Pr. Y. Daniel
Pr. James Abraham
Pr. John Mammen
Pr. Moncy Mammen
Pr. Jai Thomas
Pr. Jomon Jacob
Pr. Syalan Chacko
Pr. A. T. Johnson
Pr. P. S. Cherian
CONTACT +91 9164603370
DOULOS BIBLICAL SEMINARY
26 വർഷങ്ങൾക്ക് മുമ്പ് ദൈവകൃപയിൽ ആശ്രയിച്ച് വെച്ചൂച്ചിറയിൽ ആരംഭിച്ച പ്രസ്തുത സെമിനാരിയുടെ അടുത്ത സെമസ്റ്റർ സെപ്റ്റംബർ ആദ്യ ആഴ്ചയിൽ ആരംഭിക്കുകയാണ് ഇതിനോടകമായി രണ്ടായിരത്തിലധികം വേദവിദ്യാർഥികളെ ദൈവ വചനം അഭ്യസിപ്പിക്കുവാൻ ദൈവം കൃപ ചെയ്തു.
ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള ക്ലാസുകൾ ആത്മീയരും സമർപ്പിതരും വചന പണ്ഡിതരുമായ അദ്ധ്യാപകർ കൈകാര്യം ചെയ്യുന്നു.
Pr. Dr. O.M. RAJUKUTTY (Chairman WME)
Pr. Dr. B. VARGHESE (Former Principal, FTS Manakala)
Pr. Dr. JOHN. K. MATHEW (Former Vice Principal, India Bible College, Kumbanad)
Pr. Dr. SUJU JOHN (Former Principal, Mount Zion Bible Seminary, Mulakkuzha)
Pr. P. T. THOMAS (Well Known Bible Scholar)
എന്നിവരെ കൂടാതെ പ്രശസ്ത വേദാധ്യാപകരായ Pr. Dr. BINU ALUMOOTTIL, Pr.REJI MOOLEDOM, Pr. Dr. ALLEN PALLIVADAKKAN, Pr. Dr. BIJU EAPEN, Pr. Dr. LALACHAN ABRAHAM, Pr. Y. DANIEL, Pr.JAMES ABRAHAM, Pr. MONCY MAMMEN, Pr.JOMON JACOB, Pr. JOHN MAMMEN, Pr. JAI THOMAS, Pr. A. T JOHNSON, Pr. P. S CHERIAN, Pr. SYALAN CHACKO തുടങ്ങിയവരും ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.
Pr. SHINTO JOHNSON, Pr. SAJAN SAMUEL, Br. RAJAN Ariyappallil, Evg. BENNY Kochuvadakel, Br. PETER MATHEW Valliath എന്നിവർ ബോർഡ് മെമ്പേഴ്സ് ആയി സേവനം ചെയ്യുന്നു.
ഞാൻ ആരെ അയക്കേണ്ടു ?
ആർ നമുക്ക് വേണ്ടി പോകും ?
യെശയ്യാവ് 6: 8


MIDWEST
WINDOWS & DOORS
45% OFF FOR WINDOWS
40% OFF FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
FOR BOOKING
ABRAHAM THANNIKARI
+1 346- 285-1633
athannikari@hotmail.com
JENNI THANNIKARI
+1 713-280-8688
SOBHANA
+91 965 616 8399




Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**